# THE MALANKARA SABHA

ഡിസംബർ 2012



# മലങ്കരസഭ


Rs. 15

The Official Media of Malankara Orthodox Syrian Church




ക്രിസ്തുമസ്- നവവത്സരാശംസകൾ..!






# St. Mary's Orthodox Church of India
# Bronx, New York

40th Anniversary Celebrations

## Catholicate Centenary Celebrations
## Sunday, September 9, 2012






***Dignitaries for Friday, September 7, 2012***



***His Grace, Bishop Michael***


Bishop of NY & NJ

Administrator of the Orthodox Church in America




***His Eminence Archbishop Yeghishe Gizirian***

Former Primate of England, Armenian Church




***Right Rev. Johncy Itty, PhD***

Bishop of the Episcopal Church & Chairman of the Board of Directors of Church World Service



***Very Rev. Dr. Chad Hatfield***


Chancellor, CEO & Adjunct Professor of Missiology at St. Vladimir's Orthodox Theological Seminary



# മലങ്കരസഭ


ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 12, പുസ്തകം 69, ഡിസംബർ 2012



**5** മഹാപുരോഹിത സന്ദേശം

**6** എഡിറ്റോറിയൽ
മലയാളം സർവ്വകലാശാല: തുഞ്ചൻ...
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**8** പ്രഭാഷണം
കാതോലിക്കേറ്റ്: പുതുയുഗത്തിന്റെ കാഹളം
- പ. കാതോലിക്കാ ബാവാ

**10** പ്രഭാഷണം
കാതോലിക്കേറ്റ്: ദേശീയവും സ്വാതന്ത്ര്യവും
- ഡോ. മാത്യൂസ് മാർ സേവേറിയോസ്

**15** ലേഖനം
ക്രിസ്തു പിറക്കട്ടെ
- കുഞ്ഞുമോൻ വാരിക്കാട്

**32** ശതാബ്ദി
ദൈവത്തെ അറിഞ്ഞ മനുഷ്യൻ
- ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത

**19** കാലികം
സത്നാംസിംഗ് ഉയർത്തുന്ന...
- ഫാ. ഷാലു ലൂക്കോസ്

**26** ലേഖനം
തെവദ്രോസ് മാർപാപ്പാ
- വർഗീസ് ജോൺ തോട്ടപ്പുഴ

**23** ഗസ്റ്റ്
സ്നേഹ വിശ്വാസത്തിന്റെ ഇളവെയിലേറ്റ്...
- കെ. ജയകുമാർ

**24** നമ്മിലൊരാൾ
ജീവിതവും ബാങ്കും എന്റെ സഭയ്ക്കായി...
- ഇ. ജെ. ജോസഫ്, എറികാട്

**30** ആരോഗ്യവേദി
സ്ത്രീകളും അർബുദവും
- ഡോ. ടി. അനുരാധ

ധ്യാനപംക്തി, വനിതാസഭ, പിൻമൊഴി, സമ്യഗ് ദർശനം, വാർത്തകൾ, കത്തുകൾ, ചുറ്റുവട്ടം.



President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Thomas P. Mukalil for
Orthodox Viswasa Paripalana
Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queiries
articlemalnkara@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-


## BRIEFLY

മലങ്കരസഭയുടെ 1960-ാം വാർഷികവും കാതോലിക്കേറ്റിന്റെ ശതാബ്ദിയും അനുബന്ധിച്ച് എറണാകുളത്തു നടന്ന മഹാസംഗമം വിജയപ്രദമാക്കുവാൻ സംബന്ധിച്ചവരോടും സഹകരിച്ചവരോടും പ. ബാവാ നന്ദി പ്രകാശിപ്പിച്ചു.

മൂന്ന് നോമ്പ് ആരംഭം 2013 ജനു. 21; വലിയ നോമ്പാരംഭം ഫെബ്രു.11; ഈസ്റ്റർ മാർച്ച് 31

വിദ്യാർത്ഥി പ്രസ്ഥാനം 104-ാമത് ഗ്ലോബൽ കോൺഫ്രൻസ് ഡിസം. 26-30 വരെ മഹാരാഷ്ട്രയിലെ റോഹായിൽ നടത്തും.



എല്ലാവർക്കും അനുഗ്രഹങ്ങൾ നിറഞ്ഞ ക്രിസ്തുമസും, നന്മകൾകൊണ്ടു സമ്പന്നമായ പുതുവത്സരവും ആശംസിക്കുന്നു.
- മലങ്കരസഭ മാസിക

മലങ്കരസഭ

12 ഡിസംബർ 2012

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം



EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 0481-2578500

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

***Graphic Designing:-***
Jinto Kurichy at
Malankara Sabha, Devalokam.

***Cover Design & Photo:-***
Father 'N' Mayar Innovative Concepts



## വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റ പ്രതി:15 രൂപ
ഒരു വർഷം: 150 രൂപ
3 വർഷം: 450 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004


# ഗുരുമൊഴി

## ഗീവർഗീസ് മാർ ഈവാനിയോസ്



ഓർത്തഡോക്സ് പാരമ്പര്യത്തിൽ ജന്മദിനമില്ല. നാമദിനമേയുള്ളു. ഞാൻ ജന്മദിനം എന്നു പറയാറില്ല. അത് ആഘോഷിക്കാറുമില്ല. ഇപ്പോൾ ഞാൻ 73 ലേക്ക് പ്രവേശിച്ചു. വാകത്താനത്തിനടുത്ത് വന്നത് 1990 കളിലാണ്. ആദ്യം 35 സെന്റ് സ്ഥലം വാങ്ങി. പിന്നെ 35 കൂടി കിട്ടി. ഒരു ദയറ ആരംഭിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ ഈ സ്ഥലത്ത് എങ്ങനെ ദയറാ തുടങ്ങും. പ്രത്യേകിച്ച് മലയുടെ മുകളിൽ. നടന്നു കയറുക പ്രയാസവുമാണ്.

ഇതിനുചുറ്റുമുള്ള ഏഴ് ഏക്കർ വിൽപ്പനയ്ക്കുവന്നു. ഈ സ്ഥലം കണ്ടാൽ ആരും തിരിഞ്ഞു നോക്കത്തില്ല. എന്നാലും ഈ സ്ഥലം വാങ്ങി. ബാങ്കിൽ നിന്നും പണം കടം എടുത്തു. തിരിച്ചു അടയ്ക്കാൻ പറ്റും എന്നു കരുതിയില്ല. റോഡരികിലുള്ള സ്ഥലം വിറ്റ് കടം വീട്ടി. ഇതൊരു പട്ടിക്കാടായിരുന്നു. കപ്പക്കാട് എന്നും പറയാം. ചീങ്ക പ്രദേശം; കൃഷി ഉണ്ടാകത്തില്ല. ആർക്കും വേണ്ടാതെ കിടന്നു. ഇപ്പോൾ കാണുന്ന വൃക്ഷങ്ങൾ എല്ലാം ഞാൻ വെച്ചുപിടിപ്പിച്ചതാണ്. ഇത് ദയറായുടെ സ്ഥലമായി തീർന്നപ്പോൾ സമൃദ്ധി ഉണ്ടായി. താഴെ കണ്ടത്തിലാണ് കുളം കുത്തിയത്. അവിടെ നിന്നുമാണ് വെള്ളം വരുന്നത്. അങ്ങനെ ദയറ വളർന്നു. ഇവിടെ അനവധിപേർ താമസിക്കുന്നു. പ്രാർത്ഥിക്കുന്നു. വൈദികരും സെമിനാരിയിൽപ്പോകുന്നവരും ഉണ്ട്. വൈദികരാകുവാൻ ആഗ്രഹിക്കുന്നവർ ഓറിയന്റേഷൻ കോഴ്സ് സെമിനാരിയിൽ പോകുന്നതിന് മുമ്പ് ഇവിടെ താമസിച്ച് ഒരു വർഷം പഠിക്കണം. ക്രമമായി പ്രാർത്ഥിക്കും. ഉപവസിക്കും, ആരാധിക്കും. വേദപുസ്തകം വായിക്കും ആദ്ധ്യാത്മ ശിക്ഷണത്തിനുള്ള കാര്യങ്ങൾ അടിസ്ഥാനപരമായി പഠിപ്പിക്കും. ഈ പ്രത്യേക പരിശീലനം കഠിനതരമാണ് അതിന്റേതായ മാറ്റം ഇടവകകളിൽ കാണുന്നുണ്ട്.

ഓർത്തഡോക്സ് സഭകൾ പ്രാധാന്യം നൽകിയത് ആശ്രമങ്ങൾക്കാണ്. ആശ്രമം വളർന്നില്ലെങ്കിൽ സഭ വളരുകയില്ല. നമ്മുടെ ചുറ്റുപാടുമുള്ള സഭകൾ വളരെ മുൻപന്തിയിലാണ്. ആശ്രമത്തിനും മഠത്തിനും പ്രത്യേകം പ്രാധാന്യം നൽകുന്നു. സന്യാസ പ്രസ്ഥാനങ്ങൾ വളർത്തിയെടുക്കുന്നതിന് അനവധി പ്രതിസന്ധികൾ ഉണ്ടെങ്കിലും അവ ഫലപ്രദമായി വളർന്നു വരുന്നു. സന്യാസ പ്രസ്ഥാനം വളരുന്നതിൽ ഇടവകയിലെ വൈദികർക്ക് പ്രധാന ഉത്തരവാദിത്തമുണ്ട്. ദൈവവിളിയുള്ള യുവതിയുവാക്കളെ കണ്ടെത്തി വളർത്തി കൊണ്ടുവരുവാൻ കഴിയണം. ദയറാ പ്രസ്ഥാനത്തിൽ കൂടിയാണ് സഭ വളരുന്നത്.

റഷ്യൻ സഭയെ കമ്മ്യൂണിസ്റ്റുകാർ നശിപ്പിച്ചു. എല്ലാവരും ചിതറിപ്പോയി. അതു ദോഷമായില്ല. ചിതറിപ്പോയിടത്ത് എല്ലാം അവർ ആശ്രമങ്ങളും മഠങ്ങളും സ്ഥാപിച്ച് സഭ വളർത്തി. കമ്യൂണിസ്റ്റുകാർ റക്ഷ്യയിലെ ഓർത്തഡോക്സ് സഭയെ നശിപ്പിച്ചെങ്കിലും സഭ വളർന്നു. എന്നാൽ ഇപ്പോൾ റഷ്യയിൽ കമ്മ്യൂണിസ്റ്റുകാർ ഇല്ല. കമ്യൂണിസം തകർന്നു.ആശ്രമത്തിലൂടെയാണ് ജനത്തിന് ആശ്വാസവും അനുതാപവും പ്രകാശവും പകരുന്നത്. അതിനാൽ സഭയിൽ നല്ല ആശ്രമങ്ങൾ വളരണം 'സന്യാസികൾ ഉണ്ടാകണം ഈ സ്ഥലത്ത് മരം വളരുമെന്ന് എനിക്ക് വിശ്വാസമില്ലായിരുന്നു. എന്നാൽ വെച്ച മരങ്ങൾ എല്ലാം വളർന്നു. ഇതിന്റെ വളർച്ചയിൽ സഭ അനുഗ്രഹിക്കപ്പെടും. ഭദ്രാസനം അനുഗ്രഹിക്കപ്പെടും. എല്ലാം അനുഗ്രഹിക്കപ്പെടും.

(ഞാലിയാകുഴി മാർ ബസ്സേലിയോസ് ദയറായിൽ
2012 നവം. 14-ന് വൈകിട്ട് നടത്തിയ പ്രഭാഷണം)

# മഹാപുരോഹിത സന്ദേശം




പരിശുദ്ധ സഭയുടെ യശസ്സ് വാനോളം ഉയരത്തക്കരീതിയിൽ ഏറ്റം അനുഗ്രഹപ്രദമായി കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനം പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരിശുദ്ധ സഭയെ ജീവനുതുല്യം സ്നേഹിക്കുന്ന നിങ്ങൾ ഓരോരുത്തരും സാന്നിദ്ധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും ഈ മഹാസമ്മേളനത്തിന്റെ വിജയത്തിനായി ഒരുമനസ്സോടെ പ്രവർത്തിച്ചു എന്നത് ഏറെ സന്തോഷത്തോടുകൂടി നാം ഓർക്കുന്നു. 2012 നവംബർ 25-ാം തീയതി എറണാകുളം മറൈൻഡ്രൈവിൽ നടന്ന ശതാബ്ദി മഹാസമ്മേളനവും അനുബന്ധ പരിപാടികളും സഭാ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു പുതിയ അദ്ധ്യായം രചിച്ചിരിക്കുകയാണ്. പരിശുദ്ധ സഭയുടെ തദ്ദേശീയ സ്വഭാവവും പൗരാണികതയും സ്വാതന്ത്ര്യവും ആഗോളതലത്തിൽ അംഗീകരിക്കപ്പെടത്തക്കവിധം, മാതൃകാപരമായി ഈ മഹാസമ്മേളനം നടത്തുന്നതിന് യത്നിച്ച ഏവരോടുമുള്ള നമ്മുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു. പരിശുദ്ധ സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മുടെ കരങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് കാതോലിക്കേറ്റിന്റെ കാവൽ ഭടരായി തുടർന്നും നിങ്ങൾ ഏവരും നിലകൊള്ളണമെന്ന് നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

പ്രിയരെ, സ്വർഗ്ഗം ഭൂമിയോട് നിരപ്പാവുകയും, സർവ്വ സൃഷ്ടിയേയും രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരികയും ചെയ്ത മഹത്വകരമായ പെരുന്നാളാണ് യെൽദോ പെരുന്നാൾ. അസമാധാനത്തിന്റെയും അസംതൃപ്തിയുടെയും ആസക്തികളുടെയും ചൂഷണങ്ങളുടെയും ലോകത്ത് ക്രിസ്തുമസ് നൽകുന്ന സന്ദേശം നമുക്ക് പ്രത്യാശ പകരുന്നു. ദൈവത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവപുത്രനിൽകൂടി കരഗതമായ നിത്യജീവന്റെ പൂർണ്ണതയിൽ വളരുവാൻ സഭാ മക്കൾക്ക് സാധിക്കണം. ആധുനിക ജീവിതത്തിന്റെ തിരക്കുകളിൽപ്പെട്ട് നാം കാണാതെ പോകുന്ന കാഴ്ചകളെയും, നാം കേൾക്കാതെ പോകുന്ന സ്വരങ്ങളെയും കുറിച്ചുള്ള ദൈവാശ്രയത്തോടുകൂടിയ അന്വേഷണം ക്രിസ്തുമസ് നമ്മോട് ആവശ്യപ്പെടുന്നു. നാം കാണുന്ന നക്ഷത്രം ദൈവസാന്നിദ്ധ്യമുള്ള ഇടങ്ങളിലേക്ക് നമ്മെ നയിക്കുന്ന പ്രകാശമാണെന്ന വിശ്വാസവും തിരിച്ചറിവുമാണ് പ്രധാനം. നമുക്ക് ചുറ്റുമുള്ള ദരിദ്രരുടെയും പീഡിതരുടെയും അനാഥരുടെയും നിരാലംബരുടെയും യാചനാശബ്ദങ്ങൾക്ക് മുമ്പിൽ നമ്മുടെ ഹൃദയവും മനസ്സും തുറക്കപ്പെടണം. എങ്കിൽ മാത്രമേ ക്രിസ്തു പിറക്കുന്ന പുൽക്കൂടുകളായി നമുക്ക് മാറുവാൻ കഴിയൂ. പരിശുദ്ധാത്മ പുതുക്കത്തിന്റെയും ആത്മീയ സന്തോഷത്തിന്റെയും നിറവുള്ള ഒരു ക്രിസ്തുമസും, അനുഗ്രഹപ്രദമായ ഒരു പുതുവത്സരവും ദൈവംതമ്പുരാൻ നിങ്ങൾക്ക് നൽകട്ടെ എന്ന് നിറഞ്ഞ ഹൃദയത്തോടെ നാം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

**EDITORIAL**

# മലയാളം സർവ്വകലാശാല: തുഞ്ചൻ പറമ്പിൽ ഹരിശ്രീ



# MALAYALAM

## Sarvakalasala, Thunchenparampil

2013 ഒക്ടോ. 31 വരെ
'ഭരണഭാഷ - മാതൃഭാഷ'
എന്ന മുദ്രാവാക്യത്തോടെ
മാതൃഭാഷാ വർഷാചരണം.
മലയാള ഭാഷാ പ്രതിജ്ഞ:
സ്ക്കൂളുകളിൽ
ഭരണഭാഷാ പ്രതിജ്ഞ:
ഓഫീസുകളിൽ.

'
മലയാളം. ഭാഷയുടെ പേരായിരുന്നില്ല.
ദേശ നാമമായിരുന്നു. മല എന്നാൽ കുന്ന്.
അളം-കടൽ, തീരം, പ്രദേശം, കുഴി എന്നർത്ഥം.
'മലയാളം' കുന്നും കുഴിയും നിറഞ്ഞ ഭൂപ്രകൃതി.
മലയ്ക്കും അഴിക്കും മദ്ധ്യേയുള്ള ദേശം.
മലയോട് ചേർന്നു കിടക്കുന്ന അളം അഥവാ ദേശം.

മലയും അളവും ചേർന്നതാണ് മലയാളം.
മലയാളം ഇപ്പോൾ നമ്മുടെ മാതൃഭാഷ.

(ശബ്ദതാരാവലി/മലയാള സാഹിത്യ ചരിത്രം)

'ആറു മലയാളിക്കു നൂറു മലയാളം.
അര മലയാളിക്കുമൊരു മലയാളം
ഒരു മലയാളിക്കും മലയാളമില്ല'.

(കുഞ്ഞുണ്ണി)
'

മലയാള ഭാഷയുടെ കിളികൊഞ്ചൽ തീർത്ത തുഞ്ചൻ പറമ്പിൽ മലയാളം സർവ്വകലാശാലയ്ക്ക് ഹരിശ്രീ. മലയാള ഭാഷയുടെ അത്യുന്നത വിദ്യാപീഠമായ തുഞ്ചത്ത് എഴുത്തച്ചൻ മലയാളം സർവ്വകലാശാല 2012 നവംബർ ഒന്നിന് നിലവിൽ വന്നു. മലയാള ഭാഷയുടെയും സംസ്ക്കാരത്തിന്റെയും വിജ്ഞാന ഖനിയാകുന്ന സർവ്വകലാശാല വഴി മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭ്യമാക്കുകയാണ് ലക്ഷ്യം.

ഭാഷ, സാഹിത്യം, താരതമ്യം, പരിഭാഷ, രംഗകല, ദൃശ്യവാസ്തുവിദ്യ, സംസ്ക്കാരം, മാധ്യമം, പൈതൃക വിജ്ഞാനം എന്നീ മേഖലകളിലായി പഠന ഗവേഷണങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രന്ഥാലയം, പുരാരേഖ ശേഖരം, പൈതൃക മ്യൂസിയം, രംഗമണ്ഡപം എന്നിവയും സ്ഥാപിക്കും. കേരളത്തിന്റെ സാംസ്ക്കാരിക ഗവേഷണ പഠനത്തിന്റെ വൈജ്ഞാനിക മുദ്രയായി മലയാളം സർവ്വകലാശാലയെ വിഭാവനം ചെയ്യുന്നു. ഭാഷയുടെയും സംസ്ക്കാരത്തിന്റെയും അഭ്യുന്നതിക്കായി അതി നൂതന പഠന സങ്കേതങ്ങൾ ഉൾപ്പെടുത്തി മലയാളത്തിന് ആഗോള അംഗീകാരവും ലക്ഷ്യമിടുന്നു. എന്നാൽ കേരളത്തിലെ സർവ്വകലാശാല ഭരണ ക്രമങ്ങളിലെ രാഷ്ട്രീയ ജാതീയ വേർതിരിവുകൾ തുഞ്ചൻപറമ്പിൽ സംക്രമിച്ചാൽ മലയാളത്തിന്റെ വികസനവും തകർന്നടിയും.

മഹത്തായ സാംസ്ക്കാരിക പാരമ്പര്യമുള്ള മലയാള ഭാഷയുടെ ചരിത്രം ഒൻപതാം നൂറ്റാണ്ടിൽ ആരംഭിക്കുന്നു. എന്നാൽ ആഗോള തലത്തിൽ മൂന്നരകോടി ജനങ്ങളുടെ സംസാര ഭാഷയായ മലയാളം 2500 വർഷത്തെ സംവേദന പാരമ്പര്യം അവകാശപ്പെടുന്നു. അതിപുരാതനകാലം മുതൽ വിദേശ രാജ്യങ്ങളുമായി സംവേദിച്ച 'മലയാളത്തിൽ' സംക്രമിച്ച പരകീയ ഭാഷാപദങ്ങളുടെ ദീർഘ പാരമ്പര്യം ഈ വാദത്തെ സാധുകരിക്കുന്നു. തമിഴും സംസ്കൃ



EDITORIAL

തവും ഇംഗ്ലീഷും മലയാള ഭാഷയുടെ വികാസ പരിണാമങ്ങളിൽ മുഖ്യ പങ്ക് വഹിക്കുകയും പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പുതുതലമുറ ഇംഗ്ലീഷ് പഠനങ്ങൾക്ക് പ്രാധാന്യം നൽകിയതോടെ മലയാളത്തിന്റെ ആത്മാവ് വിജ്ഞാന മേഖലയിൽ നിന്നും അകന്നു.

ഭാഷ ഒരു സംസ്ക്കാരത്തിന്റെ ജീവനാണ്. സമൂഹത്തിന്റെയും. മലയാളം പഠിച്ചാൽ ഏതു ഭാഷാപഠനവും എളുപ്പമാണ്. മനുഷ്യന്റെ ഏതു സ്വനിമവും മലയാള ഭാഷ പഠിക്കുന്നതോടെ അനായാസമാകും. അതിനാലാണ് മലയാളിക്ക് ലോകത്തെ ഏതു ഭാഷയും അതിശീഘ്രം വഴങ്ങുന്നത്. മാതൃഭാഷയെ വിസ്മരിക്കുന്ന സമൂഹം സാമൂഹികമായും സാമ്പത്തികമായും തകരും. ഭാഷയും സംസ്ക്കാരവും ശാസ്ത്രവും സാങ്കേതികതയും മാതൃഭാഷയിൽ സംവേദിപ്പിക്കുവാൻ കഴിയുമ്പോൾ കേരളീയതയുടെ സമഗ്രമായ ഉദയം ആസന്നമാകും.

ഭാഷ മരിച്ചാൽ ഒരു സംസ്ക്കാരം തന്നെ തിരോധാനം ചെയ്യും. നാടിന്റെ സംസ്ക്കാരവും ജീവിതവും നാട്ടറിവുകളും, വായ്മൊഴി വഴക്കങ്ങളും, നാടൻ സ്വത്വവും തനിമയും അപ്രത്യക്ഷമാകും. നാട്ടുവഴക്കങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, പുരാണഇതിഹാസങ്ങൾ, വിശ്വാസ പ്രമാണങ്ങൾ എന്നിവയെല്ലാം ഇളം തലമുറയ്ക്ക് ഫലപ്രദമായി പകരുന്നത് മാതൃഭാഷയിലൂടെയാണ്. അതിനാൽ അമ്മയുടെ വാത്സല്യവും അമ്മിഞ്ഞപ്പാലിന്റെ മാധുര്യവുമുള്ളതാണ് മാതൃഭാഷയെന്ന് കവികൾ വാഴ്ത്തിപ്പാടി.

ലോകത്തുള്ള ഏഴായിരത്തോളം ഭാഷകളിൽ പകുതിയും നാമാവശേഷമാകുന്ന പശ്ചാത്തലത്തിൽ മാതൃഭാഷ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഏവർക്കുമുണ്ട്. യുനെസ്ക്കോ 2000 മുതൽ ഫെബ്രുവരി 21 മാതൃഭാഷാ ദിനമായി ആചരിക്കുന്നു. 2012 നവം. 1 മുതൽ 2013 ഒക്ടോ. 31 വരെ 'ഭരണഭാഷ-മാതൃഭാഷ' എന്ന മുദ്രാവാക്യത്തോടെ മാതൃഭാഷാ വർഷാചരണമായി കേരളവും പ്രഖ്യാപിച്ചിരിക്കുകയാണ്.

ആഗോളവൽക്കരണം സൃഷ്ടിച്ച അധിനിവേശ സംസ്ക്കാരത്തിന്റെയും ഭാഷയുടെയും സ്വാധീനത്തിൽ നിന്നും മലയാളത്തെ വിമോചിപ്പിക്കണം. മാതൃഭാഷയുടെ പ്രസക്തിയും ജനകീയതയും വീണ്ടെടുക്കുവാൻ മലയാളം സർവ്വകലാശാല വഴിയൊരുക്കണം.

തിരുവിതാംകൂർ സർവ്വകലാശാല 1937 ൽ ആരംഭിച്ചപ്പോൾ വിജ്ഞാന വിശകലനവും ബോധനവും മാതൃഭാഷയിലാകണം എന്നതായിരുന്നു ലക്ഷ്യം. കാലാന്തരത്തിൽ സർവ്വകലാശാലകളിൽ മാതൃഭാഷ 'രണ്ടാംഭാഷയായി' മാറി! അതിനാൽ മലയാളം സർവ്വകലാശാല മലയാളഭാഷയുടെ വികസനവും പരിഷ്കരണവും സംരക്ഷണവും ലക്ഷ്യമാക്കണം.

അധിനിവേശം, വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിവ മാതൃ ഭാഷ വികസനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കമ്പ്യൂട്ടർ-ഇന്റർനെറ്റ് വഴിയുള്ള ഇംഗ്ലീഷ് ഭാഷയുടെ അധിനിവേശം ശക്തിപ്പെട്ടപ്പോൾ മാതൃഭാഷകൾ മൃതഭാഷകളായി മാറ്റപ്പെടുന്നു. ഇത്തരം സാഹചര്യത്തിൽ മലയാളത്തെ കമ്പ്യൂട്ടർ സൗഹൃദത്തിലും ശാസ്ത്ര സാങ്കേതിക സൗഹൃദത്തിലും വികസിപ്പിക്കേണ്ടിയിരിക്കുന്നു.

നവീന സാങ്കേതികത ഉൾക്കൊണ്ട് സാഹിത്യം, സംസ്ക്കാരം, ശാസ്ത്രം വേദശാസ്ത്രം തുടങ്ങി എല്ലാ മേഖലകളുടെയും സമഗ്ര ബോധനം മാതൃഭാഷയിലൂടെ ലഭ്യമാക്കി ആഗോള തലത്തിൽ മലയാളത്തിന്റെ മഹത്വം ഉയർത്തുവാൻ കഴിയണം. ഭാഷാ പൈതൃക പാരമ്പര്യത്തിൽ ഈ മലയാളം വിദ്യാപീഠം കേരളീയതയുടെ സമന്വിത സാംസ്ക്കാരിക വസന്തമാകണം.

ഇന്ത്യയിലെ തെക്കൻ സംസ്ഥാനങ്ങളായ തമിഴ്നാട് (89%), ആന്ധ്ര (83%) കർണ്ണാടക (65%) എന്നിവിടങ്ങളിൽ മാതൃഭാഷ സംസാരിക്കുന്നവരുടെ എണ്ണം ക്രമാതീതമായി കുറയുകയാണ്. എങ്കിലും ഇന്ത്യയിലെ ദക്ഷിണേന്ത്യൻ ഭാഷകളിൽ സ്ഥാപിച്ച സർവ്വകലാശാലകൾ വിജ്ഞാന മേഖലകളിൽ അതിദൂരം മുന്നിലാണ്. എന്നാൽ കേരളത്തിൽ മലയാളം 96 ശതമാനം ജനങ്ങൾക്കും മാതൃഭാഷയാണ്.

കേരളത്തിൽ 'മലയാളം' പൊതുഭാഷയാണ്. എല്ലാ മതവിഭാഗത്തിൽപ്പെട്ടവരുടെയും മാതൃഭാഷയാണ്. ആരാധനാ ക്രമങ്ങളും മതഗ്രന്ഥങ്ങളും മാതൃഭാഷയിലാക്കി ഹൃദ്യമായി സംവേദിക്കുന്ന പാരമ്പര്യമാണുള്ളത്. കേരളത്തിലെ മതേതരത്വത്തിന്റെ ശക്തമായ സ്രോതസ്സ് മലയാളം ഭാഷ തന്നെയാണ്. ശുദ്ധമലയാളത്തിന്റെ പ്രചരണത്തിൽ ക്രിയാത്മകമായി നമുക്കും പങ്കുചേരാം.

“സർവ്വകലാശാല ഭരണ ക്രമങ്ങളിലെ രാഷ്ട്രീയ ജാതീയ വേർതിരിവുകൾ തുഞ്ചൻപറമ്പിൽ സംക്രമിച്ചാൽ മലയാളത്തിന്റെ വികസനവും തകർന്നടിയും.”

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com




# കാതോലിക്കേറ്റ്: പുതുയുഗത്തിന്റെ കാഹളം


2012 നവംബർ മാസം 25 –ാം തീയതി എറണാകുളം മറൈൻ ഡ്രൈവിൽ കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമത്തിൽ പരിശുദ്ധ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മോർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കതോലിക്കാ ബാവാ തിരുമേനി നടത്തിയ പ്രസംഗം

Blessed be the holy name of the Triune God who graciously brought us to this joyful historic moment.

One thousand nine hundred and sixty years ago the gospel of Christ was brought to this very hospi tableland of great spiritual and philosophical accomplish ments. As we celebrate today almost two millennia of the life of the Malankara Church here, we are delighted to have the presence of dignitaries like H. H. The Dalai Lama, His Excellency Dr. Abdul Kalaam, Sri. Oommen Chandy, Sri. K. V. Thomas, Heads of different Churches, Ecumenical, Social, Religious and Political Leaders and several other distinguished persons along with us.

In gratitude to God let us fondly remember and beseech the intercessions of St Thomas the apostle of Christ who founded the church in India in AD 52 and of all our saintly ancestors who built it up in faith, hope and love to this day.

Let us also celebrate in all humility the centenary of the establishment of the Catholicate in Malankara, symbol of the identity, freedom and autocephaly of the Indian church of St Thomas. May we gratefully bring to mind the venerable names of *Sabha Bhasuran St* Geevrghese Mar Dionysius of Malankara and HH Patriarch Abdul Messiah of the See of Antioch who became instrum ental for the founding of the Catholicate a hundred years ago.



Dear Brothers and Sisters, Our mother land, the great nation of India, struggled for over a century to find her precious freedom from foreign domination. Our mother church of Malankara struggled over 4 centuries to find her freedom from oppressive foreign domination from the Portuguese and British colonizers and from alien centres of ecclesiastical power that wanted to take away our freedom in Christ and to rule over us.

The historic Oath of Coonan Cross in Kochi in AD 1653 was the legendary protest not only of our ancient Indian church of St Thomas, but symbolically also of our motherland against the occupation and exploitation of India by foreign powers. Our forefathers suffered untold miseries at the




hands of the oppressors for the sake of our freedom and identity. Their sufferings were inflicted not by our Indian brothers of other religions but from people from the west who called themselves Christians.

The establishment of the Catholicate was the great act of this Church of Christ in India to proclaim its freedom and its holy mission of spreading the peace and love of Christ our Lord in Asia.

Now, since we want to be heard and understood fully by the multitude around us who are more comfortable in our mother tongue, let me change over from English to Malayalam.

യുടെ ശ്ലൈഹിക സിംഹാസനത്തിൽ ശുശ്രൂഷിക്കുന്ന നമുക്ക് ഒരേ സമയം ഒരു ഭാരവും ഒരു സ്വപ്നവുമുണ്ട്. അഞ്ഞൂറ് വർഷങ്ങളോളം നീളുന്ന നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രം, അഥവാ നമ്മുടെ സാമൂഹിക ജീവിത ചരിത്രം, ശേഷിപ്പിച്ചിരിക്കുന്ന മുറിവുകളാണ് നമ്മെ ഭാരപ്പെടുത്തുന്നത്. ദൈവരാജ്യത്തിനായുള്ള വലിയ ദർശനത്തോടെ പരിശുദ്ധ സഭയുടെ കെട്ടുപണി നിർവ്വഹിക്കുന്നതിനെക്കാളും സ്വയപ്രതിരോധത്തിനും സ്വാതന്ത്ര്യ പോരാട്ടത്തിനും നമ്മുടെ ശ്രദ്ധയൂന്നുന്നതിന് ഒരു പരിധിയോളം നമ്മൾ നിർബന്ധിക്കപ്പെടുകയായിരുന്നു.

നിശ്ചയമായും അതിബലവത്തായ അധീശത്വങ്ങൾക്കും പ്രതികൂല സാഹചര്യങ്ങൾക്കും നാം ഇരയായിട്ടുണ്ട്. നാം ഒരിക്കലും കലഹങ്ങളും വ്യവഹാരങ്ങളും കാംക്ഷിക്കുന്നില്ല. അധികാ

നമ്മുടെ നിലപാടുകളെ ആവർത്തിച്ച് ശരിവച്ചിരിക്കുന്നു.

ഭരണകർത്താക്കളോട് ഒരു വാക്ക്, ഞങ്ങൾ സമാധാനപ്രിയരാകുന്നു. ഞങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് യാതൊരുവിധ അവിശുദ്ധ മാർഗ്ഗവും അവലംബിക്കേണ്ടതില്ല. ഈ രാജ്യത്തിന്റെ നിയമം അനുവദിക്കുന്ന അർഹതപ്പെട്ട നീതി, നിഷേധിക്കപ്പെടാതിരിപ്പാനും, സമൂഹത്തിലെ ഭിന്നതയെ ദൂരീകരിപ്പാനും അകൈതവമായ ധീരതയോടും ഇച്ഛാശക്തിയോടും പ്രവർത്തിക്കുക.

നമ്മുടെ വാത്സല്യമക്കളെ,

നമുക്ക് ഒരു സ്വപ്നമുണ്ട്. നാം നിങ്ങളേവരോടുമായിട്ടാകുന്നു പറയുന്നത്. സമ്മേളിച്ചിരിക്കുന്നവരോടും എത്തിച്ചേരാൻ കഴിയാതെ പോയവരോടും ദൂരസ്ഥരോടും സമീപസ്ഥരോടും ഒപ്പം നിൽക്കുന്നവരോടും



വാത്സല്യ മക്കളെ,

ഇതൊരു ധന്യനിമിഷമാണ്. മലങ്കര സഭയുടെ ചരിത്രത്തിലെ അപൂർവ്വ സുഭഗതയാണ്. ഈ വേദിയെ അലങ്കരിക്കുന്ന മഹാത്മാക്കളുടെ നിറസാന്നിദ്ധ്യം ഇതിന്റെ ഗരിമയും മഹിമയും വാനോളമുയർത്തുന്നു. സനാതനവും പൂർവ്വികവുമായ നമ്മുടെ പാരമ്പര്യത്തിനും സംസ്കൃതിയ്ക്കും ഉതകും വിധം സന്നിഹിതരായിരിക്കുന്ന മഹാതേജസ്വികളെ ആദരിക്കുക എന്നത് നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണെന്ന് നാം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്തുവിന്റെ സഭയുടെ ബലഹീന ദാസനായി വി. മാർത്തോമ്മാ

രവും സമ്പത്തും അന്വേഷിക്കുന്നില്ല. മറിച്ച് നീതിയും ന്യായപാലനവുമാണ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അവിഹിതമായ അവകാശമോ ആനുകൂല്യമോ അല്ല, നമുക്ക് അർഹമായത് മാത്രമാണ് ആവശ്യപ്പെട്ടത്. മഹത്തായ നമ്മുടെ ജനാധിപത്യവും അതിന്റെ നിയമസംഹിതയും സകല പൗരന്മാർക്കും, എല്ലാ തരത്തിലുമുള്ള അക്രമങ്ങളിൽ നിന്നും, ദുരപൂണ്ട ബാഹ്യശക്തികളുടെ കടന്നുകയറ്റത്തിൽ നിന്നും, നിയമപരമായ സുരക്ഷ വാഗ്ദാനം ചെയ്യുന്നുണ്ട്. നാം അഭ്യർത്ഥിക്കുന്നത്, ഇന്ത്യൻ പൗരന്മാരെന്ന നിലയിലുള്ള നീതി പൂർവ്വമായ ഈ പരിരക്ഷയാണ്. ഭാരതത്തിന്റെ പരമോന്നത കോടതി

വിഘടിച്ചുനിൽക്കുന്നവരോടുമായിട്ടാകുന്നു ഈ ആഹ്വാനം.

നാം ഒന്നാണ്.

ഒരേ രക്തവും ഒരേ കുടുംബവും.

നമുക്ക് ഒരേ വിശ്വാസവും ഒരേ ആരാധനയും. നമുക്ക് സമാധാനം വേണം. നാം ഒരു കൂടാരത്തിൽ വസിക്കുന്നവരാകണം. ഒരു ശരീരമായി ദൈവത്തെ ആരാധിക്കുന്നവരാകണം.

നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക. ആരാണ് നമ്മുടെ ഐക്യം തകർത്തത്? ആരാണ് നമ്മുടെ സമാധാനപരമായ സഹവർത്തിത്വത്തെ ഭയപ്പെടുന്നത്?

ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ചവനായ മാർത്തോമ്മായുടെ പാവന

*ശേഷം 13-ാം പേജിൽ*

## പ്രഭാഷണം

ഡോ. മാത്യൂസ് മാർ സേവേറിയോസ്




**പാ**ശ്ചാത്യ കൊളോണിയൽ അധിനിവേശത്തിനെതിരെ ഇന്ത്യൻ മണ്ണിൽ നടന്ന ആദ്യ സ്വാതന്ത്ര്യസമര മായ1653-ലെ സുപ്രസിദ്ധ മട്ടാഞ്ചേരി കൂനൻകുരിശു സത്യത്തിന്റെ മണ്ണിൽ നിന്നുകൊണ്ട് ആ ഐതിഹാസിക സമരത്തിന്റെ നായകനും ഇന്ത്യയിലെ ആദ്യ തദ്ദേശീയ മെത്രാനുമായ മഹാ നായ മാർത്തോമ്മാ ഒന്നാമന്റെ സ്മര ണയ്ക്കുമുമ്പിൽ ശിരസു നമിച്ചുകൊ ണ്ട് ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം അവതരിപ്പിക്കുവാൻ സാധി ച്ചതിൽ ഞാൻ അഭിമാനിക്കുന്നു.

# കാതോലിക്കേറ്റ്:
## ദേശീയവും സ്വതന്ത്രവും



ദേശീയ വാദികളായ മലങ്കര സഭാംഗങ്ങൾ, കാതോലിക്കേറ്റിനെ, ദേശീയതയുടെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായി നെഞ്ചോടു ചേർത്തു. അത് പ. മാർത്തോമ്മാ ശ്ലീഹാ യിൽ ആരംഭിച്ച ഇന്ത്യൻ ക്രിസ്തുമാർഗ്ഗത്തിന്റെ പൂർണ്ണതയാണ്. ഇവ വേർതിരിക്കാവുന്നതല്ല.

ഇന്ത്യയിൽ കാതോലിക്കേറ്റ് രൂപീ കൃതമായതിന്റെ ഒന്നാം ശതാബ്ദി ആഘോഷങ്ങളുടെ സമാപ്തിയാണ് ഇപ്പോൾ നടക്കുന്നത്. അതേ പോലെതന്നെ ക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരു വനായ പ. മാർത്തോമ്മാശ്ലീഹാ ഇന്ത്യ യിൽ ക്രിസ്തുമാർഗ്ഗം സ്ഥാപിച്ചതിന്റെ 1960-ാം വാർഷികവുമാണ്.

'*എന്റെ സുവിശേഷം ലോക മെങ്ങും അറിയിക്കുക*' എന്ന തന്റെ ഗുരുവിന്റെ നിയോഗവുമായി പുറപ്പെട്ട പ. മാർത്തോമ്മാശ്ലീഹായ്ക്ക്, AD 52 ൽ കേരള തീരത്തെത്തുന്നതിന് അനു കൂലസാഹചര്യങ്ങൾ ഏറെയുണ്ടായിരു ന്നു. കേരളതീരത്തെ വികസിത അന്തർദേശീയ തുറമുഖങ്ങളും അവയ്ക്ക് ചെങ്കടലിന്റെ തീരവുമായി ഉണ്ടായിരുന്ന വ്യാപാര ബന്ധങ്ങളും ഇന്ന് തെളിയിക്കപ്പെട്ട വസ്തുത കളാണ്. പിൽക്കാല ചരിത്രത്തിൽ *നസ്രാണികൾ* എന്നറിയപ്പെട്ട കേരള ത്തിലെ ആദിമ ക്രൈസ്തവരെ, മാർത്തോമ്മ ക്രിസ്ത്യാനികൾ എന്നാണ്, പാശ്ചാത്യ സഞ്ചാരികൾ, നൂറ്റാണ്ടുകൾക്കുശേഷംപോലും വിശേഷിപ്പിക്കുന്നത്. ഇന്ത്യൻ ക്രൈസ്തവർക്ക് തങ്ങളുടെ സ്ഥാപക നായ മാർത്തോമ്മാ ശ്ലീഹായോടുണ്ടാ യിരുന്ന ആദരവ് അത്ര അഗാധമായി രുന്നു.

കേരള തീരത്ത്, ക്രിസ്തുമാർഗ്ഗം നൂറ്റാണ്ടുകൾ നിലനിന്നത് സ്വന്തമായ ഒരു ദേശീയ തനിമ രൂപപ്പെടുത്തിയാ ണ്. അതൊരു ദേശീയ സംസ്കൃതിയാ യിരുന്നു. അത് ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ വളർന്നു വികസിച്ച ക്രൈസ്തവ സഭകളുടെ ഒരു കേവല പകർപ്പ് അല്ലായിരുന്നു. ബലപ്രയോ ഗമോ രാഷ്ട്രീമായ ഇടപെടലുകളോ കൂടാതെ ഉൽഭവിച്ച് തനതായ വ്യക്തിത്വം വളർത്തിയെടുത്ത പൂർണ്ണമായും ഭാരതീയമായ ക്രിസ്തു മാർഗ്ഗം. കേരളത്തിന്റെ സാമൂഹിക സംവിധാനത്തിന്റെ ഇഴപിരിക്കാനാ വാത്ത ഭാഗമായി അത് നിലകൊണ്ടു. അതിന്റെ ജീവിതശൈലിയും നിയമ സംഹിതയും ഈ സമൂഹത്തിന്റേതുത ന്നെയായിരുന്നു എന്നത് ഇന്ത്യയ്ക്ക് അഭിമാനമാണ്. എല്ലാ തത്വസംഹിത കളേയും സ്വീകരിച്ച്, അംഗീകരിച്ച് സ്വാംശീകരിച്ച, ഇന്ത്യയ്ക്ക് സ്വന്തമായ ഒരു ക്രിസ്തുമാർഗ്ഗവും ഉണ്ട്. അതും അതിന്റെ പ്രാരംഭകാലത്തോളം പുരാ തനത്വം ഉള്ള ക്രിസ്തുമാർഗ്ഗം. അവരാണ് മലങ്കര നസ്രാണികൾ. ഇന്ത്യയിലെ ദേശീയ ക്രൈസ്തവർ മലങ്കര നസ്രാണികളുടെ പതിനഞ്ചാം നൂറ്റാണ്ടു

വരെയുള്ള ഭരണസംവിധാനവും. തികച്ചും അന്നത്തെ കേരളത്തിന്റെ സാമൂഹിക വ്യവസ്ഥയക്ക് അനുരൂപമായിരുന്നു. നമ്പൂതിരി ഗ്രാമവ്യവസ്ഥയ്ക്കു തുല്യമായി തികച്ചും ജനാധിപത്യപരമായി തന്നെ മലങ്കര നസ്രാണികളുടെ ഭരണാധികാരം പള്ളിയോഗങ്ങളിലും മലങ്കര പള്ളിയോഗത്തിലും നിക്ഷിപ്തമായിരുന്നു. ജാതിക്കു കർത്തവ്യൻ എന്ന തദ്ദേശീയ സ്ഥാനിയായിരുന്നു അവരുടെ ഭരണത്തലവൻ. വൈദികരേയും ശെമ്മാശന്മാരേയും പട്ടം കെട്ടുവാൻ മാത്രമായിരുന്നു അവർക്ക് മേല്പട്ടക്കാരുടെ ആവശ്യം. ഇതിനായി മാത്രം നസ്രാണികൾ വിദേശ മേല്പട്ടക്കാരെ ആശ്രയിച്ചിരുന്നു. സ്വാഭാവികമായും അന്ന് കേരളതീരവുമായി സുദൃഢമായ വ്യാപാരബന്ധം ഉണ്ടായിരുന്ന പേർഷ്യയിലെ സഭയുമായി ഈ ബന്ധം സ്ഥാപിക്കപ്പെട്ടു. ഇരു സമൂഹങ്ങളുടേയും പൊതുവായ മാർത്തോമ്മൻ പൈതൃകവും കേരളത്തിലെ പേർഷ്യൻ കുടിയേറ്റങ്ങളും ഈ ബന്ധത്തിനു സഹായകരമായിരുന്നു.

പേർഷ്യൻസഭ മലങ്കരസഭയ്ക്ക് ആവശ്യാനുസരണം വൈദികരെ വാഴിച്ചു തന്നു. അതിനായി കാലാകാലങ്ങളിൽ അവിടെനിന്നും മെത്രാന്മാരെ അയച്ചുതന്നു. അവർ നസ്രാണികളുടെ ഭരണത്തലവനായ ജാതിയ്ക്കുകർത്തവ്യനെ *അർക്കദ്യക്കോൻ* എന്ന വൈദിക സ്ഥാനത്തേയ്ക്കുയർത്തി. നസ്രാണികളാവട്ടെ പേർഷ്യൻ സഭയുടെ തലവനായ ബാഗ്ദാദിലെ പൗരസ്ത്യ കാതോലിക്കായെ ആത്മീയ അദ്ധ്യക്ഷനായി അംഗീകരിച്ചു. അദ്ദേഹത്തിനുവേണ്ടി വി. കുർബാനകളിലും നിത്യ നമസ്കാരത്തിലും പ്രാർത്ഥിച്ചുവന്നു. ഒരിക്കലും നേരിട്ടു കാണാത്ത *കാതോലിക്കാ* എന്ന ആത്മീയ അദ്ധ്യക്ഷൻ നസ്രാണി സംസ്കൃതിയുടെ ഭാഗമായി. സഭാഭരണം അപ്പോഴൊക്കയും തദ്ദേശീയനായ *അർക്കദ്യക്കോന്റെ*യും മലങ്കര പള്ളിയോഗത്തിന്റെയും മാത്രം നിയന്ത്രണത്തിലായിരുന്നു.

1653-ലെ ഐതിഹാസികമായ കൂനൻകുരിശു സത്യത്തേത്തുടർന്ന് കേരളത്തിൽ ഒരു തദ്ദേശീയ മെത്രാപ്പോലീത്ത വേണമെന്ന്, മലങ്കര പള്ളിയോഗം തീരുമാനിച്ചു. അന്നു സഭയുടെ ഭരണത്തലവനായിരുന്ന തോമ്മാ അർക്കദ്യക്കോനെ മാർത്തോമ്മാ എന്ന പേരിൽ എപ്പിസ്ക്കോപ്പായായി ഉയർത്താൻ തീരുമാനിച്ചു. മേല്പട്ടസ്ഥാനം ക്രമപ്പെടുത്താൻ മറ്റൊരു മേല്പട്ടക്കാരൻ അനിവാര്യമായതിനാൽ ഒരു മേല്പട്ടക്കാരനെ അയച്ചു തരണമെന്ന് എല്ലാ പാരസ്ത്യ സഭാ തലവന്മാരോടും, നസ്രാണികൾ അഭ്യർത്ഥിച്ചു.

ഈ അഭ്യർത്ഥന അനുസരിച്ച് അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ പ്രഥമൻ പാത്രിയർക്കീസ് 1665-ൽ, യേരുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദിനേയും തുടർന്ന് 1685-ൽ പ. യൽദോ ബസേലിയോസ് മഫ്രിയാനായേയും മാർ ഈവാനിയോസ് ഹദിയള്ളയേയും കേരളത്തലേയ്ക്കയച്ചു. തദ്ദേശീയ മേല്പട്ടക്കാരെ വാഴിച്ച് മലങ്കരയുടെ പട്ടത്വ പ്രതിസന്ധിയ്ക്ക് നിവാരണം വരുത്തുക എന്ന ഏക ലക്ഷ്യത്തോടെയും അതിനു ശേഷം മടങ്ങിയെത്തണമെന്ന വ്യക്തമായ നിർദ്ദേശത്തോടെയുമാണ് പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ പ്രഥമൻ പാത്രിയർക്കീസ് അവരെ അയച്ചത്. അവരുടെ സഹായത്താൽ, കേരളത്തിലെ തദ്ദേശീയ മേല്പട്ടക്കാരുടെ ശ്രേണിയും സത്യവിശ്വാസവും നിലനിന്നു. ആപത്തുകാലത്ത് മലങ്കരസഭയ്ക്ക്, സഹായത്തിന്റെ ദൗത്യവുമായി കൈത്താങ്ങൽ നൽകിയ അന്ത്യോഖ്യാ പാത്രിയർക്കീസിന് സ്മരണാഞ്ജലികൾ അർപ്പിക്കട്ടെ!

തുടർന്ന് 165 വർഷം മലങ്കരസഭയുടെ ഭരണത്തലവന്മാർ പരമ്പരാഗതമായി വാഴിക്കപ്പെടുന്ന തദ്ദേശിയരായ മാർത്തോമ്മാ മെത്രാന്മാരായിരുന്നു. പക്ഷേ ഇക്കാലത്തൊക്കെയും, മലങ്കര സഭ, അതിന്റെ ആത്മീയ അദ്ധ്യക്ഷൻ - കാതോലിക്കാ ആണന്നുള്ള വിശ്വാസത്തിൽ നിലനിൽക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുവന്നു. 1686-ലെ ചെങ്ങന്നൂർ സുന്നഹദോസ് ഒർത്തഡോക്സ് വിശ്വാസവും അലക്സാൻഡ്രിയൻ വേദശാസ്ത്രവും ഔദ്യോഗികമായി അംഗീകരിച്ചു. 1770-ൽ സഭാദ്ധ്യക്ഷന്റെ സ്ഥാനം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്നായി നാമകരണം ചെയ്യപ്പെട്ടു. 1809-ൽ കണ്ടനാടു പടിയോല വഴി പാശ്ചത്യ സുറിയാനി ആരാധനാക്രമങ്ങൾ അംഗീകരിച്ചു. ഇതെല്ലാം ചെയ്തിട്ടും ആത്മീയ അദ്ധ്യക്ഷൻ കാതോലിയ്ക്കാ ആണെന്ന വിശ്വാസത്തിനു കോട്ടം തട്ടിയില്ല.

പിന്നീട്, ഒരു നൂറ്റാണ്ടുകാലം മാർ ദീവന്നാസ്യോസ് സ്ഥാന നാമത്തിൽ ,മലങ്കര മെത്രാപ്പോലീത്താമാർ പ. മാർത്തോമ്മാ ശ്ലീഹായുടെ സിഹാസനത്തിലിരുന്ന് മലങ്കരസഭയെ ഭരിയ്ക്കുകയും പിൻഗാമികളെ വാഴിക്കുകയും ചെയ്തു. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളാൽ 1889-ലെ തിരുവിതാംകൂർ റോയൽ കോടതി വിധിയിലൂടെ മലങ്കരയിൽ മേൽപ്പട്ടക്കാരെ വാഴിക്കാനുള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിൽ മാത്രം, നിക്ഷിപ്തമായി.

ഈ സാഹചര്യത്തിൽ നഷ്ടപ്പെട്ട അവകാശം തിരികെ കൊണ്ടുവരാനുള്ള ശ്രമം ,അന്നു മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ ആരംഭിച്ചു. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സഹകരണം കൂടാതെ ഏകപക്ഷീയമായ അത്തരമൊരു നടപടിക്കു നിയമസാധുതയില്ലായിരുന്നു. എന്നാലും നിയമവാഴ്ചയ്ക്കു വിധേയരായ മലങ്കര നസ്രാണികൾ യാതൊരു നിയമ വിരുദ്ധനടപടിക്കും മുമ്പും, അന്നും ഇന്നും തയാറല്ല. അയതിനാൽ മേല്പട്ടക്കാരെ വാഴിക്കാനുള്ള തങ്ങളുടെ പൂർവിക അവകാശം മടക്കി നൽകണമെന്ന് കോടതി വിധിപ്രകാരം അതു കൈവശമായ അന്ത്യോഖ്യാ പാത്രിയർക്കീസിനോടു നസ്രാണികൾ അഭ്യർത്ഥിച്ചു.

1890-കളിലാരംഭിച്ച ഈ ശ്രമം ഫലവത്തായത്, മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പിൻഗാമി പ. വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദിവന്നാസ്യോസ് എന്ന മലങ്കര മെത്രാപ്പോലീത്തായുടെ കാലത്താണ്. 1912-ൽ അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസ് കേരളത്തിലെത്തി. അദ്ദേഹം മലങ്കരയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സഹകരണത്തോടെ മലങ്കരസഭ തിരഞ്ഞെടുത്ത കണ്ടനാടിന്റെ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ 1912 സെറ്റമ്പർ 15-ാം തീയതി പൗരസ്ത്യ ശ്ലൈഹീക സിംഹാസനത്തിൽ പ. ബസേലിയോസ് കാതോലിക്കാ ആയി വാഴിച്ചു. മേല്പട്ടക്കരെ വാഴിക്കുവാനും വി. മൂറോൻ കൂദാശ ചെയ്യുവാനും അധികാരവും പിന്തുടർച്ചാ അവകാശവും ഉള്ള സർവ്വസ്വതന്ത്ര കാതോലിക്കേറ്റ് ആയിരുന്നു അത്. അങ്ങിനെ അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ **പ്രഥമൻ** പാത്രിയർക്കീസ് 1665 ൽ ആരംഭിച്ച *സഹായത്തിന്റെ ദൗത്യം* അന്ത്യോഖ്യയുടെ പ.

ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ **ദ്വിതീയൻ** പാത്രിയർക്കീസ് **1912** ൽ മലങ്കരസഭയിലെ കാതോലിക്കേറ്റ് സ്ഥാപനത്തോടെ പൂർത്തിയാക്കി. 1912 ൽ മലങ്കരയിൽ കാതോലിക്കേറ്റിനു രൂപം കൊടുക്കുമ്പോൾ കേരളം, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ രാഷ്ട്രീയമായി മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. അതിൽ അന്ന് കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളിൽ മാത്രമാണ് നസ്രാണികൾ അധിവസിച്ചിരുന്നത്. എന്നിട്ടും മലങ്കരയുടെയോ, കേരളത്തിന്റെയോ, ഇന്ത്യയുടെയോ മാത്രം കാതോലിക്കാ ആയി പരിമിതപ്പെടുത്താതെ, പൗരസ്ത്യ ദേശം മുഴുവന്റേയും കാതോലിക്കായായിട്ടാണ് ഒന്നാം കാതോലിക്ക സ്ഥാനാരോഹണം ചെയ്യപ്പെട്ടത്. ഇത് വിശാലമായതും അധിനിവേശ വിരുദ്ധവുമായ ഒരു, കാഴ്ചപ്പാടാണ്. പഴയ റോമാ സാമ്രാജ്യത്തിലാണ് പാത്രിയർക്കീസ്, പോപ്പ് എന്നീ സ്ഥാനനാമങ്ങൾ സഭാദ്ധ്യക്ഷന്മാർക്ക് ലഭിച്ചത്. അതിനു സമാന്തരമായി റോമാ സാമ്രാജ്യത്തിനു പുറത്തുള്ള പുരാതന സഭകളായ പേർഷ്യ, അർമ്മേനിയ, ജോർജിയ, അൽബേനിയ (അസർബൈജാൻ) എന്നിവിടങ്ങളിലെ ക്രൈസ്തവ സഭകൾ, കാതോലിക്കാ എന്ന സ്ഥാനനാമമാണ് സ്വീകരിച്ചത്. ഇതേ മാനദണ്ഡമാണ്, ഭാരത ക്രൈസ്തവരും സ്വീകരിച്ചത്.

ഇന്ത്യയിലെ പാശ്ചാത്യ അധിനിവേശം, പഴയ റോമാ സാമ്രാജ്യത്തിൽ ഉൾപ്പെട്ട രാജ്യങ്ങളിൽ നിന്നാണ് ഉണ്ടായത്. അവയെ എക്കാലത്തും ചെറുക്കുകയും എതിർത്തു നിൽക്കുകയും ചെയ്ത കേരളത്തിലെ പുരാതന ക്രിസ്തുമർഗ്ഗക്കാരായ മലങ്കരസഭയ്ക്ക് *കാതോലിക്കാ* എന്ന സഭാദ്ധ്യക്ഷസ്ഥാനം ദേശീയതയുടെയും സ്വാതന്ത്ര്യത്തിന്റെയും പ്രതിരൂപമാണ്. അത് മാർത്തോമ്മാ ശ്ലീഹായിൽ ആരംഭിക്കുന്ന ഇന്ത്യൻ ക്രിസ്തുമാർഗ്ഗത്തിന്റെ പ്രതിരൂപമാണ്.

മലങ്കര സുന്നഹദോസ് സ്വതന്ത്രമായി 1925 ൽ രണ്ടാമത്തെ കാതോലിക്കായെയും1929-ൽ മൂന്നാമത്തെ കാതോലിക്കായേയും വാഴിച്ചു കൊണ്ട് കാതോലിക്കേറ്റിന്റെ പിന്തുടർച്ചാവകാശ അധികാരം ഉറപ്പിച്ചു. 1925-ൽ മലങ്കരയിലെ രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ മേല്പട്ട വാഴ്ച്ച നടത്തി, 1932-ൽ മൂന്നാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ വി. മൂറോൻ കൂദാശചെയ്യതു.ഇപ്രകാരം തുടർന്ന് കാതോലിക്കാമാർ അവരുടെ സവിശേഷ അധികാരങ്ങൾ കാലാകാലങ്ങളിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നു.

1912 മുതൽ എട്ടാമത്തെ പൗരസ്ത്യ കാതോലിക്കായാണ് ഇപ്പോൾ മലങ്കര സഭാദ്ധ്യക്ഷനായിരിക്കുന്ന പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ, മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ.

എക്കാലത്തും തികഞ്ഞ ദേശീയ വാദികളായ മലങ്കര സഭാംഗങ്ങൾ ,കാതോലിക്കേറ്റിനെ, ദേശീയതയുടേയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായി നെഞ്ചോടു ചേർത്തു. അത് പ. മാർത്തോമ്മാ ശ്ലീഹായിൽ ആരംഭിച്ച ഇന്ത്യൻ ക്രിസ്തുമാർഗ്ഗത്തിന്റെ പൂർണ്ണതയാണ്. ഇവ വേർതിരിക്കാവുന്നതല്ല. അതിനാലാണ് പ. മാർത്തോമ്മാ ശ്ലീഹായുടെ ഭാരത പ്രവേശനത്തിന്റെ1960 -ാം വാർഷികവുംസ 1912-ൽ മലങ്കരയിൽ ആദ്യത്തെ കാതോലിക്കായെ വാഴിച്ചതിന്റെ ശതാബ്ദിയും സംയുക്തമായി ആഘോഷിക്കുന്നത്.

*(മറൈൻ ഡ്രൈവിൽ 25-11-2012-ൽ നടത്തിയ പ്രഭാഷണം)* ■

# നൂറുകോടിയുടെ ജീവകാരുണ്യ പദ്ധതി

## പ. കാതോലിക്കാ ബാവാ

കൊച്ചി: ഭാരതത്തിലെ ക്രൈസ്തവ സഭയുടെ 1960-ാം വാർഷികത്തോടും മലങ്കര ഓർത്തഡോക്സ് കാതോലിക്കേറ്റിന്റെ ശതാബ്ദി മഹാസംഗമത്തോടുമനുബന്ധിച്ചു നൂറുകോടി രൂപയുടെ ജീവകാരുണ്യ പദ്ധതികൾ നടപ്പാക്കുമെന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. കൊച്ചി മറൈൻഡ്രൈവിൽ കാതോലിക്കേറ്റ് ശതാബ്ദി സംഗമത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു പ. ബാവാ. ഭദ്രാസനങ്ങളുടെയും ഇടവകകളുടെയും സഹകരണത്തോടെയാണു പദ്ധതികൾ നടപ്പാക്കുക.

ഹൃദയസംബന്ധമായ രോഗമുള്ളവർക്കും ഡയാലിസിസ് വേണ്ടവർക്കും ചികിത്സയ്ക്കുവേണ്ട സഹായം നല്കുകയെന്നതാണു പദ്ധതികളിൽ പ്രധാനം. നിർധന രോഗികൾക്കു കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യവുമായി പരുമല കാൻസർ ചികിത്സാ കേന്ദ്രത്തിനും തുടക്കമിടുന്നുണ്ട്. ഭവന നിർമാണത്തിനും സഹായം നല്കും. വിവാഹപ്രായമെത്തിയിട്ടും സാമ്പത്തിക പരാധീനത മൂലം വിവാഹം നടക്കാത്ത നിർധന സഭാംഗത്തിനും ഉപരിപഠനത്തിനു സഹായം ആവശ്യമുള്ള സഭാംഗങ്ങൾക്കും സഹായം നൽകും. നിർധനരെ മുഖ്യധാരയിലെത്തിക്കാനുള്ള പദ്ധതികൾക്കും ഊന്നൽ നൽകും. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കൃഷിനാശം മൂലം കടക്കെണിയിലായ കർഷകരെ സഹായിക്കാൻ പദ്ധതികളാവിഷ്കരിക്കുമെന്നും കാതോലിക്കാബാവ വ്യക്തമാക്കി.

# ശതാബ്ദി സമ്മേളനത്തിന് പ്രത്യേകം ട്രെയിൻ യാത്ര

**മുംബൈ:** കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തിൽ പങ്കുചേരാൻ മുംബൈയിൽ നിന്നും ട്രെയിനിൽ എത്തിയ വിശ്വാസികൾ മാവേലിക്കരയിൽ ഇറങ്ങി പദയാത്രയായി നിരണം പള്ളിയിൽ എത്തി പ്രാർത്ഥനകൾ നടത്തിയതിനെ തുടർന്ന് പരുമല പള്ളി സന്ദർശിച്ചു.

മുംബൈ ദാദറിൽ നിന്നും ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലാണ് 1300 പേർ പ്രത്യേകം ട്രെയിൻ മാർഗ്ഗം കൊങ്കൺ, ഗോവ വഴി എത്തിച്ചേർന്നത്. ആലുവായിലും, കോട്ടയത്തും തീർത്ഥാടകരെ സ്വീകരിച്ചു. ശതാബ്ദി സമ്മേളനം കഴിഞ്ഞ് തിരിച്ചുപോയ സംഘത്തിന് മുംബൈയിൽ നിന്നും കേരളത്തിലെത്തിയ പ്രത്യേക ട്രെയിൻ സംവിധാനത്തിനായി 42 ലക്ഷം രൂപ ചെലവായി.

# മതസൗഹാർദ്ദത്തിലൂടെ ഭാരതസംസ്ക്കാരം ഉയർത്തി

## – മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

വിശ്വാസ സംരക്ഷണത്തിലുറച്ചു നിൽക്കുമ്പോൾ തന്നെ സാമൂഹ്യ പ്രതിബദ്ധതയും ഉയർത്തിപ്പിടിക്കണമെന്നു മുഖ്യമന്ത്രി. മതസൗഹാർദ്ദത്തിലൂടെ ഭാരതസംസ്കാരത്തിലൂന്നി പ്രവർത്തിക്കാനും സാമൂഹ്യ ഉത്തരവാദിത്വം പൂർണ്ണമായും ഉയർത്തിപ്പിടിക്കാനും ക്രൈസ്തവ സഭകൾക്കായിട്ടുണ്ട്. നാടിനുവേണ്ടി പുനരർപ്പണം നടത്താൻ ഇത്തരം സംഗമങ്ങൾ ആത്മവിശ്വാസം നൽകും. അർഹിക്കുന്നവനെപ്പറ്റി ചിന്തിക്കാൻ, കരുതാൻ, പ്രവർത്തിക്കാൻ, ആശ്വാസമേകാൻ സഭകൾ നടത്തുന്ന ശ്രമങ്ങൾ മാർഗദർശകങ്ങളാണ്.

# മഹാസംഗമത്തിൽ കഥാപ്രസംഗം

കൊച്ചി: മറൈൻ ഡ്രൈവിൽ കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമത്തിൽ പ്രാർത്ഥനയോഗം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. എബി ഫിലിപ്പ് കാർത്തികപ്പള്ളി അവതരിപ്പിച്ച പ. മാർത്തോമ്മൻ പൈതൃക വഴിയേ' എന്ന കഥാപ്രസംഗം പ്രശംസ നേടി.

എ.ഡി. 52 മുതൽ 2012 വരെയുള്ള സഭയുടെ വളർച്ചയുടെ ഘട്ടങ്ങൾ, വൈദേശിക സഭയുടെ കടന്നാക്രമണത്തെ ചെറുത്തു തോല്പിച്ച പിതാക്കന്മാരുടെ ത്യാഗോജ്ജ്വലമായ ജീവിത നിലപാടുകൾ, മലങ്കര സഭയുടെ അപ്പോസ്തോലികതയുടെയും അഖണ്ഡതയുടെയും പ്രതീകമായ കാതോലിക്കേറ്റിന്റെ പ്രസക്തി, 21-ാം നൂറ്റാണ്ടിലെ പ. സഭയുടെ ദൗത്യം എന്നിവ എല്ലാം ഉൾപ്പെടുത്തി വികാരനിർഭരമായി കഥാപ്രസംഗം അവതരിപ്പിച്ചു. കഥാപ്രസംഗത്തിന്റെ കഥാരചന ജിബു കുര്യൻ, (ഷാർജ), ഗാനരചന അലക്സ് വർഗീസ്, സാം തോമസ്, ഫിലിപ്പോസ് ചാണ്ടി (എല്ലാവരും ഷാർജ) എന്നിവർ നിർവ്വഹിച്ചു.

ഗാനങ്ങൾ ആലപിച്ചത് മാവേലിക്കര ഭദ്രാസന ശ്രുതി ഗായക സംഘാംഗങ്ങളായ ഷിബു ചേപ്പാട്, സൈജു കുന്നം, മോൻസി കല്ലിന്മേൽ, റോബി രാമപുരം, അലിൻ മുട്ടം എന്നിവരാണ്. പശ്ചാത്തല സംഗീതത്തിന് തോനയ്ക്കാട് സെന്റ് ജോർജ് യുവജനപ്രസ്ഥാനം അംഗങ്ങളായ അരുൺ, സാബു, ഷിജു എന്നിവർ നേതൃത്വം നൽകി.

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഭാരതീയ മാർത്തോമ്മൻ സ്മൃതി യാത്രയിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് ഈ കഥാപ്രസംഗം അവതരിപ്പിച്ചു. കൂടുതൽ വിവരങ്ങൾക്ക് (ഫോൺ: 9447265646)

■ ■

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ കൂടുതൽ വിവരണങ്ങളും, ദൃശ്യങ്ങളും അടുത്ത ലക്കത്തിൽ

■ ■

## കാതോലിക്കേറ്റ്...

9-ാം പേജിൽ നിന്നു തുടർച്ച...

മാർഗ്ഗത്തിന്റെ യശസ്സ് കളങ്കപ്പെടുത്തുവാൻ കുത്സിത ശ്രമങ്ങൾ നടത്തുന്നത് ആരാണ്? എല്ലാ ധാരണകളെയും ഉഭയസമ്മതങ്ങളെയും കാറ്റിൽ പറത്തുന്നതാരാണ്?

വിസ്മരിക്കരുത്: ഐക്യത്തിന്റ മധുരം നാം ഒരിക്കൽ നുകർന്നതാണ്, എത്രയോ അനുഗ്രഹീതമായ അനുഭവമായിരുന്നു!

ഈ കഴിഞ്ഞ ഞായറാഴ്ച നാം കെയ്റോയിലായിരുന്നു. അലക്സാന്ത്രിയൻ പാത്രിയർക്കീസും പോപ്പുമായ തെവാദ്രോസ് രണ്ടാമന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനുള്ള ക്ഷണമനുസരിച്ച് അവിടെ എത്തിയതാണ്. ലോകത്തിലെ വിവിധ സഭാമേലദ്ധ്യക്ഷന്മാരോടും, അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായോടും ഒരുമിച്ച് നാമും പ. മദ്ബഹായിൽ, ദിവ്യമായ ആ ശുശ്രൂഷയിൽ പങ്കുചേർന്നു. നമ്മുടെ കർത്താവ് ഓർമ്മിപ്പിക്കുന്ന പൂർണ്ണ സഹോദരസ്നേഹത്തോടെ നാം അദ്ദേഹത്തിന് ആശംസകൾ അർപ്പിക്കുകയുണ്ടായി.

മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും സിംഹാസനത്തിലെ പരിശുദ്ധരായ പൂർവ്വഗാമികളെപ്പോലെ, സകല മനോവിനയത്തോടും നാം പറയുന്നു. മലങ്കരയിൽ സമാധാനവും ഐക്യവും പുലരുന്നതിന് നാം ആഗ്രഹിക്കുന്നു.

നമ്മുടെ പ്രിയ മക്കളെ,

നിങ്ങളുടെ പ്രധാന ഇടയന്റെ വാത്സല്യത്തോടും ഹൃദയഭാരത്തോടും നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു. നമുക്ക് സമാധാനത്തിലേക്ക് ചുവടുവയ്ക്കാം. അനുരഞ്ജനത്തിന്റെയും ക്ഷമയുടെയും സൗഖ്യദാനത്തിന്റെയും പുതുയുഗ കാഹളങ്ങളായിത്തീരാം. സമാധാനപ്രഭുവായ ക്രിസ്തുവിന്റെ സാക്ഷ്യമുള്ള അനുകാരികളാകാം. പൊറുക്കുവാനും ക്ഷമിക്കുവാനും ഒരുക്കമാണ്. ക്രിയാത്മകമായ ആത്മീയ പ്രതികരണം സന്മനസ്സോടെ നാം സ്വാഗതം ചെയ്യുന്നു.

ഭാരത സഭയുടെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി മഹാരഥികളായ പൂർവ്വികന്മാർ ചൊരിഞ്ഞ കണ്ണീർപ്രവാഹങ്ങളോടും നമ്മുടെ ആറ്റുപുറത്ത് വർക്കി ആശാൻ എന്ന ആനപ്പാപ്പി മുതൽ മലങ്കര വർഗ്ഗീസ് വരെയുള്ള ധീരവീരന്മാരായ സഭാംഗങ്ങളുടെ രക്തസാക്ഷിത്വങ്ങളോടും നമുക്ക് ഭാരമേറിയ ആത്മീയ ഉത്തരാവാദിത്വമുണ്ട്. മഹാജ്ഞാനം കൊണ്ടും സുധീരമായ ഇടപെടലുകൾകൊണ്ടും അവർ നമുക്ക് വേണ്ടതെല്ലാം നൽകിയിട്ടുണ്ട്. ഭരണഘടനാപരമായും കാനോനികമായും അജപാലനപരമായും നമ്മെ സജ്ജരാക്കി. ഒരുമയോടെ സഹവസിക്കുന്നതിന് പ്രാപ്തരാക്കി. സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നതിലെ ഐശ്വര്യത്തിനും സൗന്ദര്യത്തിനും എതിരുനിൽക്കുന്നവരുണ്ടാകും. അക്രമത്തിനും അനൈക്യത്തിനും മന:പൂർവ്വം പ്രേരിപ്പിക്കുന്ന, അത്തരം ആളുകൾ ചുരുക്കമാണ്. നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടം നമ്മെ കയ്പ്പുള്ളവരാക്കിയിട്ടില്ല. ക്രിസ്തുവെന്ന ദൃഷ്ടാന്തത്തെ പിന്തുടരുക. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി കാട്ടിത്തന്നതുപോലെയും ക്രിസ്തീയ മാതൃക പിൻപറ്റിയും ജീവിക്കുക. ഹൃദയപൂർവ്വം ക്ഷമിക്കുക. നമ്മെ അധീനപ്പെടുത്തുവാൻ ശ്രമിച്ചവരോടുള്ള വിദ്വേഷത്തെ വെടിയുക. നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മെ ഭരമേൽപിച്ചിട്ടുള്ളത് ഈ ചരിത്ര നിമിഷത്തിൽ നാം ധ്യാനിക്കേണ്ടതുണ്ട് എന്ന് നാം ഓർമ്മിപ്പിക്കട്ടെ. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ താൻ എഴുന്നേറ്റ് യെശയ്യാവിന്റെ പുസ്തകത്തിൽ നിന്ന് വായിക്കുന്നു. ''ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ച് അയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു.'' പ്രിയമക്കളെ, അനീതിയുടെയും, ദാരിദ്ര്യത്തിന്റെയും, കഷ്ടതയുടെയും, സംഘർഷങ്ങളുടെയും, യുദ്ധങ്ങളുടെയും ഈ ലോകത്ത് നമ്മുടെ വിശുദ്ധമായ ഉത്തരവാദിത്വം ഇതാണ്.

The Malankara Orthodox Church in this 21stcentury is committing herself to the values of the kingdom of God, the building up of our nation to foster harmony among diverse faiths, justice to the poor and the marginalized and the protection and care for the natural environment, elimination of corrup-

tion and discrimination and fostering of equality of all the children God. We eagerly wait for "the new heaven and to the new earth where justice dwells". Together with our Apostle Thomas let us touch the crucified and risen Christ, and say 'my Lord and my God', and like him, let us get ready to die with Christ for the sake of the healing and well being of this world.

ലോകമെങ്ങും നിന്ന് ഈ മഹാസംഗമത്തിന് എത്തിയ വിശ്വാസ സമൂഹത്തിനുവേണ്ടി നാം പ്രാർത്ഥി ക്കുന്നു. അവരെ നയിക്കു വാൻ ദൈവം തെരഞ്ഞെടു ത്തിരിക്കുന്ന മേല്പ്പട്ടക്കാ രെയും പട്ടക്കാരെയും ശുശ്രൂഷക സംഘത്തെയും ഓർത്ത് നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേർ ന്നിരിക്കുന്ന വിശിഷ് ടാതിഥികൾക്ക് നമ്മുടെ ഹൃദയം നിറഞ്ഞ നന്ദിയും സന്തോഷവും അറിയിക്കുന്നു. ദൈവം അനുഗ്ര ഹിക്കട്ടെ. ശുദ്ധിമതിയായ മാതാവി ന്റെയും പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെയും മാർ ഗ്രീഗോറിയോ സിന്റെയും മാർ ദിവന്നാസിയോ സിന്റെയും പ്രാർത്ഥന കാവലും കോട്ടയു മായിരിക്കട്ടെ. ■

## തെരഞ്ഞെടുത്തു



ഇടുക്കി ഭദ്രാസന സെക്രട്ടറിയായി ഫാ. എ. വി. കുര്യനെ തെരഞ്ഞെടുത്തു. സഖറിയ റമ്പാൻ, ഫാ. എൻ.വി. ഏലിയാസ്, എം.കെ. ജോസഫ്, ഷാജി വി. കോര, നിഷാദ് ജോഷ്വ, ജയൻ കുരുവിള എന്നിവർ കൗൺസിൽ അംഗ ങ്ങളാണ്.

## ബൾഗേറിയൻ പാത്രിയർക്കീസ് കാലം ചെയ്തു




**സോഫിയ:** ബൾഗേറിയൻ പാത്രിയർക്കീസ് പ. മാക്സിം (98) നവം. 6-ന് കാലം ചെയ്തു. 1914 ൽ ജനിച്ച ഇദ്ദേഹം 1971-ൽ പാത്രിയർക്കീസായി. ക്രൈസ്തവ ലോകത്തെ ഏറ്റവും പ്രായം കൂടിയ സഭാ തലവനായിരുന്നു. ഫെബ്രു. 24-ന് പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കും.

ബൈസന്റയിൻ സഭാകുടുംബത്തിൽപെടുന്ന ബൾഗേറിയയിലെ ഓർത്തഡോക്സ് സഭയ്ക്ക് എ.ഡി. 864 മുതലുള്ള പാരമ്പര്യമുണ്ട്. സ്ലാവോണിക് ജനതയുടെ അപ്പോസ്തോലന്മാരായി കരുതപ്പെടുന്ന സിറിൽ, മെതോഡിയോസ് എന്നിവരാണ് സ്ഥാപകർ. ഇവരുടെ പ്രവർത്തനം കൊണ്ട് ബൾഗേറിയൻ രാജാവ് ബോറിസ് ക്രിസ്തുമതം സ്വീകരിച്ചു. അംഗസംഖ്യ 85 ലക്ഷം.

ബൾഗേറിയൻ സഭയുമായി മലങ്കരസഭയ്ക്ക് ഉറ്റ സൗഹൃദ ബന്ധമുണ്ടായിരുന്നുവെന്ന് പ. കാതോലിക്കാ ബാവാ അനുശോചന സന്ദേശത്തിൽ അനുസ്മരിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ 1976-ൽ സോഫിയായിലെത്തി പ. മാക്സിം പാത്രിയർക്കീസിനെ സന്ദർശിച്ചിരുന്നു. കാതോലിക്കേറ്റ് സപ്തതി ആഘോഷ പരിപാടിയിൽ ബൾഗേറിയൻ ബിഷപ്പ് ജോസഫ് വെലിച്കി സംബന്ധിച്ചു. ബൾഗേറിയൻ സഭയുടെ പല പരിപാടികൾക്കും മലങ്കരസഭ പ്രതിനിധികളെ അയച്ചിട്ടുണ്ട്.

വേർപാടിന്റെ ഒന്നാം വർഷം 25.12.2012



**സി. ഇ. ഏബ്രഹാം (അവറാച്ചൻ)**
**വാഴൂർ ചുങ്കത്തിൽപറമ്പിൽ, ചങ്ങനാശ്ശേരി**

**കെസിയ തങ്കം മാത്യു, അടുതല**
**(02-02-1993 - 10-12-2002)**



ക്രിസ്തുവിൽ ജീവിക്കുന്നു

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*പ്രാർത്ഥനയോടെ,*
കുടുംബാംഗങ്ങൾ,



ലേഖനം

കുഞ്ഞുമോൻ വാരിക്കാട്

# ക്രിസ്തു പിറക്കട്ടെ

**ക്രൈ**സ്തവരെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു അവന്റെ ഹൃദയമാകുന്ന കാലിത്തൊഴുത്തിൽ പിറക്കുകയും അവന്റെ കുടുംബമാകുന്ന കാലിത്തൊഴുത്തിൽ ശയിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ യേശു ക്രിസ്തു അവന് സ്വന്തവും സ്വന്തപ്പെട്ടവനും ആകണം. സ്നേഹപൂർണ്ണമായ പങ്കുവെക്കലുകൾ, എളിയവരോടും പാവപ്പെട്ടവരോടുമുള്ള കാരുണ്യത്തിലൂടെയുള്ള കരുതലുകൾ എല്ലാം ക്രിസ്മസിനെ ക്രിസ്ത്വാനുഭവമാക്കി മാറ്റുന്നു. അങ്ങനെ എളിയവരിൽ എളിയവനായി പിറന്ന യേശു ക്രിസ്തുവും അവിടുത്തെ ജീവിതവും അവന് മാർഗ്ഗദർശകം ആകണം.

മനുഷ്യ പ്രകൃതിയെ ദൈവികമാക്കിയ മഹത്സംഭവമാണ് ദൈവം മനുഷ്യനായി പിറന്ന ചരിത്ര യാഥാർത്ഥ്യം. ദൈവം സൃഷ്ടിച്ച മനുഷ്യന് അവന്റെ തിന്മമൂലം വന്ന വൈകല്യത്തെ ഇല്ലായ്മ ചെയ്ത് ആ മനുഷ്യന് ദൈവിക പരിവേഷം കൊടുത്തു. യേശുക്രിസ്തുവിൽ വിശ്വസിച്ച്, അവിടുത്തെ വാക്കുകൾക്ക് വിലകൊടുത്തു ജീവിക്കുന്നവർക്ക് ഇതേ മഹത്വമാണ് കൈവരുന്നത്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് എല്ലാ മനുഷ്യരേയും സ്പർശിക്കുന്ന ഒരു സാഫല്യ സ്വഭാവം ഉള്ളതിനാൽ ദൈവ വിശ്വാസികളായ എല്ലാ മനുഷ്യർക്കും ആ മഹത്വത്തിൽ പ്രവേശിക്കുവാൻ കഴിയും. ഇതാണ് ദൈവപുത്രന്റെ ജനനത്തിൽ മാലാഖമാർ പാടിയത് "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം".

മനുഷ്യന്റെ സമാധാനമാണ് ദൈവത്തിന്റെ മഹത്വം. അഥവാ മനുഷ്യരെല്ലാം സമാധാനത്തിലും സന്തോഷത്തോടും കൂടി കഴിയുമ്പോഴാണ് ദൈവം മഹത്വപ്പെടുന്നത്. ഈ ലോകത്തിലെ ഏതൊരു അവസ്ഥയേയും സ്വർഗ്ഗീയമാക്കുവാൻ മനുഷ്യനെ ശക്തിപ്പെടുത്തുന്ന ആന്തരീകമായ ദൈവീകതയാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ മനുഷ്യന് കൈവന്നത്.

യേശുവിന്റെ ജനനം മനുഷ്യനെ മാനിക്കുവാൻ നമ്മെ നിർബന്ധിക്കുന്നു. ഓരോ മനുഷ്യനിലും ദൈവിക മുഖം ദർശിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. മനുഷ്യ ജന്മം ദൈവികമായ മഹത്വമുള്ളതാണെന്ന് പഠിപ്പിക്കുന്നു. ഒരു മനുഷ്യ ശിശുവിന്റെ ജന്മത്തെ അത് ഉരുവാകുന്ന നിമിഷം മുതൽ ആദരവോടെ കാണുവാൻ ആവശ്യപ്പെടുന്നു. മനുഷ്യ ജീവനെതിരെയുള്ള എല്ലാ തിന്മകളും ദൈവത്തിനെതിരെയുള്ള തിന്മകളാണെന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നു. മനുഷ്യൻ പരസ്പരം ബഹുമാനിച്ചും സ്നേഹിച്ചും ദൈവികമായ കൂട്ടായ്മയിൽ സഹകരിച്ച് ഒന്നിച്ചു ജീവിക്കേണ്ടവരാണെന്ന് ക്രിസ്മസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. അക്രമം, അനീതി, ഭീകരത, ദുഷ്പ്രവൃത്തികൾ, മദ്യാസക്തി ഇവയെല്ലാം മനുഷ്യത്വത്തോടുള്ള അനാദരവിന്റെയും അവഹേളനത്തിന്റെയും പ്രവൃത്തികളാണ്. യേശുക്രിസ്തുവിന്റെ ജനനം ലോകത്തിന് ലഭിച്ച ഏറ്റവും ഉന്നതമായ ധാർമ്മിക സമ്പത്താണ്.

ദൈവം നമ്മിൽ ജനിക്കുമ്പോൾ, നമ്മിലുള്ള ദൈവ ചൈതന്യം മറ്റുള്ളവരിലേക്കു നാം പകർന്നു കൊടുക്കുമ്പോഴാണ് യഥാർത്ഥത്തിൽ നാം ദൈവ ചൈതന്യമുള്ളവരാകുന്നത്. ഓരോ മനുഷ്യനും ദൈവികതയുടെ മറ്റൊരു അവതാരമാകണം. ദൈവം ഉള്ളിടത്താണ് സ്നേഹവും സമാധാനവും പൂവണിയുന്നത്. സ്നേഹവും സമാധാനവുമാണ് മനുഷ്യന്റെ യഥാർത്ഥ സൗഭാഗ്യം. ഈ ദൈവരാജ്യത്തിന്റെ സൗഭാഗ്യം തന്നെത്തന്നെ എളിമപ്പെടുത്തുന്നവർക്കാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്.

ഉന്നതമായ ദൈവികതയിൽ നിന്ന് എളിയ മാനുഷികതയിലേക്ക് ഇറങ്ങി വന്ന ദൈവപുത്രനെപ്പോലെ ദരിദ്രരിലേക്കും രോഗികളിലേക്കും ആലംബഹീനരിലേക്കും ഇറങ്ങി സ്നേഹം പകരാൻ ക്രിസ്മസ് നമ്മെ ആഹ്വാനം ചെയ്യുന്നു. അപ്രകാരം സൗഭാഗ്യം സകലർക്കും നൽകുവാൻ ദൈവത്തിന്റെ കരങ്ങളിൽ നമുക്ക് ഉപകരണങ്ങളാവാം. ■



# *In Everloving Memory of*

Mary Zacharia
$14^{th}$ Anniversary
November 14, 2012

M.G. Zacharia
$66^{th}$ Anniversary
September 4, 2012



*Gone but never forgotten*
*will meet in the heavenly abode*

**BABOO / BABY,**
**Kozhencherry**

**CHARLIE / SARO,**
**Canada**

**ALEX / PREMA**
**USA**

**GRANDCHILDREN & GREAT GRAND CHILDREN**

**Mannil Zach Bhavan**
**Thekkemala, Kozhencherry**

റിപ്പോർട്ട്

## 56th INAMS Confrence

**തോമസ് പോൾ**

# സ്നേഹ കൂടാരം...

**ഇ**ന്റർ നാഷണൽ അസ്സോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസ് (INAMS) 56–ാമത് കോൺഫറൻസ് യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാ മിൽ ഒക്ടോബർ 23 മുതൽ 26 വരെ നടന്നു. യൂഹാനോൻമാർ ക്രിസോസ്റ്റമോസ്, ജോഷ്വാ മാർ നിക്കോദീമോസ്,കെ.ഐ.ഫിലിപ്പ് റമ്പാൻ, പ്രൊഫ. ഡി. മാത്യു, പ്രൊഫ. കെ. സി. മാണി, പ്രൊഫ. പി.കെ. കുര്യൻ തുടങ്ങിയവർ നേതൃത്വം നല്കി. പ്രമുഖ വ്യക്തികൾ ക്ലാസ്സുകൾ എടുത്തു. അനേകം വൈദികരും ലോകത്തിന്റെ നാനാ ഭാഗത്തുനിന്നുമായി മൂന്നൂറോളം ഡെലിഗേറ്റുകളും പങ്കെടുത്തു.

* * *

സഭാചരിത്രത്തിന്റെ മറ ഞ്ഞിരിക്കുന്ന വശങ്ങളിലേക്ക് ശ്രദ്ധതിരിയണം. സ്വാർത്ഥലാഭത്തിനായി ചമയ്ക്കപ്പെടുന്ന ആധുനിക ചരിത്ര ങ്ങളെ തിരിച്ചറിയണം. സത്യവിശ്വാസ ത്തിലും സ്വയശീർഷ കത്തിലും നില നില്ക്കുന്നതിന് പ്രതിജ്ഞാ ബദ്ധരാകു വാനുള്ള സന്ദർഭവു മായി കാതോലി ക്കേറ്റിന്റെ സെന്റിനറി ആഘോഷം പരിണമിക്കണം.

**പ്രൊഫ. കെ.സി. മാണി**

* * *

കോൺഫറൻസ് ഉദ്ഘാടനം ചെയ്തു സംസാരിച്ച ജോഷ്വാ മാർ നിക്കോദീമോസ് തിരുമേനി, കർ ത്താവ് 12 പേരെ തെരഞ്ഞെടു ത്തത് തന്നോടുകൂടി ആയിരിക്കു ന്നതിനും തന്റെ സുവിശേഷം ഏവരേയും അറിയിക്കുന്നതിനു മാണ്. നാമും വിളിക്കപ്പെട്ട വിളിക്ക് യോഗ്യമായി അവന്റെ ഇഷ്ടം പ്രവർത്തിക്കണം. ക്രിസ്തുവിന്റെ അനുയായികൾ എന്ന് സമൂഹത്തി ന് ബോധ്യം വരത്തക്ക പ്രവർത്ത നം നമ്മിലുണ്ടാകുമ്പോൾ ക്രിസ്തു ആരെന്ന് സമൂഹത്തിനു ബോധ്യം വരും.

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമനേി തന്റെ അനുഗ്രഹ പ്രഭാഷണത്തിൽ നാം തീർത്ഥാടകരായി ഇവിടെ എത്തിയിരിക്കു ന്നു; നമുക്ക് ഉണ്ടെന്നു തോന്നുന്ന ഒന്നിനെപ്പറ്റിയും അഹങ്കരിക്കുവാ നോ അതിൽത്തന്നെ മനസ്സുവയ് ക്കുവാനോ തുനിയരുത്. നമുക്കു ലഭിച്ചിരിക്കുന്ന താലന്തുകൾ അത് ധനമായാലും അറിവായാലും സമയമായാലും അവയിലൊക്കെ ദശാംശമെങ്കിലും നീക്കിവെച്ച് സമൂഹനന്മയ്ക്കായി പ്രവർത്തിക്ക ണം എന്ന് ഓർമ്മിപ്പിച്ചു.

* * *

ദൈവത്തിലേക്ക് മാർ ഒസ്താത്തിയോസ് തിരുമേനിയെ ഉപനയിച്ച പരിപൂർണ്ണ സമർപ്പണം ജോർജ്ജുകുട്ടിയെന്ന ബാലനിൽ തുടങ്ങി അവസാന ശ്വാസംവരെ യും ദൈവത്തിന്റെ ഇഷ്ടത്തിനായി എപ്പോഴും തുടിക്കുന്ന സ്വഹൃദയം ദൈവമുമ്പാകെ സമർപ്പിക്കുകവഴി നല്ല ഓട്ടം തികച്ചു. ദരിദ്ര ലോകത്തിൽ ധനവാനായി ജീവിക്കുന്നതിലെ വൈരുധ്യം മനസിലാക്കി ഉത്തമ കാര്യവിചാരകത്വ ത്തിൽ ദൈവം നല്കിയിട്ടുള്ളവയെ വിനിയോഗിക്കണം.

**ഡീക്കൻ ഷാജൻ വറുഗീസ്**

* * *

ഒരു വിശ്വസ്ത കാര്യവിചാരകൻ എന്ന നിലയിൽ മാർ ഒസ്താത്തി യോസ് തന്റെ ജീവിതം ഒരു തുറന്ന പുസ്തകമായി നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു. അന്ത്രയോസ് എന്ന ചെറിയ മനുഷ്യൻ കർത്തൃസന്നിധിയിൽ നടത്തുന്ന ചെറിയചെറിയ ഇടപെടലുകൾ ദൈവമഹത്വം വെളിവാകുന്നതിനു കാരണമായതുപോലെ തന്റെ എളിയജീവിതംകൊണ്ട് ഒസ്താത്തിയോസ് തിരുമേനി ദൈവനാമം മഹത്വപ്പെടുമാറ് സമൂ ഹത്തിലെ രൂക്ഷമായ പ്രശ്നങ്ങളി ൽ ഇടപെട്ടു.

**പ്രൊഫ. ഡി. മാത്യു.**

* * *

മിഷൻ എന്നത് ഒരു കടന്നു കയറ്റമോ പിൻവാങ്ങലോ അല്ല പ്രത്യുത സ്നേഹം നല്കി യും നീതി ഉറപ്പാക്കിയും സമൂഹ ത്തിന്റെ മുഖത്തിന് ദൈവീക പരിവേഷം നല്കുക എന്നതാണ്. ന്യായപ്രമാണ ത്താലൊ ലൗകിക തയിലൊ എന്ന തിലല്ല ക്രിസ്തു വിന്റെ വചനങ്ങൾക്ക് യോഗ്യമായ ഫലം കായ്ക്കത്തക്ക സമൂഹത്തെ സൃഷ്ടിക്കുന്നതിന് ഞാൻ ഏതു വിധത്തിൽ രൂപംപ്രാപിച്ചാലും എന്നെ അയയ്ക്കുന്നവന്റെ നിർബ്ബന്ധം മാത്രം ഞാൻ മുറുകെപിടിക്കുന്നതിനാൽ ഒരു ഇളവും ആരിൽ നിന്നും പ്രതീക്ഷിക്കുന്നില്ല എന്ന് 1 കൊരി. 9–ൽ വി.പൗലോസ് പറയുന്നു. ഒസ്താത്തിയോസ് തിരു മേനി Theology of classless Society യിൽ പറയുന്നത് മാമോദീ സാ മുങ്ങുന്ന തിലല്ല ക്രിസ്തുവി ന്റെ ശിഷ്യന്മാരെ സൃഷ്ടിക്കുന്ന തിലത്രെ എന്റെ നിർബ്ബന്ധം കിടക്കുന്നത്. പ്രതിബദ്ധത, അർപ്പണബോധം, ധൈര്യം എന്നീ കാര്യത്തിൽ ദൈവത്തോട് കണക്കുബോധിപ്പിക്കുവാൻ കഴിയു മെന്ന ധൈര്യം വി.പൗലോസിനെ നയിക്കുമ്പോൾ ഇന്നത്തെ ചുറ്റു പാടിൽ സമൂഹത്തെ പുതിയ ന്യായപ്രമാണ ത്തിന് യോജിച്ച സ്നേഹകൂടാരത്തിലേക്ക് നയിക്കുവാൻ സുവിശേഷ ത്തിന്റെ നിർബ്ബന്ധം നമ്മിലുണ്ടാകണം

**റവ. ഡോ. ഷാം പി. തോമസ്**


മാർത്തോമ്മാ സിറിയൻ ചർച്ച് ഹൈദ്രാബാദ്

* * *

1984–ൽ കോയമ്പത്തൂർ തടാകം ആശ്രമ ത്തിൽവച്ച് ഒസ്താത്തി യോസ് തിരുമേനി കുറെ ആളു കളോടു ചേർന്ന് ബിഷപ്പ് പെക്കൻ ഹാം വാൽഷിന്റെ കബറിടത്തിനു ചുറ്റും തമ്മിൽത്തമ്മിൽ ക്രൂശാ കൃതിയിൽ കൈകോർത്ത് ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതി എന്ന് പ്രതിജ്ഞയെടുത്ത് ആരംഭിച്ച നാംസ് ഇന്ന് അറുപ തോളം ശാഖകളുമായി ഇന്ത്യയ്ക്കകത്തും പുറത്തുമായി വളർന്നിരിക്കുന്നു. അംഗത്വ ഫീസി ല്ലെങ്കിലും ദശാംശമെങ്കിലും മാറ്റിവച്ച് സമൂഹനന്മയ്ക്കായി പ്രവർത്തിക്കുക. മറ്റുള്ളവർക്കു വേണ്ടി എല്ലാദിവസവും പ്രാർത്ഥിക്കുക. സഭയുടെ മിഷൻ പ്രവർത്ത നങ്ങളെയും പ്രവർത്തകരെയും സഹായിക്കുക എന്നിങ്ങനെ പാർശ്വവൽക്ക രിക്കപ്പെട്ട വരുടെ ഉന്നമനത്തിനായി സ്വേച്ഛാ പ്രവർത്തിക്കുന്ന ഒരു സമൂഹമായി ഐനാംസ് വളർന്നുകഴിഞ്ഞു .

# ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് വലിയ പള്ളി, മെഴുവേലി

## വി. ശിശു സഹദേന്മാരുടെ നാമത്തിലുള്ള തീർത്ഥാടന കേന്ദ്രം



നമ്മുടെ കർത്താവിനുവേണ്ടി ഹേറോദേസിനാൽ വധിക്കപ്പെട്ട് രക്തസാക്ഷികളായിതീർന്ന ശിശുസഹദേന്മാരുടെ (Holy Innocents) അനുഗ്രഹീത നാമധേയത്തിൽ മലങ്കരയിൽ സ്ഥാപിതമായിട്ടുള്ള ഏക ദേവാലയമാണ് മെഴുവേലി ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് വലിയ പള്ളി.

1861-ൽ സ്ഥാപിതമായ മെഴുവേലി ഇടവക ദൈവ സംസർഗ്ഗത്തിന്റെയും ക്രൈസ്തവ സാക്ഷ്യത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നു. മക്കളില്ലാത്ത ദമ്പതിമാർ, മക്കളുടെ വഴിപിഴച്ച പോക്കിനെയോർത്ത് ദുഃഖിക്കുന്ന മാതാപിതാക്കൾ, ജോലിക്കുവേണ്ടി അലയുന്ന യുവതി-യുവാക്കൾ തുടങ്ങി നാനാജാതി മതസ്ഥരായ ആളുകൾ ശിശുസഹദേന്മാരുടെ മദ്ധ്യസ്ഥം മൂലം അനുഗ്രഹം പ്രാപിച്ച അനുഭവ സാക്ഷ്യവുമായി ഈ ദേവാലയത്തിൽ എത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഈ അനുഗ്രഹീത അനുഭവത്തിന് അംഗീകാരമായി 2010 ഡിസംബറിൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ഈ ദേവാലയത്തെ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുകയുണ്ടായി.

ഈ ദേവാലയം ഇപ്പോൾ ഹോളി ഇന്നസെന്റ് തീർത്ഥാടന കേന്ദ്രം എന്ന് അറിയപ്പെടുന്നു. ബേത്‌ലഹേമിൽ നിന്നുകൊണ്ടുവന്ന വി. ശിശുസഹദേന്മാരുടെ തിരുശേഷിപ്പ് 1997 ഏപ്രിൽ 14-ാം തീയതി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ ഈ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.

എല്ലാ വർഷവും ഡിസം. 27 ന് ശിശുവധപെരുന്നാൾ ദിവസം ഈ ദേവാലയത്തിന്റയും പെരുന്നാൾ ആഘോഷിക്കുന്നു. പെരുന്നാളിനോടനുബന്ധിച്ച് വിവിധ ദേവാലയങ്ങളിൽ നിന്ന് തീർത്ഥാടകർ എത്തിച്ചേരുന്നു. പ. പരുമല തിരുമേനിയുടെയും പ. വട്ടശ്ശേരിൽ തിരുമേനിയുടെയും പാദസ്പർശത്താൽ അനുഗ്രഹിക്കപ്പെട്ട ഈ ദേവാലയത്തിൽ എല്ലാ വള്ളിയാഴ്ചയും വൈകിട്ട് 5 മണിക്ക് ശിശുസഹദേന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു വരുന്നു. വിവിധ പ്രയാസങ്ങളാൽ ക്ലേശിക്കുന്ന വിശ്വാസ സമൂഹത്തെ ഈ ദേവാലയത്തിൽ വന്ന് ശിശു സഹദേന്മാരുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

---

**ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് വലിയ പള്ളി**
(വി. ശിശുസഹദേന്മാരുടെ നാമത്തിലുള്ള തീർത്ഥാടനകേന്ദ്രം)
**മെഴുവേലി, പത്തനംതിട്ട ജില്ല, ചെങ്ങന്നൂർ ഭദ്രാസനം**
**ഫോൺ-0468-2287502**
Email: holyinnocentsmezhuveli@yahoo.com, web: www.hiovp.com

*Advt.*

# സത്നാംസിംഗ് ഉയർത്തുന്ന ചോദ്യങ്ങൾ?

**സത്നാം സിംഗ് അമൃതാനന്ദമയി ആശ്രമത്തിൽ അപകടകാരിയായി ആക്രമണകാരിയാകുന്നതാണ് മാധ്യമങ്ങളിലൂടെ നാം കണ്ടത്. അവിടെ നിന്ന് തിരുവനന്തപുരം സർക്കാർ മനോരോഗാശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. പിന്നീട് അയാൾ മരണപ്പെട്ടെന്ന് മാധ്യമങ്ങളിലൂടെ അറിയുകയായിരുന്നു.**

ബീഹാർ സ്വദേശിയായ സത്നാം അൽപ്പം മനസ്സ് അസ്വസ്ഥതപ്പെട്ടവനെങ്കിലും നമ്മുടെയത്രയും വരുമോ എന്നൊരു ചോദ്യം..? അയാൾ അതീവ ബുദ്ധിമാനാണ് നിരുപദ്രവിയാണ്. അയാൾ ശ്രീനാരായണ ഗുരുവിന്റേയും ശ്രീ നടരാജഗുരുവിന്റേയും സന്ദേശങ്ങളിൽ ആകൃഷ്ടനായാണ് കേരളത്തിൽ എത്തിയത്. വർക്കലയിലെ നാരായണ ഗുരുകുലത്തിൽ താമസിച്ച് ശ്രീ. മുനിനാരയണ പ്രസാദുമായി സംവദിച്ചിരുന്നു. ആത്മീയ കാര്യങ്ങളിലും ശ്രീ നാരായണീയ ദർശനത്തിലും അദ്ദേഹം ഏറെ ഗാഢമായ താത്പര്യം പ്രകടിപ്പിച്ചിരുന്നതായി മുനി ഓർക്കുന്നു. നന്നായി ഇംഗ്ലീഷ് അദ്ദേഹം കൈകാര്യം ചെയ്തിരുന്നു.

ജൂലൈ 29-ന് വർക്കല താജ്ഹോട്ടലിൽ നടന്ന ആഗോള ദാർശനിക സമ്മേളനത്തിൽ മുനിയോടൊപ്പം സത്നാം പങ്കെടുത്തിരുന്നു ആശിഷ് നന്ദിയും ഉൾപ്പെടെ രാജ്യത്തിനകത്തും പുറത്തുമുള്ള അനേകം ദാർശനികർ ഉൾപ്പെട്ട വേദിയിൽ അയാൾ അനേകം ചോദ്യങ്ങൾ ഉന്നയിച്ചു എന്നത് മുനി ഓർക്കുന്നു. കവി സച്ചിദാനന്ദൻ കൂടെ ഇത് പങ്ക് വെക്കുന്നുണ്ട്.

ബിഹാറിലെ ഗയയിലെ ബിസിനസുകാരനായ ഹമിന്ദർസിംഗിന്റെ മകനാണ് അയാൾ. ഷിംലയിലെ പ്രശസ്തമായ കോട്ടൺ സ്ക്കൂളിലാണ് അയാൾ പഠിച്ചത്. ലക്നൗവിലെ നാഷണൽ ലോസ്ക്കൂളിലാണ് അയാൾ നിയമപഠനം നടത്തിയത്. അയാൾ അൽപ്പം ലഹരി മുൻപ് ഉപയോഗിച്ചിരുന്നു എന്നതാണ് പോരായ്മ. ഓഗസ്റ്റ് 1-ന് വള്ളിക്കാവ് ആശ്രമത്തിൽ ഉച്ചയ്ക്ക് 12 മണിക്ക് ദർശനത്തിനിടെ ബഹളമുണ്ടാക്കി അക്രമാസക്തനായി അതാണ് അയാളുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച.



സുരക്ഷാ ഉദ്യോഗസ്ഥരും അയാളെ കരുനാഗപ്പള്ളി പോലീസിൽ ഏൽപ്പിച്ചു അവിടെ നിന്ന് കൊല്ലം ജില്ലാ ജയിലിൽ അവിടെ നിന്ന് തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് അയയ്ക്കപ്പെട്ടു. ബഹളം വച്ച അയാളെ നിയന്ത്രണ വിധേയമാക്കുവാൻ വേണ്ടി ഏൽപ്പിച്ച മർദ്ധന മുറകൾ അയാളുടെ മരണത്തിലെത്തിച്ചു. അയാൾ അക്രമാസക്തനായതിന് പിന്നിൽ അവിടെ നിന്നുള്ള പ്രകോപനങ്ങളോ മറ്റ് ദുരനുഭവങ്ങളോ ഉണ്ടോയെന്ന് ആരും അന്വേഷിച്ചില്ല. ജനപിന്തുണയുണ്ടെന്ന് വച്ച്, രാഷ്ട്രീയക്കാർ കയ്യടി വാങ്ങാൻ കയറിയിറങ്ങുന്നു എന്നുവച്ച്, പുറമെ മതപരം എന്ന് തോന്നിപ്പിക്കുന്നു എന്നുവച്ച്, സാമ്പത്തിക മേധാവിത്വം കൊണ്ട് സമൂഹത്തെ കീഴടക്കുന്നു എന്ന് വച്ച് അതിന്റെ അകത്തളങ്ങൾ ശുദ്ധമാണോ എന്ന് അന്വേഷിക്കേണ്ടതല്ലേ.?

ദൈവത്തിന്റെ സ്വന്ത നാട്ടിൽ അന്യനാട്ടുകാരനായ ഒരു ചെറുപ്പക്കാരൻ കൊല ചെയ്യപ്പെടുകയാണ്. "ആൾ രൂപങ്ങൾ ആയുധ രൂപങ്ങൾ ആയി മാറുന്നു" എല്ലാ സമൂഹങ്ങളുടെയും ആശ്രമങ്ങൾ, ധ്യാനകേന്ദ്രങ്ങൾ, റിവൈവൽ ഗ്രൂപ്പുകളുടെ കൂട്ടങ്ങൾ, വ്യക്തികൾ നടത്തുന്ന അനാഥ മന്ദിരങ്ങൾ, അഭയകേന്ദ്രങ്ങൾ, മനോരോഗ ചികിത്സാ കേന്ദ്രങ്ങൾ, കൗൺസിലിങ്ങ് സെന്ററുകൾ, ഇവയ്ക്കൊക്കെ നയപരമായ സമീപനം സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം ഇവിടങ്ങളിൽ നടക്കുന്ന മരണങ്ങൾ ഇത്തരം മരണങ്ങൾ പ്രൈവറ്റ് മെഡിക്കൽ കോളജുകൾക്ക് മൃതദേഹം സുഗമമായി ലഭിക്കാനുള്ള ഏർപ്പാടായി മാറരുത് അനാഥ കേന്ദ്രങ്ങളിലെ ഓരോ മരണങ്ങളും പഠന വിധേയമാക്കേണ്ടതാണ്.

ജീവകാരുണ്യ പ്രസ്ഥാനമെന്ന പേരിൽ ട്രസ്റ്റുകൾ ഉണ്ടാക്കി കുടുംബ

ത്തിലുള്ളവരെ മാത്രം കുത്തിനിറച്ച് സർക്കാരിന്റെ ഖജനാവിൽ നിന്ന് പണം സമ്പാദിക്കാനും ഓരോ താലൂക്കിലും, പഞ്ചായത്തിലും രണ്ട്, മൂന്ന് എന്ന ക്രമത്തിൽ അവ മുളപൊങ്ങുന്നതും പൊതുജനങ്ങളെ കൊള്ളയിടിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയണം. ജീവകാരുണ്യ കേന്ദ്രങ്ങൾ അവയുടെ ധർമ്മം നിർവ്വഹിക്കുന്നു എന്ന് ഉറപ്പ് വരുത്താനുള്ള ബാദ്ധ്യത സർക്കാരുകൾക്കുണ്ട്. മതകേന്ദ്രങ്ങൾ കണ്ണുരുട്ടുമ്പോൾ വീണു പോകുന്ന സർക്കാരുകൾ ഇതിലപ്പുറം എന്തു പ്രവർത്തിക്കാൻ?

വോട്ട് ബാങ്ക് മാത്രം ലക്ഷ്യമുള്ള മാറി മാറി വരുന്ന സർക്കാരുകൾക്ക് ഇച്ഛാശക്തിയോടെ പെരുമാറാൻ കഴിവില്ലാത്ത് കൊണ്ട് ന്യൂനപക്ഷ ഭൂരിപക്ഷ സമുദായങ്ങൾ എല്ലാം ഈ കച്ചവടത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. അനീതിയെയും അക്രമത്തെയും കണ്ണടച്ച് ആശീർവദിക്കുന്ന കാഴ്ചയാണ് നമുക്ക് കാണേണ്ടിവരിക.

നികുതി പണത്തിന്റെ ഇളവ് മാത്രം കണ്ടിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ സർക്കാർ കർശനമായി നിയന്ത്രിക്കുവാൻ ശ്രമിക്കേണ്ടത് ആവശ്യമാണ് യഥാർത്ഥ ജീവകാരുണ്യം പാർശ്വവത്കരിക്കപ്പെട്ടവർക്ക്, അവരുടെ ജീവിത സാഹചര്യങ്ങളെ മുന്നോക്ക വത്കരിക്കുവാനുള്ള പരിശ്രമമാണ്. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി നടത്തിയിട്ടുള്ള പരിശ്രമം അതാണ്. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ് ഇവർ ഇൻഡ്യയിലെ ഗ്രാമങ്ങളെ മിഷൻ വയലുകളാക്കിയതും പാർശ്വവൽക്കരിക്കപ്പെട്ടവർക്കു വേണ്ടിയായിരുന്നു. ഭീമാകാര സൗധങ്ങൾ പണിഞ്ഞ്. ജീവകാരുണ്യത്തിന്റെ മറയുണ്ടാക്കി സമൂഹത്തിലെ അവശ വിഭാഗത്തിനെ ഒറ്റപ്പെടുത്തി പരിപോഷിപ്പിക്കുന്നത് ധനാഗമ മാർഗ്ഗമായിട്ടാണ് സമൂഹം ഇന്ന് കാണുന്നത്. പിരിവ് മാത്രം ലക്ഷ്യമാക്കിയുള്ള ജീവകാരുണ്യം നിർത്തേണ്ട സമയമായെന്ന് തോന്നുന്നു.


ജീവകാരുണ്യ പ്രവർത്തനത്തിന്റെ പല സാമൂഹിക രൂപങ്ങളും സാമ്പത്തീക ചൂഷണത്തിന്റെയും ലൈംഗീക ചൂഷണത്തിന്റെയും അവതരണങ്ങളായി മാറ്റപ്പെടുന്നത് കൊണ്ട് അതിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നുമുണ്ട്. ഈ ചൂഷണങ്ങളുടെ പേരിൽ മത നേതാക്കന്മാർ മാപ്പപേക്ഷയുടെ മേലാപ്പുമണിഞ്ഞ് പൊതു സമൂഹത്തിൽ വന്നിട്ടുമുണ്ട്.

ഈയടുത്ത കാലത്ത് മനോരോഗ കേന്ദ്രങ്ങളുടെ, ധ്യാന കേന്ദ്രങ്ങളുടെ ഒക്കെ അകത്തളങ്ങളെപ്പറ്റി മനുഷ്യാവകാശ കോടതികൾ ആശങ്കപ്പെട്ടിട്ടുണ്ട്. ആൾ ദൈവങ്ങൾ പാർക്കുന്ന ഇടങ്ങളിലെ ആശ്രമ പരിസരങ്ങളും, സാമ്പത്തീക വിനിമയവും, വിദേശ ബന്ധവും, ശിഷ്യ അനുഗാമികളും ഇതെല്ലാം ഒരു മതേതര സർക്കാർ നിരീഷണ വിധേയമാക്കേണ്ടതാണ്. മതം അതിന്റെ ധർമ്മം ശരിയായി നിർവ്വഹിക്കപ്പെടാത്ത ഇടത്ത് എങ്ങിനെയാണ് മതേതരത്വം ഉണ്ടാക്കുക? ആത്മബോധം ഉണർത്തേണ്ട മതങ്ങളെല്ലാം ശരീര ബോധം മാത്രം ഉണർത്തി ജീവിക്കേണ്ടി വരുന്നത് കാണുമ്പോഴാണ് ഇങ്ങനെ ആശങ്കപ്പെടേണ്ടി വരിക. ഒരു അഞ്ചാം മന്ത്രി പ്രശ്നം സമുദായങ്ങളെ വളരെപെട്ടന്ന് ധ്രുവീകരിച്ചെങ്കിൽ, വിദ്യാവിളക്ക് തെളിക്കാത്ത ഒരു മന്ത്രിയുണ്ടാകുന്നത്. വോട്ട് സ്വന്തം സമുദായത്തിന് മാത്രം എന്ന് ആഹ്വാനം ചെയ്യുന്ന സമുദായ നേതാക്കൾ ന്യൂനപക്ഷത്തിന്റെ അവകാശപ്പെടലുകൾ ഇവിടെ എവിടെയാണ് മതേതരത്വം പുലരുന്നത്.

ആത്മീയത, രാഷ്ട്രീയം, വ്യവസായം വാണിജ്യം-എല്ലാം ലാഭക്കൊതി മൂത്ത ഭീകര രൂപങ്ങളായി മാത്രം മാറിക്കൊണ്ടിരിക്കുന്നു. മൂല്യങ്ങൾ മാനദണ്ഡങ്ങളാകുന്നില്ല. ഇങ്ങനെയുള്ള കേരളത്തെ നാം പേടിക്കണം. സത്നാം സിംഗിന്റെ ചോര നമുക്കെതിരെ നിലവിളിക്കുന്നുണ്ടാകണം.

fr.thirumangalam@gmail.com ■






സഖേർ

# പുനർനവം-1

## "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു..."

"നിർത്തുക! വഴി തെറ്റിയെന്നാ തോന്നുന്നത്. കഴിഞ്ഞുപോന്ന കവലയിൽ കണ്ടവരോടെങ്കിലും ചോദിക്കേണ്ടതായിരിക്കുന്നു. ഇത്ര തിരക്കുപിടിച്ച് പാഞ്ഞുപോന്നാലെങ്ങനെയാണ് സൈൻ ബോർഡുകൾ കണ്ണിൽപ്പെടുക? തിരിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല." വലിയ കണ്ണാടിയിൽ നിന്നും മുമ്പിലെ ചെറിയ കണ്ണാടിയിലേയ്ക്ക് നാം നോക്കിത്തുടങ്ങുന്നു. റിയർ വ്യൂ മിററിന്റെ സഹായത്തോടെ വാഹനം തിരിച്ചെടുക്കുന്നു. സത്യത്തിൽ ഗതി മുട്ടുമ്പോഴൊക്കെ ഇത്തരമൊരു തിരിഞ്ഞുനോട്ടം അനിവാര്യമാകുന്നു. ചരിത്രത്തിലേക്കുള്ള ഒരു പിൻവാങ്ങൽ നിശ്ചയമായും നവ്യമായൊരു ദിശാബോധം നമുക്ക് സമ്മാനിക്കുമെന്നുള്ളത് ഉറപ്പാണ്. സത്യവേദപുസ്തക പാരായണത്തിനും ഒരു ചരിത്രമുണ്ട്. നമ്മുടെ വേദവായനകളുടെ ആഴത്തെയും ആത്മാർത്ഥതയെയും വിചാരണ ചെയ്യാൻ പോന്ന ചരിത്രം.

ഓരോ ദിവസവും വിലക്കയറ്റമാണ്. പാലിനും പെട്രോളിനും പരാമറിനും ഇതിനിടയിലുള്ള സകലതിനും മത്സരിച്ച് വില വർദ്ധിക്കുന്നു. എന്നാൽ ഇവയെല്ലാം ഉപയോഗിക്കുന്ന മനുഷ്യന് മാത്രം വില കുറഞ്ഞു വരുന്നു. ഉപയോഗിക്കുന്ന എല്ലാ സാധനങ്ങൾക്കും ഐ.എസ്.ഐ. മുദ്ര വേണമെന്ന ശാഠ്യം ഇക്കാലത്തുണ്ട്. എന്നാൽ ഉപയോഗിക്കുന്നവരുടെ ഗുണനിലവാരമളക്കാൻ പ്രത്യേകിച്ച് ഒരു മാനദണ്ഡവുമില്ല താനും. വിജയൻമാഷ് പറഞ്ഞതുപോലെ, "ആധുനിക കാലഘട്ടത്തിലെ ഏറ്റവും വലിയ ഗുണം സൗന്ദര്യമുണ്ടായിരിക്കുക. മൃദുലമായ ചർമ്മമുണ്ടായിരിക്കുക, ഒരു പാട് ഷാംപൂ ഉപയോഗിക്കാനുള്ള നിറഞ്ഞ തലമുടി ഉണ്ടായിരിക്കുക, നാറ്റമുണ്ടാവാനുള്ള വായ് ഉണ്ടായിരിക്കുക, അഴുക്ക് പുരളാനുള്ള ഷർട്ട് ഉണ്ടായിരിക്കുക തുടങ്ങിയ ഗുണങ്ങളാണ്. ഇതെഴുതുന്ന കാലത്ത് 'ഗോതമ്പിന്റെ നിറം ഉണ്ടായിരിക്കണം, ഏതു ശുഭകാര്യത്തിനും പ്രാർത്ഥനയല്ല, ചോക്ലേറ്റ് കരുതണം എന്നൊക്കെയുള്ള നിർബ്ബന്ധങ്ങൾ കൂടെയുണ്ട്. നമ്മുടെ പ്രത്യക്ഷതയെക്കുറിച്ചുള്ള മിഥ്യാധാരണകളാണ് അനുനിമിഷം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. 'മനുഷ്യസാന്നിധ്യ'ത്തിന്റെ സാംഗത്യമാണ് അനുദിനം ചോദ്യം ചെയ്യപ്പെടുന്നത്. ആത്മീയതയിൽ നിന്നും മതാത്മകതയിലേയ്ക്ക് തിരോഗമിക്കുന്ന വേദവായനകൾ നമ്മുടെ പരിസരങ്ങളെ മലിനീകരിക്കുന്നുണ്ട്. കുറേക്കൂടി ഉത്തമമായ ഒരു ആവാസവ്യവസ്ഥയെ പുനരാവിഷ്ക്കരിക്കാൻ നമ്മുടെ മതബോധനങ്ങൾക്കാവേണ്ടതുണ്ട്.

മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുൻപ് ദൈവം അവന് വേണ്ടിയൊരുക്കിയ സ്വപ്നക്കൂടിനെക്കുറിച്ച് പറഞ്ഞാണ് തിരുവെഴുത്തിന്റെ ഒന്നാം പാഠം തുടങ്ങുക. ഒരു മനുഷ്യനെ രൂപപ്പെടുത്തുന്നതിനെക്കുറിച്ചും അവൻ പാർക്കേണ്ട ആവാസവ്യവസ്ഥയുടെ ക്രമങ്ങളെക്കുറിച്ചുമൊക്കെ എത്രയധികം ശ്രദ്ധ ചെലുത്തുന്നുണ്ട് ഇതിൽ! സത്യത്തിൽ മനുഷ്യനെയും അവന്റെ കാലാവസ്ഥയെയും രൂപീകരിക്കുന്നതിൽ എത്രവലിയ 'ദൈവികശ്രദ്ധ' ആവശ്യമുണ്ട്. ഇന്ന് അങ്ങനെയൊരു ലക്ഷ്യമല്ല വാസ്തവത്തിൽ നമുക്കുള്ളത്. വ്യവസായിയാകാനും ധനികനാകാനും ഉന്നതപദവിനേടാനും ധൂർത്തനാകാനും എളുപ്പമുള്ള കാലം. ദരിദ്രനാകാനും കടക്കാരനാകാനും അതിനു മെളുപ്പമുള്ള കാലം. മനുഷ്യനാവുക എന്നത് മാത്രമാണ് ഏറ്റവും ആയാസകരം. അത് ചരിത്രത്തിൽ എപ്പോഴും അങ്ങനെയായാണെന്ന് പറയേണ്ടിവരും. കാരണം പില്ക്കാലത്ത് ദൈവം തന്നെ ഇറങ്ങിവരേണ്ടി വന്നു മനുഷ്യനാവാൻ!

മനുഷ്യൻ ദൂഷിതമാക്കപ്പെട്ട ഒരു പുഴയാണെന്ന് സരതുഷ്ട പറഞ്ഞുവച്ചു. ദുർഗന്ധമായിത്തീർന്ന സുഗന്ധമാണ് മനുഷ്യ ജീവിതമെന്ന് ബഷീറും. എന്നാൽ സുഗന്ധവാഹിനിയായിരുന്ന ഒരു ചരിത്രം നമുക്കുണ്ടായിരുന്നുവല്ലോ. വെളിച്ചമുണ്ടാകട്ടെ എന്ന കല്പനയിൽ തുടങ്ങുന്ന ചരിത്രം. വിഷലിപ്തവും തമസ്ക്കരിക്കപ്പെട്ടതുമായ വർത്തമാനപരിസരങ്ങളെ സർഗ്ഗാത്മകമായി പുതുക്കിപ്പണിയുന്നതിനുള്ള ഉത്തരവാദിത്വം വ്യക്തിപരമായും സാമൂഹികമായും നമുക്കുണ്ട്. സ്വന്തമഹത്വം അന്വേഷിച്ചുള്ള യാത്രകളിൽ നാം നഷ്ടപ്പെടുത്തുന്നത് ദൈവമഹത്വമാണ്. ദൈവമഹത്വം അന്വേഷിക്കുമ്പോൾ തന്നെ നാം കേൾക്കുന്നുണ്ട്,' ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നുവെന്ന്! 'ആദിയിൽ ആകാശമുണ്ടാകുന്നു. ആശിക്കുന്നതിനെല്ലാം ഇടം നല്കുന്നത് ആകാശമെന്ന് ഭാരതം വിശദീകരിക്കുന്നുണ്ട്. ഒപ്പം ബാഹ്യമായ ഒരാകാശവും (space) ആന്തരികമായ ഒരാകാശവും ഉണ്ടെന്ന് പഠിപ്പിക്കുന്നുമുണ്ട്. ഘടാകാശവും മഹാകാശവും പോലെ. പുറത്തുള്ള സ്പേസാണ് നമ്മുടെ ആകൃതി നിർണ്ണയിക്കുക. അകത്തുള്ള സ്പേസാണ് നമ്മുടെ പ്രകൃതം നിശ്ചയിക്കുക. ഒരു കുടം നിർമ്മിക്കുന്നത് Something+Nothing ചേർത്താണ് എന്നുള്ളതും കൂട്ടിവായിക്കാമെന്ന് തോന്നുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊന്നു കൂടെ പറയുന്നുണ്ട്. പ്രയാണം ചെയ്യുന്നവനാണ് പ്രാണൻ. ആന്തരികാകാശവും ബാഹ്യാകാശവും തമ്മിൽ ശ്വാസോച്ഛ്വാസത്തിലൂടെ നിരന്തര സമ്പർക്കത്തിലാണ്. ആകാശത്തലൂടെ പ്രാണൻ കടന്നു പോകുമ്പോഴാണ് പ്രകാശമുണ്ടാവുന്ന

തെന്നും പറയുന്നു. ചിദാകാശം (inner space) സ്വന്ത ഇഷ്ടങ്ങളാൽ മലിനപ്പെടുമ്പോൾ ദൈവമഹത്വം വെളിപ്പെടുത്തുന്ന മഹാകാശത്തോടുള്ള സംസർഗ്ഗത്തിൽ നിന്ന് അകലുന്നു. അവന്റെ പ്രാണന് ബലം നഷ്ടപ്പെടുന്നു. ഉള്ളിലെ വെളിച്ചം കെടുന്നു. സ്വന്തമഹത്വം അന്വേഷിക്കുന്ന ഓരോ ചലനങ്ങളിലും നാം നിരന്തരം ഏദനിൽ നിന്ന് സ്വയം പുറത്താക്കപ്പെടുന്നു. വെളിച്ചത്തിൽ നിന്ന് അകലുന്നു. ഇരുട്ടിൽ പരസ്പരം കാണാനാവാതെയും തിരിച്ചറിയാനാവാതെയും വരുന്നു. തമ്മിൽ കൂട്ടിയിടിക്കുന്നു. വ്യക്തികളും സമൂഹങ്ങളും പരസ്പരം ശണ്ഠ കൂടുന്നു. അപ്പോൾ കൂടംകുളം നമ്മുടെ ശത്രുരാജ്യമാകുന്നു. വാൾമാർട്ടിന്റെ വരവിൽ നാം അഭിമാനപുളകിതരാകുന്നു. ജീവന്റെ പുസ്തകത്തിലെ പ്രൊഫൈലിനെക്കുറിച്ച് തെല്ലും ആശങ്കയില്ലാതെ ഫേസ്ബുക്കിൽ രാത്രി മുഴുവനും ആക്ടീവാകുന്നു. ദൈവമഹത്വത്തിലുള്ള (Energia) പങ്കാളിത്തപരമായ സഹവർത്തിത്വത്തിന് ഇടമുറിയാത്ത ദൈവസംസർഗ്ഗം അനിവാര്യമാകുന്നുവെന്ന് മറക്കുന്നു. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ എന്ന് പ്രാർത്ഥിക്കുമെങ്കിലും അസാധ്യമെന്ന് കരുതി അവഗണിക്കുന്നു. പ്രകാശം ദൈവമഹത്വത്തെ അറിയിക്കുന്നുണ്ട്. ചിദാകാശം ദൈവമഹത്വത്തെ അന്വേഷിക്കട്ടെ. വെളിച്ചമുണ്ടാകട്ടെ. ■


*For Favours Received*





ഒരു വിശ്വാസി





Mrs. K. S. Alex & Lissy, Doha

ഒരു വിശ്വാസി



**പള്ളികൾ മനോഹരമാക്കൂ**

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ
വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...


**ഫോൺ: 0481-2571126, 2574183**
**0484-3292390 മൊബൈൽ: 9447259003**

**എം.എ. കയർ ഹൗസ്**

**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**



മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്



പ. പരുമല തിരുമേനി




പ. ബസേലിയോസ് ഗീവർഗീസ്
ദ്വിതീയൻ കാതോലിക്കാ ബാവാ

**Dr. George Thomas, Dr. Grace George,**
**Dr. Gem George & Greg**

**SOUTH AFRICA**

# സ്നേഹ വിശ്വാസത്തിന്റെ ഇളവെയിലേറ്റ്...



കെ. ജയകുമാർ
(വൈസ് ചാൻസലർ, തുഞ്ചെത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല,

മലങ്കരസഭയുടെ കീഴിലെ സ്ക്കൂളിലും കോളേജിലുമായി വിദ്യാഭ്യാസത്തിന്റെ നല്ലൊരു പങ്ക് പൂർത്തിയാക്കിയ ഒരു വ്യക്തിയാണ് ഞാൻ. സ്വഭാവ രൂപീകരണത്തിന്റെ നിർണ്ണായക ഘട്ടങ്ങളിൽ ആ വിദ്യാലയാന്തരീക്ഷത്തിൽ നിന്ന് ഉൾക്കൊണ്ട മൂല്യങ്ങൾ എന്തുമാത്രം വിലപ്പെട്ടവയായിരുന്നെന്ന് ഇപ്പോൾ, തിരിഞ്ഞു നോക്കുമ്പോൾ മനസ്സിലാവുന്നു. ആ സ്വാധീനമില്ലായിരുന്നെങ്കിൽ എന്റെ വ്യക്തിത്വവും, ജീവിതവും മറ്റൊരു വിധമാകുമായിരുന്നല്ലോ. ജീവിതത്തിന് അർത്ഥവും അഴകും നേടിയെടുക്കുന്നതിനുള്ള ശിക്ഷണമായിരുന്നു ആ ദിവസങ്ങൾ.

നേരിട്ടുള്ള ഉപദേശങ്ങളല്ല ഒരു വിദ്യാർത്ഥിയെ കൂടുതൽ സ്വാധീനിക്കുക. ഒരു ചെടി അതിന്റെ ചുറ്റുപാടിൽ നിന്ന് വെളിച്ചം സ്വാംശീകരിച്ച് തഴയ്ക്കുന്നതു കണക്കെ, ഒരു കുട്ടി അവൻ വളരുന്ന അന്തരീക്ഷത്തിൽ നിറയുന്ന മൂല്യങ്ങൾ അബോധപൂർവമായി ഉൾക്കൊണ്ട് വളരുന്നു. ഞാൻ പഠിച്ച വിദ്യാലയങ്ങളിലെ സ്നേഹാന്തരീക്ഷമായിരുന്നു എന്റെ ഹൃദയത്തെ സമ്പന്നമാക്കിയ സൂര്യപ്രകാശം.

മറ്റ് പല വിദ്യാലയങ്ങൾക്കും നേടാനാവാത്തതാണ് ഈ അത്ഭുതം. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ലോകചരിത്രത്തിന്റെ ചക്രവാളത്തിൽ ഉദിച്ചുയർന്ന ഒരു സൗമ്യനക്ഷത്രത്തിന്റെ ദീപ്തി സെന്റ് തോമസിന്റെ വരവോടെ കേരളക്കരയിലൂടെ ഭാരതത്തിലെത്തിച്ചേർന്നു. അത് ഇവിടെ ചെലുത്തിയ വലിയ സ്വാധീനത്തിന്റെ വ്യക്തിപരമായ ഒരനുഭവയാഥാർത്ഥ്യമാണ് എന്റെ വിദ്യാലയ ജീവിതം. ഭാരതമെന്ന പ്രാചീന സംസ്കൃതിയിൽ ക്രിസ്തീയാശയങ്ങൾ കലർന്നപ്പോൾ മറ്റെങ്ങും കാണാത്ത ഒരാത്മീയ രസതന്ത്രത്തിന് ചരിത്രം സാക്ഷിയാവുകയായിരുന്നു. കേരളത്തിന്റെ പ്രത്യേകമായ സാംസ്ക്കാരിക ഭൂമികയിൽ അത് സൃഷ്ടിച്ചതോ, തികച്ചും നൂതനമായ ഒരാത്മീയ വൈകാരികതയും. പരസ്പര ധാരണയുടെയും പരസ്പര ബഹുമാനത്തിന്റെയും സരളതയുടെയും ഒരു പുതിയ അവബോധം രൂപപ്പെടുകയായിരുന്നു. ക്രിസ്തുവിന്റെ മഹിത ജീവിതത്തിന് മാത്രം പ്രചോദിപ്പിക്കാൻ കഴിയുന്ന ശാന്തിയുടെയും സഹനത്തിന്റേയും ഒരു ഭാവതലം നമ്മുടെ ജീവിതത്തിൽ ഉരുവായി.

മനുഷ്യന് വേണ്ടി പീഡാനുഭവങ്ങൾ സ്വയമേറ്റുവാങ്ങാൻ കഴിയുന്ന ദൈവപുത്രൻ എന്ന സങ്കല്പം ജീവിതത്തിന്റെ വേദനകൾ പേറുവാൻ നിശ്ശബ്ദമായ കരുത്തേകി. ചെയ്തു കൂട്ടുന്ന അപരാധങ്ങളെ പ്രായശ്ചിത്തം കൊണ്ട് കഴുകുവാൻ കഴിയുമെന്ന പ്രതീക്ഷയും വിശ്വാസവും ജീവിതത്തിന്റെ പാരുഷ്യങ്ങളെ കൂടുതൽ സഹനീയമാക്കി. ദൈവത്തിന്റെ പുത്രൻ ജനിക്കുന്നത് കൊട്ടാരത്തിലും അരമനയിലുമല്ലെന്നും, കാലിത്തൊഴുത്തിലും ആകാമെന്നുള്ള പരമാർത്ഥം പൊങ്ങച്ചങ്ങൾ കുടി വാഴുന്ന സമൂഹങ്ങളിലെ നിസ്വർക്കും നിസ്സാരർക്കും ആത്മീയ പ്രതീക്ഷയേകി. ഉച്ചനീചത്വങ്ങളും അയിത്താചരണവും അരങ്ങുവാണിരുന്ന കാലങ്ങളിൽ, ദൈവത്തിന്റെ സാമ്രാജ്യം സ്വന്തം ഹൃദയത്തിൽ വിരിയിച്ചെടുക്കാമെന്ന സന്ദേശം ജീവിതത്തിന്റെ ഇരുളിൽ ആത്മ വിശ്വാസത്തിന്റെ ഉദയ കാന്തിയായി. രക്ഷിക്കാനും നിഗ്രഹിക്കാനുമല്ല, സ്നേഹിക്കാനും പൊറുക്കാനും കഴിയുന്ന ദൈവത്തെക്കുറിച്ചുള്ള ഒരു സൗമ്യസങ്കല്പം സാധാരണ മനുഷ്യർക്ക് ആഹ്വാനം പകർന്നു.

ഈ ആശയങ്ങളുടെ സൗന്ദര്യവും കുളിർമയുമാണ് എന്നെപ്പോലുള്ള അനേകം സാധാരണക്കാരുടെ ജീവിതങ്ങളിൽ അനുഗ്രഹം വർഷിച്ചത്. ആ സ്നേഹസൗമ്യതയുടെയും വിശ്വാസത്തിന്റെയും സ്രോതസ്സാകട്ടെ, മാനവചരിത്രത്തെ പ്രകാശപൂർണ്ണമാക്കുന്ന ഒരാളിലും. ദൈവമായ മനുഷ്യനും മനുഷ്യനായ ദൈവവുമായ ക്രിസ്തുവിൽ.





## മസുമൂർ

'മസുമൂറോ' എന്ന വാക്കിനു സങ്കീർത്തനം എന്നാണ് അർത്ഥം 'സ്മാർ' എന്ന ക്രിയ ധാതുവിൽ നിന്നാണ് ഈ വാക്ക് ഉണ്ടായിട്ടുള്ളത്. 'സ്മാർ' എന്നതിനു പാടുക (chant) കിന്നരം വായിക്കുക എന്നൊക്കെയാണ് അർത്ഥം ഇതേ ക്രിയാധാതുവിൽ നിന്നു തന്നെ ഉണ്ടായിട്ടുള്ള പദമാണ് 'മ്സമറോനോ' എന്നുള്ളത്. അതിന് പാട്ടുകാരൻ എന്നാണ് അർത്ഥം. ശെമ്മാശന്മാരുടെ കീഴായിട്ടുള്ളു ഒരു ഗണമാണിത്. ആരാധനയിൽ സങ്കീത്തനാലാപം നിർവഹിക്കുന്ന ദൗത്യമായതിനാൽ ഇവരുടെ പട്ടം കൊട ശുശ്രൂഷയിൽ സങ്കീർത്തന പുസ്തകം നൽകുന്നു. മസ്മറോൻമാർക്ക് മധുര ശബ്ദ ഗായകരാകണമെന്നും ഗായകസംഘത്തെ നയിക്കണമെന്നും പിതാക്കന്മാരുടെ നിയമങ്ങളിൽ കൂടി ചേർക്കുന്നു.

**ഫാ. മാത്യു വർഗീസ്, അടൂർ**

## തെരഞ്ഞെടുത്തു



തിരുവനന്തപുരം ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അലക്സാണ്ടർ വൈദ്യൻ കോർ എപ്പിസ്ക്കോപ്പാ തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രൽ ഇടവകയിൽ വാഴയിൽ കുടുംബാംഗം. ഭദ്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡന്റ്, സെമിനാരി ഗവേണിംഗ് ബോർഡ് അംഗം, ശ്രീകാര്യം മാർ ബസേലിയോസ് ഗ്രിഗോറിയോസ് പള്ളി വികാരി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കൗൺസിൽ അംഗങ്ങൾ ഫാ. മാത്യു ഏബ്രഹാം, ഫാ. റെജി ലൂക്കോസ്, ഡോ. വിനോദ് ജോൺ, പ്രവീൺ ജേക്കബ്, റ്റി. ജെ. തോമസ്, തരകൻ, പി.റ്റി. കൊച്ചുമ്മച്ചൻ, അലക്സാണ്ടർ വർഗീസ് (ഓഡിറ്റർ)




മീനച്ചിലാർ

# നമ്മിലൊരാൾ



## ഇ. ജെ. ജോസഫ്, എറികാട്

**മുൻ അസോ. സെക്രട്ടറി**

താഴത്തങ്ങാടി എറികാട്ട് വീട്ടിലെ സ്വീകരണ മുറിയിലേക്ക് നിരങ്ങി വരുന്ന ഒരു വാക്കർ... വാക്കറിന്റെ സഹായത്തോടെ ബേബിച്ചായൻ ശ്രമപ്പെട്ട് വന്ന് ചാരുകസേരയിൽ ഇരുന്നു. അവ്യക്തമായ വാക്കുകളിലൂടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ കരുത്തനായ മുൻ സെക്രട്ടറി തന്റെ ഗതകാല സ്മരണകളിലൂടെ സഞ്ചരിക്കുകയാണ്.

ഏതോ ഒരു നിമിഷാർദ്ധത്തിൽ വാക്കുകൾക്കു പരതിയ ബേബിച്ചായന്റെ രക്ഷയ്ക്ക് അകത്തുനിന്നും സഹധർമ്മിണിയുടെ ശബ്ദമെത്തി... ആകാംക്ഷയോടെ ഞങ്ങൾ നോക്കി നിൽക്കെ അടുത്ത മുറിയിൽ നിന്നും വാക്കർ ചലിപ്പിച്ചുകൊണ്ട് അമ്മച്ചിയെത്തി. ആയാസപ്പെട്ട് കസേരയിലിരുന്നു. വാചോടാപങ്ങൾക്കപ്പുറം മലങ്കരയെന്ന വിശുദ്ധ സമുദായത്തെ നെഞ്ചോടു ചേർത്ത എറികാട് ബേബിച്ചായനെന്ന ഇ.ജെ. ജോസഫ് തന്റെ 95-ാം വയസ്സിലും പ്രസന്നൻ. പ്രിയതമന്റെ ഓർമ്മകൾക്കിടയിലെ സൂര്യപ്രകാശമായി 87 കാരി അന്നമ്മ ജോസഫ്. അദ്ദേഹത്തിന്റെ ഓർമ്മകൾ ചികഞ്ഞ് കൂടുതലും സംസാരിച്ചത് അന്നമ്മയമ്മച്ചിയാണ്.

# ജീവിതവും ബാങ്കും എന്റെ സഭയ്ക്കായി...



ചരിത്രം ഒരാളെ അടയാളപ്പെടുത്തുന്നത് അയാളുടെ സുകൃതങ്ങളുടെ പേരിലാണ്. മുൻ അസോ. സെക്രട്ടറിയായ ഇ. ജെ. ജോസഫ് എന്ന **എറികാട്ട് ബേബിച്ചായന്** സഭാ സേവന സരണിയിൽ ധാരാളം സാമ്പത്തിക വ്യയങ്ങളുണ്ടായിട്ടും അവയെല്ലാം ഒരു സുകൃതമായി കാണുകയായിരുന്നു. സഭ തന്നെ എന്റെ സമ്പത്ത് എന്ന് കരുതിയ ഒരാൾക്കു മുന്നിൽ ശതാബ്ദി വന്ദനങ്ങൾ...

### സഭ മുമ്പേ, പരീക്ഷ പിമ്പേ..

വട്ടശ്ശേരിൽ തിരുമേനിക്ക് അസുഖമായിക്കിടന്ന കാലം. ബേബിച്ചായൻ അന്ന് സിക്സ്ത് ഫോറത്തിൽ പഠിക്കുന്നു. പരീക്ഷാക്കാലം കൂടിയാണ്. രാവിലെയും ഉച്ച കഴിഞ്ഞും ഓരോ പരീക്ഷകൾ. തിരുമേനിക്ക് അസുഖം കലശലാണെന്ന് ഒരറിയിപ്പുണ്ടായി. ആദ്യപരീക്ഷ കഴിഞ്ഞ കൊച്ചു ബേബി നേരെ പഴയ സെമിനാരിയിലേക്കോടി. പിന്നെ സ്വയം മറന്നൊരു നില്പായിരുന്നു. ആ വർഷം കൊച്ചു ബേബി ജയിച്ചില്ല. കാരണം ഉച്ചകഴിഞ്ഞുള്ള പരീക്ഷ എഴുതാൻ വിട്ടുപോയി.

### ഫെൽ ഇൻ ലൗ; ബിക്കോസ്...

പത്തനാപുരം തിരുമേനിയാണ് അന്നമ്മയ്ക്ക് വിവാഹം ആലോചിച്ചത്. കോട്ടയം താഴത്തങ്ങാടിയിൽ മാലാഖയെപ്പോലെ ഒരു കൊച്ചനുണ്ടത്രെ! അന്നമ്മ അഖില മലങ്കര സമ്മാനങ്ങളും കർണാട്ടിക് മ്യൂസിക്കുമായി കഴിയുന്ന കാലം. പീരുമേട് -നീലഗിരികളിൽ സ്വന്തമായി എസ്റ്റേറ്റുകൾ ഉള്ള പ്ലാന്ററായിരുന്നു പിതാവ്. ചേപ്പാട്ട് ഏവരത്ത് കിഴക്കേതിൽ കുടുംബം. എറികാട്ട് കുടുംബത്തിന് അക്കാലത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലം 'സ്ത്രീ ധനം' എന്ന പിതൃസ്വത്തവകാശം ചോദിച്ചുപോയി. പണം ചോദിച്ച ചെക്കനെ വേണ്ടെന്ന പെൺവീട്ടുകാർ. പക്ഷെ പത്തനാപുരം തിരുമേനി ഉപയോഗിച്ച പ്രയോഗങ്ങളും വിവരണങ്ങളും 'ക്ഷ' പിടിച്ച കൊച്ചന്നമ്മ വാശി പിടിച്ചു. എനിക്ക് ബേബിച്ചനെ മതി. വീട്ടുകാർ എതിർത്തു; പെൺകുട്ടിയുടെ പിടിവാശി ജയിച്ചു... കാലങ്ങൾക്കു ശേഷം മീനച്ചിലാറിന്റെ കാറ്റേറ്റു ചാരു കസേരയിൽ കിടക്കുന്ന വന്ദ്യ വയോധികനെ നോക്കി അന്നമ്മച്ചി ഞങ്ങളോട് പറയുന്നു... ഒരു തുള്ളി കള്ള് അദ്ദേഹത്തിന്റെ നാവിൽ വീണിട്ടില്ല... ശരിക്കും ഒരു മാലാഖയാണിത്. അന്നമ്മച്ചിയുടെ മിഴി നിറഞ്ഞു.

### പിതാക്കന്മാരുടെ വഴിയേ

മലങ്കരസഭയുടെ ചരിത്രത്തിൽ ഒരു അത്മായ ട്രസ്റ്റിയുടെ മകൻ അസോസിയേഷൻ സെക്രട്ടറി ആകുന്നത് ആദ്യമായിട്ടാണ്. സമുദായ ട്രസ്റ്റിയായിരുന്ന എറികാട്ട് ഇ. ഐ. ജോസഫ് എന്ന എറികാട് കുഞ്ചപ്പന്റെ മകൻ അങ്ങനെ അസോസിയേഷൻ സെക്രട്ടറിയായി. സമുദായം പറഞ്ഞു നടന്ന പിതാവിന്റെ പുത്രൻ പൂർണ്ണ സമയ മിഷണറിയായി മാറി. 1951 മുതൽ 66 വരെ 15 വർഷം പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പവും, 1980 മുതൽ 85 വരെ പ. മാത്യൂസ് പ്രഥമൻ ബാവായോടൊപ്പവും സ്ഥാനിയായി പ്രവർത്തിച്ചു. 1951 ലെ കൊട്ടാരക്കരയിൽ നിന്നുള്ള മഹാസ്വീകരണം, 1958-ലെ സുപ്രീംകോടതി വിധി, പരസ്പര സ്വീകരണം 1958 ലെ പുത്തൻ കാവ് അസോസിയേഷൻ, 1982-ലെ കാതോലിക്കേറ്റ് സപ്തതി സമ്മേളനങ്ങൾ, 1984 ലെ പ. വട്ടശ്ശേരിൽ തിരുമേനി ചരമ കനക ജൂബിലി... ഇതൊക്കെ എറികാട്ട് ബേബിച്ചായന്റെ സേവന സരണിയിലെ പകരം വയ്ക്കാനാകാത്ത കീർത്തി മുദ്രകൾ.

### സ്വർഗ്ഗത്തിൽ നിക്ഷേപം

ഫോർവേർഡ് ബാങ്കിന്റെ മാനേജർ ആയിരുന്നു ബേബിച്ചായൻ. വിവാഹം കഴിഞ്ഞ് ഗസറ്റഡ് ഓഫീസറായി സിംലയിലേയ്ക്കു നിയമനം വന്നു. സമുദായ സ്നേഹം മൂലം പോയില്ല. നിത്യവും ബാങ്കിൽ പോകാതെ ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചിന്റെ കടയിൽ പോയിരുന്ന് സമുദായം പറയും. പല ചെക്കുകളും പരിചയത്തിന്റെ പേരിൽ പാസ്സാക്കിക്കൊടുത്തു. ഒടുവിൽ ഓവർഡ്രാഫ്റ്റായി... 14 ഏക്കറും, 200 പവനും ആയിരുന്നു എന്റെ ഓഹരി. അന്നത്തെ കാലത്തെ ഒരു നല്ല ബാങ്ക്, കുതിരവണ്ടി, ഓക്‌ലാൻഡ് കാർ ഇവയെല്ലാം എറികാട്ടുണ്ടായിരുന്നു.

സമുദായം പറഞ്ഞ് ഉള്ളതെല്ലാം നഷ്ടപ്പെടുത്തുമ്പോൾ അമ്മച്ചി എന്നെ വിളിച്ചു മുന്നറിയിപ്പു നൽകുമായിരുന്നു ശനിയാഴ്ച വൈകുന്നേരം ബേബിച്ചായൻ കെട്ടു കണക്കിന് നോട്ടുമായിട്ടാണ് വീട്ടിൽ നിന്ന് ഇറങ്ങുന്നതെന്ന്... പള്ളിപ്പണി, വിവാഹ സഹായം ഇതൊക്കെയായിരുന്നു പ്രധാന ധനവിനിയോഗ കാരണങ്ങൾ. (താഴത്തങ്ങാടി പള്ളി പൂർണ്ണമായും പണി കഴിപ്പിച്ചത് ഇദ്ദേഹമാണ്. 1950 കളിൽ ഒരു ചാക്ക് സിമന്റിന് നാലര രൂപയും, ഒരു ആശാരിക്ക് രണ്ട് രൂപ കൂലിയുമുണ്ടായിരുന്ന കാലത്താണ് 18,000 രൂപ നൽകി വസ്തു സമ്പാദിച്ചതും 3 ലക്ഷം രൂപ മുടക്കി പള്ളി പണിതതും കൂദാശ ചടങ്ങുകൾ നടത്തിയതും. സഭാംഗങ്ങളിൽ നിന്നു സമാഹരിച്ചത് ഏഴായിരം രൂപാ മാത്രമായിരുന്നു. 60 വർഷത്തിനു മുമ്പുള്ള കഥ.) ഇതേപ്പറ്റി അന്നമ്മച്ചി ബേബിച്ചായനോട് സൂചിപ്പിച്ചപ്പോൾ അദ്ദേഹം പൊട്ടിത്തെറിച്ചു... എന്റെ കാശ് എന്റെ സമുദായത്തിനുവേണ്ടി ഞാൻ ചെലവാക്കും. നിനക്കു വല്ലതും വേണമെങ്കിൽ എന്നോടു ചോദിച്ചു കൊള്ളുക.

കുടുംബ സ്വത്ത് എടുത്ത് കേസ് നടത്തിയതും ഓർക്കുന്നു. പഴയ സെമിനാരി റിസീവർ ഭരണത്തിലായപ്പോൾ ബേബിച്ചനാണ് കേസ് തുടർന്ന് നടത്തിയത്. വിവിധ പള്ളിക്കേസുകൾ, സമുദായ പരിപാടികൾ രാപ്പകലില്ലാത്ത യാത്രകൾ... എറികാട് തറവാട് ക്ഷയിച്ചു എന്നൊന്നുമല്ല പറയുന്നത്. സഭയ്ക്കു വേണ്ടി ചെയ്തത് സുകൃതമായി കാണുന്നു. ഏകദേശം

*ശേഷം 31-ാം പേജിൽ*



# തെവദ്രോസ് മാർപാപ്പാ



## വിശുദ്ധ മർക്കോസിന്റെ പിൻഗാമിയുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മാർ തോമ്മാ ശ്ലീഹായുടെ പിൻഗാമി...

■ വർഗീസ് ജോൺ തോട്ടപ്പുഴ

ഈജിപ്തിലെ കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ തലവനായി തെവദ്രോസ് രണ്ടാമൻ മാർപാപ്പാ സ്ഥാനാരോഹണം ചെയ്തു. നവംബർ 18ന് കെയ്റോയിലെ സെന്റ് മാർക്ക്സ് കത്തീഡ്രലിൽ *അലക്സന്ത്രിയായിലെ പോപ്പും വിശുദ്ധ മർക്കോസിന്റെ സിംഹാസനത്തിലെ 118–ാമത്തെ പാത്രിയർക്കീസും* ആയിട്ടാണ് ഇദ്ദേഹം സ്ഥാനാരോഹണം ചെയ്തത്. മാർച്ച് 17നു കാലം ചെയ്ത പോപ്പ് ഷെനൗഡാ മൂന്നാമന്റെ പിൻഗാമിയാണ്. സഭയുടെ താൽക്കാലിക തലവൻ അബ്ബാ പക്കോമിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമികനായിരുന്നു.



ப. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ, പ. ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, എത്യോപ്യൻ സഭയുടെ താൽക്കാലിക തലവൻ ആബൂനാ നഥാനിയേൽ, അലക്സന്ത്രിയായിലെ ഗ്രീക്ക് പാത്രിയർക്കീസ് പോപ്പ് തിയഡോറോസ് രണ്ടാമൻ തുടങ്ങിയവർ സംബന്ധിച്ചു. അർമേനിയൻ സഭയുടെ ഇരു കാതോലിക്കോസേറ്റുകളും എറിത്രിയൻ സഭയും കോൺസ്റ്റാന്റീനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കേറ്റ് ഉൾപ്പെടെ വിവിധ ബൈസന്റയിൻ സഭകളും റോമൻ കത്തോലിക്കാ സഭയും (കർദിനാൾ കുർട്ട് കോക്ക്) പ്രതിനിധികളെ അയച്ചിരുന്നു. ഈജിപ്ഷ്യൻ പ്രധാനമന്ത്രി ഹിഷാം ഖൻദീൽ ഉൾപ്പെടെ ഒട്ടേറെ പ്രമുഖർ പങ്കെടുത്തു. മലങ്കര സഭയുടെ പ്രതിനിധി സംഘത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. കെ.എം. ജോർജ്, ഫാ. ഏബ്രഹാം തോമസ്, ഡീക്കൻ ജിസ് ജോൺസൺ, ജേക്കബ് മാത്യു (ജോജോ) എന്നിവരുമുണ്ടായിരുന്നു.



സ്ഥാനാരോഹണശേഷം പ. കാതോലിക്കാ ബാവാ നടത്തിയ ആശംസാപ്രസംഗത്തിൽ ഇന്ത്യ–ഈജിപ്ത് രാജ്യങ്ങളുടെയും കോപ്റ്റിക്–മലങ്കര സഭകളുടെയും പൗരാണിക ബന്ധങ്ങളെ അനുസ്മരിച്ചു. പിന്നീട് പ. കാതോലിക്കാ ബാവായും സംഘവും പുതിയ പോപ്പിനെ സന്ദർശിച്ചു. ഇന്ത്യൻ സന്ദർശനത്തിനായി അദ്ദേഹത്തെ ക്ഷണിച്ചു. ഇന്ത്യൻ എംബസിയിൽ അംബാസഡർ നവ്ദീപ് സുരി മലങ്കര സംഘത്തിനു സ്വീകരണം നൽകി. അബു മാത്തൻ ജോർജ് ഐഎഫ്എസ് ഒപ്പമുണ്ടായിരുന്നു.





# സ്ഥാനാരോഹണം ചെയ്തു



പ. കാതോലിക്കാ ബാവാ, പ. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായെ നേരിൽ കണ്ട് സ്നേഹാശംസകൾ അർപ്പിച്ചു; അയുരാരോഗ്യങ്ങൾ നേർന്നു. സിറിയൻ-മലങ്കര സഭാ പ്രതിനിധികൾ പരസ്പരം സന്ദർശനങ്ങൾ നടത്തി. പ. കാതോലിക്കാ ബാവാ നടത്തിയ വിരുന്നു സൽക്കാരത്തിൽ സിറിയൻ ഓർത്തഡോക്സ് സഭയുടെ സിനഡ് സെക്രട്ടറി മാർ തെയോഫിലോസ് ജോർജ് സലീബാ മെത്രാപ്പോലീത്താ ഉൾപ്പെടെയുള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭാ പ്രതിനിധികൾ സംബന്ധിച്ചു.

പോപ്പ് തെവദ്രോസ് (Pope Tawadros II) എന്ന വാഗി സുഭി ബാകി സുലൈമാൻ 1952 നവംബർ നാലിന് മൻസുറായിൽ ജനിച്ചു. ഫാർമസി ബിരുദധാരിയാണ്. 1986ൽ ആശ്രമത്തിൽ ചേർന്നു; 1988ൽ സന്യാസിയായി. 1989ൽ വൈദികനും 1997 ജൂൺ 15ന് ബിഷപ്പും ആയി. ബെഹയ്റാ യുടെ സഹായ മെത്രാനായി പ്രവർത്തിച്ചു. 60 വയസ് പൂർത്തിയായ ദിവസമായിരുന്നു തെരഞ്ഞെടുപ്പ്. ഏറ്റവും കൂടുതൽ വോട്ടു ലഭിച്ച ബിഷപ്പ് റഫായേൽ പിന്നീട് സിനഡ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു.

തിയഡോറോസ് (തേവോദോറോസ്) എന്ന ഗ്രീക്ക് പേരിന്റെ കോപ്റ്റിക് രൂപമാണ് തെവദ്രോസ് (താദ്രോസ്). *ദൈവത്തിന്റെ ദാനം* എന്നാണ് അർത്ഥം. അലക്സന്ത്രിയായിലെ 45-ാമത്തെ പോപ്പാണ് (730 - 742) ഒന്നാമത്തെ തിയഡോർ. അലക്സന്ത്രിയായിലെ ഇപ്പോഴത്തെ ഗ്രീക്ക് പാത്രിയർക്കീസിന്റെ പേരും പോപ്പ് തിയഡോറോസ് രണ്ടാമൻ എന്നാണ്. 1954ൽ ജനിച്ച ഇദ്ദേഹം 2004ലാണ് മാർപാപ്പായായത്. കോപ്റ്റിക് പാത്രിയർക്കീസുമാരായ കോസ്മാസ് I (729-731), മിഖായേൽ III (880-907), മർക്കോസ് III (1166-1189) എന്നിവരുടെ കാലത്തും അതേ പേരുള്ള ഗ്രീക്ക് പാത്രിയർക്കീസുമാരുണ്ടായിരുന്നു.

സുദീർഘമായ ഒരു പ്രക്രിയയിലൂടെയാണ് കോപ്റ്റിക് സഭാ തലവന്റെ തെരഞ്ഞെടുപ്പ്. പ്രാരംഭഘട്ടത്തിലുണ്ടായിരുന്ന 17 സ്ഥാനാർത്ഥികളിൽ (ഒരു മെത്രാപ്പോലീത്താ, 6 മെത്രാന്മാർ, 10 സന്യാസി വൈദികർ) നിന്ന് സ്ഥാനാർത്ഥി നിർണയ സമിതി യോഗ്യരെന്നു കണ്ടെത്തിയ 5 പേരായിരുന്നു ഒക്ടോ. 29-ന് നടന്ന തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായത്. ഏകദേശം 2400 സഭാ പ്രതിനിധികളായിരുന്നു വോട്ടർമാർ. ബിഷപ്പ് റഫായേൽ (1980), ബിഷപ്പ് തെവദ്രോസ് (1623), ഫാ. റഫായേൽ (1530), ഫാ. സെറാഫിം (680), ഫാ. പക്കോമിയോസ് (305) എന്നിവരായിരുന്നു സ്ഥാനാർത്ഥികൾ. (ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ട് ബ്രാക്കറ്റിൽ). ഉഭയ കക്ഷി ഉടമ്പടി പ്രകാരം (വകുപ്പ് 7) എത്യോപ്യൻ സഭയുടെ 5 ബിഷപ്പുമാരും ഈജിപ്റ്റിൽ എത്തി വോട്ടു ചെയ്തു. രാഷ്ട്രീയ കാരണങ്ങളാൽ എറിത്രിയൻ സഭയിൽ നിന്നുള്ള (10) പ്രതിനിധികൾക്ക് വന്നെത്താൻ കഴിഞ്ഞില്ല. ഇതുപോലെ എത്യോപ്യൻ-എറിത്രിയൻ സഭാ തലവന്മാരുടെ തെരഞ്ഞെടുപ്പിൽ കോപ്റ്റിക് സഭാ പ്രതിനിധികൾക്ക് തുല്യ പങ്കാളിത്തമുണ്ട്.

സഭാ പാരമ്പര്യപ്രകാരം കൂടുതൽ വോട്ടു ലഭിച്ച ആദ്യത്തെ മൂന്ന് സ്ഥാനാർത്ഥികളിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് പുതിയ സഭാ തലവനെ കണ്ടെത്തിയത്. നവം. 4-ന് സെന്റ് മാർക്ക്സ് കത്തീഡ്രലിൽ വി. കുർബാനയ്ക്കു ശേഷം ബിഷോയി ഗിർഗിസ് മസാദ് എന്ന അൾത്താര ബാലനാണ് നറുക്കെടുത്തത്. മുൻകാലത്ത് മൂന്നു സ്ഥാനാർത്ഥികളുടെ പേരെഴുതിയ കുറികളോടൊപ്പം *യേശുക്രിസ്തു, നല്ല ഇടയൻ* എന്നെഴുതിയ ഒരു കുറിയും നറുക്കിടുമായിരുന്നു. നാലാമത്തെ കുറിയാണ് ലഭിക്കുന്നതെങ്കിൽ തെരഞ്ഞെടുപ്പു പ്രക്രിയ പ്രാരംഭഘട്ടം മുതൽ ആവർത്തിക്കും. വൈദികനാണ് തെരഞ്ഞെടുക്കപ്പെട്ടതെങ്കിൽ സ്ഥാനാരോഹണ ശുശ്രൂഷയിൽ തന്നെ അദ്ദേഹത്തെ മെത്രാനായും പാത്രിയർക്കീസായും ഒരുമിച്ച് അവരോധിക്കും. വൈദികനല്ലാത്ത സന്യാസിയാണ് തെരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ ഒരേ ശുശ്രൂഷയിൽ തന്നെ താഴെ മുതലുള്ള എല്ലാ പൗരോഹിത്യപദവികളും പടിപടിയായി നൽകിയശേഷം പാത്രിയർക്കീസായി അവരോധിക്കുന്നതാണ് പാരമ്പര്യം.

അലക്സന്ത്രിയൻ സഭയുടെ പ്രാരംഭകാലത്ത് 12 വൈദികർ ചേർന്ന് അവരിലൊരാളെ തെരഞ്ഞെടുത്ത് ശേഷിച്ച 11 പേർ കൈവച്ച് സഭാതലവനായി അവരോധിക്കുന്ന രീതിയാണുണ്ടായിരുന്നത്. (ഈ പാരമ്പര്യത്തെ

*ശേഷം 36-ാം പേജിൽ*





ഇന്ത്യൻ അംബാസഡറിനോടൊപ്പം
പ. കാതോലിക്കാ ബാവ

# സ്നേഹ സ്മരണ

16-ാം ഓർമ്മ
(8-11-2012)

40-ാം ഓർമ്മ
(3-12-2012)



**H.H. BASELIOS MARTHOMA MATHEWS I**



**H.G. THOMA MAR DIVANYASIOS**

ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്

**Very Rev. Mathews Alexander Cor-Episcopa Kuttikandathil,**
**Mrs. Annamma Alexander,**
**Rachel Ann Mathew, Eastingon DC**

ചെറുകഥ

സാജൻ തിരുവനന്തപുരം

# അന്നമോളുടെ ക്രിസ്തുമസ് രാത്രി

ക്രിസ്തുമസിന് തലേന്നുള്ള ഒരു ഞായറാഴ്ച...!

സൺഡേ സ്കൂൾ അഞ്ചാം ക്ലാസിൽ അന്നമോൾ അദ്ധ്യാപകൻ വായിച്ച വേദഭാഗം ശ്രദ്ധയോടെ കേട്ടു കൊണ്ടിരുന്നു.

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം രണ്ടാം അദ്ധ്യായമാണ് അന്ന് അദ്ധ്യാപകൻ വായിച്ചത്. "അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ പശുത്തൊഴുത്തിൽ കിടത്തി."

ഈ വാക്യം അന്നമോളുടെ മനസ്സിൽ അനേകം ചോദ്യങ്ങളുയർത്തി

ലോകത്തിന്റെ രക്ഷകനായ ദൈവപുത്രന് എന്താണ് ആരും സ്ഥലം കൊടുക്കാഞ്ഞത്...?

തന്റെ വീട്ടിൽ ആയിരുന്നെങ്കിൽ അമ്മയോടും അച്ഛനോടും പറഞ്ഞ് വലിയ മുറി തന്നെ കൊടുക്കും. അവൾ മനസ്സിൽ പറഞ്ഞു.

വീട്ടിൽ എത്തിക്കഴിഞ്ഞ് അന്നമോൾ അമ്മയോട് ചോദിച്ചു.

"എന്താ അമ്മേ യേശുവിന് ആരും സ്ഥലം കൊടുക്കാതിരുന്നത്...?"

"അന്നത്തെ ജനം ദൈവപുത്രനെ മനസ്സിലാക്കിയില്ല മോളേ... " അമ്മ അവളോട് പറഞ്ഞു

വൈകുന്നേരം അന്നമോളുടെ അച്ഛൻ അവൾക്ക് പടക്കവും കമ്പിത്തിരിയും എല്ലാം വാങ്ങിക്കൊണ്ടു വന്നു. പക്ഷേ അതിലൊന്നും ശ്രദ്ധിക്കാതെ അച്ഛനോടും അവൾ ചോദ്യം ആവർത്തിച്ചു.

അവളുടെ ചോദ്യം കേട്ട് ചിരിച്ചു കൊണ്ടു പറഞ്ഞു "മോളേ..., തിരുവെഴുത്ത് നിവർത്തിയാകാനാണ് അങ്ങനെ സംഭവിച്ചത്."

"അപ്പോ... നമ്മുടെ വീട്ടിൽ യേശുവിന് ഇടം കൊടുക്കുവോ അച്ഛാ അങ്ങന വന്നാൽ...?"

"തീർച്ചയായും മോളേ..."അവളുടെ അച്ഛൻ മറുപടി പറഞ്ഞു

"ഉണ്ണിയേശു... ഈ ക്രിസ്തുമസിന് നമ്മുടെ വീട്ടിൽ വന്നെങ്കിൽ..." അവൾ പറഞ്ഞു

"ഉണ്ണിയേശു വരും മോളേ...നമ്മൾ യേശുവിന്റെ വാക്കുകൾ അനുസരിച്ച് പാപമില്ലാത്തവരായി ജീവിക്കുമ്പോൾ യേശു നമ്മുടെ ഹൃദയത്തിൽ ജനിക്കും...! നമ്മുടെയെല്ലാം ഹൃദയത്തിൽ ജനിക്കാൻ യേശു അനുവാദം ചോദിക്കുമ്പോൾ നമ്മൾ സന്തോഷത്തോടെ ഹൃദയത്തിൽ ഇടം കൊടുക്കണം...."

അച്ഛന്റെ വാക്കുകൾ കേട്ട് അന്നമോൾ സന്തോഷത്തോടെ പറഞ്ഞു "ഞാനെന്നും പ്രാർത്ഥിക്കും. യേശുവിനോട് എന്റെ ഹൃദയത്തിൽ ജനിക്കണമേ എന്ന്...."

മകളുടെ മറുപടി കേട്ട് ആ പിതാവ് വളരെയധികം സന്തോഷത്തോടെ അവളോടു പറഞ്ഞു.

"നല്ലത് മോളേ യേശു നമ്മിൽ ജനിച്ചാൽ നമ്മൾ സ്നേഹിക്കാൻ പഠിക്കും...! പരസ്പരം സ്നേഹിച്ചാൽ യേശു ഒരു നാളും നമ്മെ വിട്ട് പോകില്ല...!"

അച്ഛന്റെയും മകളുടേയും സംസാരം കേട്ടു കൊണ്ടു നിന്ന അമ്മ പറഞ്ഞു ങാ മോള് നേരത്തെ കിടന്ന് ഉറങ്ങിക്കോ. വെളുപ്പിനെ രണ്ടു മണിക്ക് പള്ളിയിൽ പോകേണ്ടതാ.



അമ്മയുടെ വാക്കുകൾ കേട്ട് അന്നമോൾ ഉറങ്ങാൻ കിടന്നു.

വാതിലിൽ ആരോ തുടരെ തുടരെ മുട്ടുന്നതു കേട്ട് അന്നമോൾ വാതിൽ തുറന്നു.ഗർഭിണിയായ ഒരു സ്ത്രീയും അവളുടെ കൂടെ ഒരു പുരുഷനും വാതിൽക്കൽ നിൽക്കുന്നു. ആ സ്ത്രീ വേദന കൊണ്ട് പുളയുന്നുണ്ടായിരുന്നു.കൂടെയുള്ള ആ മനുഷ്യൻ അവളെ താങ്ങിപ്പിടിച്ചിരുന്നു.

ആ മനുഷ്യൻ അന്നയോടു പറഞ്ഞു... മോളേ മോളുടെ അച്ഛനെ ഒന്നു വിളിക്കൂ....

അന്നമോൾ അച്ഛനെ വിളിച്ചു കൊണ്ടു വന്നു. സ്ത്രീയുടെ കൂട്ടത്തിലുള്ള പുരുഷൻ പറഞ്ഞു.

"ഞങ്ങൾ ദൂരെ ദേശത്തുനിന്നും വരികയാണ് ... ഇവൾക്ക് പ്രസവ സമയം അടുത്തു വെന്നു തോന്നുന്നു .....ഞങ്ങൾ പലയിടത്തും യാചിച്ചു. ആരും ശരണം തന്നില്ല.."

"അതിനെന്താ നിങ്ങൾ അകത്തുവരൂ.... മോളേ അമ്മയെ വിളിക്കൂ."

അച്ഛൻ പറഞ്ഞു കഴിഞ്ഞയുടനെ അന്നമോൾ അമ്മയെ വിളിച്ചു കൊണ്ടു വന്നു. അവർ ആ സ്ത്രീക്കും പുരുഷനും വീട്ടിൽ അഭയമേകി.

സമയം കടന്നുപോയി. അധികം വൈകാതെ ആ വീട്ടിൽ നിന്നും ഒരു കുഞ്ഞിന്റെ കരച്ചിൽ മുഴങ്ങി..!

അന്നമോൾ ആ കുഞ്ഞിനെ കണ്ടു. ഒരു ദിവ്യത കുഞ്ഞിന്റെ മുഖത്ത് കളിയാടുന്നതു പോലെ അവൾക്ക് തോന്നി...!! പെട്ടെന്ന് അവിടെ ഒരു വലിയ പ്രകാശം ഉണ്ടായി...! ആ പ്രകാശത്താൽ ആ കുഞ്ഞും എല്ലാം കാഴ്ചയിൽ നിന്ന് മറഞ്ഞു...

"മോളെ ...അന്നമോളെ...എഴുന്നേൽക്ക് പള്ളിയിൽ പോകാൻ സമയമായി"

അമ്മയുടെ ശബ്ദം കേട്ട് അന്നമോൾ അമ്പരന്നു. എവിടെ ആ കുഞ്ഞ് ...? ആ സ്ത്രീയും പുരുഷനും എവിടെ....?

"അമ്മേ ആ കുഞ്ഞെവിടെ ...?" അന്നമോളുടെ ഈ സംസാരം കേട്ട് അമ്മ അമ്പരന്നു.

"കുഞ്ഞോ........ നീ എന്താ മോളേ ഈ പറയുന്ന് നീ സ്വപ്നം കണ്ടുവല്ലേ"

അപ്പോഴാണ് അന്നമോൾക്ക് മനസ്സിലായത്... ഉറങ്ങാൻ കിടന്ന താൻ കണ്ട സ്വപ്നമായി രുന്നു വെന്നത്...!!! അവൾ അച്ഛനോടും അമ്മയോടും താൻ കണ്ട സ്വപ്നത്തെക്കുറിച്ച് പറഞ്ഞു.

അവളോട് അച്ഛൻ പറഞ്ഞു "മോളെ നീ ഉണ്ണിയേശുവിന്റെ ജനനത്തെക്കുറിച്ച് ചിന്തിച്ചല്ലേ ഉറങ്ങിയത്. അതാ അങ്ങനെ സ്വപ്നം കണ്ടത്. ആ കുഞ്ഞ് മോടെ മനസ്സിൽ ജനിച്ച യേശുവാണു മോളേ..."

സന്തോഷം കൊണ്ട് അന്നമോളുടെ കണ്ണുകൾ നിറഞ്ഞു. അവളോർത്തു. തന്റെ മനസ്സിൽ യേശു ജനിച്ചിരിക്കുന്നു. അപ്പോൾ അകലെ ദേവാലയത്തിൽ ക്രിസ്തുമസ് ആരാധക്കുള്ള മണി മുഴങ്ങി.

ആരോഗ്യവേദി

**ഡോ. ടി. അനുരാധ**



# സ്ത്രീകളും അർബുദവും

ഒരു കുടുംബത്തിന്റെ നെടുംതൂണ് സ്ത്രീയാണ്. അതുകൊണ്ട് അല്പം ശ്രദ്ധ അവനോടും കുടുംബത്തോടും ചെയ്യുന്ന ഏറ്റവും വലിയ സഹായമാണ്.

**സാ**ധാരണമായ രണ്ട് അർബുദങ്ങളാണ് സ്തനാർബുദവും (Ca Breast) ഗർഭാശയമുഖത്തിന്റെ അർബുദവും (ca cervix). ഇവ രണ്ട് രോഗങ്ങൾക്കും ഒരു പ്രത്യേകതയുണ്ട്. ഇവ രണ്ടും ലളിതമായ രീതിയിൽ പ്രാരംഭഘട്ടത്തിൽ കണ്ടുപിടിക്കാൻ കഴിയുന്നതാണ്. ഈ രണ്ട് രോഗങ്ങൾ ചികിത്സകൊണ്ട് ഭൂരിഭാഗം പേർക്കും പൂർണ്ണമായി ഭേദപ്പെടുന്നു. അവർക്ക് സാധാരണ ജീവിതത്തിലേക്കു മടങ്ങാനം സാധിക്കുന്നു. ഈ ലേഖനത്തിൽ ഈ രണ്ട് അസുഖങ്ങളെക്കുറിച്ചാണ് എഴുതുന്നത്.

നല്ല സാമ്പത്തികശേഷിയുള്ള പരിഷ്കൃത സമൂഹങ്ങളിൽ സ്തനാർബുദമാണ് സർവ്വസാധാരയായി കാണുന്നത്. പാവപ്പെട്ട ആളുകൾക്കിടയിൽ ഗർഭാശയ മുഖത്തിന്റെ കാൻസറാണ്. ഏറ്റവും അധികം കാണുന്നത്.

സ്തനാർബുദത്തിന് കാരണങ്ങൾ പറയാൻ പ്രയാസമാണ്. എങ്കിലും ചില ആളുകളിൽ അതിനു സാധ്യതയേറുന്നു. വളരെ ചെറുപ്പത്തിൽ മാസമുറ തുടങ്ങുന്നവർ, പ്രസവിക്കാത്ത സ്ത്രീകൾ, ആദ്യത്തെ ഗർഭം വളരെ വൈകുന്നവർ, കുറെ കാലം Hormone Replacement Therapy (HRT) കഴിക്കുന്നവർ, ആഹാരത്തിൽ അമിതമായ കൊഴുപ്പ് ഉപയോഗിക്കുന്നവർ എന്നിവർക്കു സാധ്യത അൽപ്പം ഏറുന്നു. ഭൂരിഭാഗം സ്തനാർബുദങ്ങളും പരമ്പരാഗതമല്ല. പല രോഗികളിലും മേൽപ്പറഞ്ഞ കാരണങ്ങൾ ഒന്നും കാണാറുമില്ല. പടിഞ്ഞാറൻ സംസ്ക്കാരത്തെ അനുകരിക്കുന്നതിന്റെ ഭാഗമായി സ്ത്രീകളിൽ ഏറിവരുന്ന മദ്യപാനവും ഗർഭാശയ മുഖത്തിന്റെ ക്യാൻസർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമൂഹത്തിൽ അധികമായി കാണുന്നു. ചെറുപ്രായത്തിൽ വിവാഹിതരാകുന്നവർ, പല ആളുകളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നവർ, കുറെ തവണ പ്രസവിച്ചവർ, വൈറസ് അണുബാധ (HPV/HIV) പുകവലി എന്നിവ രോഗസാധ്യത കൂട്ടുന്നു.

ഈ രണ്ട് രോഗങ്ങളും ഒന്നു ശ്രദ്ധിച്ചാൽ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കാം. രോഗം വരുന്നതിനു മുമ്പെ തന്നെ അതിനെ കണ്ടെത്താൻ ചെയ്യുന്ന test നെ 'screening test' എന്നു പറയുന്നു. സ്തനാ ർബുദത്തിനു ഏറ്റവും പ്രധാനമായുള്ളത് സ്വയം പരിശോധനയാണ്. എല്ലാ സ്ത്രീകളും മാസത്തിലൊരിക്കൽ സ്വയം പരിസോധന ചെയ്യേണ്ടതാണ്. സംശയകരമായി എന്തെങ്കിലുമുണ്ടെങ്കിൽ ഒരു ഡോക്ടറെ കാണുക. പേടിക്കേണ്ട, 90 ശതമാനത്തിലധികം മുഴകൾ ക്യാൻസറല്ല. 40 വയസ്സ് കഴിഞ്ഞ സ്ത്രീകൾ Mammoogram test ഡോക്ടറുടെ നിർദ്ദേശപ്രകാരം നോക്കേണ്ടതാണ്. സ്തനാർബുദം ആദ്യഘട്ടത്തിൽ മുഴയല്ലാതെ വേറെ ലക്ഷണങ്ങളൊന്നും ഉണ്ടാകുന്നില്ല. അതുകൊണ്ട് സ്വയം പരിശോധന നിർണ്ണായകമാണ്.

സ്തനാർബുദ ചികിത്സയ്ക്കായി ശസ്ത്രക്രിയ കീമോതെറാപ്പി, റേഡിയേഷൻ, ഹോർമോൺ തെറാപ്പി എന്നിവ രോഗഘട്ടമനുസരിച്ച് ഉപയോഗിക്കുന്നു.

ഗർഭാശയ മുഖ ക്യാൻസറിന്റെ രോഗ ലക്ഷണങ്ങൾ നോക്കാം. അമിതമായ രക്തസ്രാവം, വെള്ളംപോക്ക്, യോനിയിലെ വേദന എന്നിവ ഉണ്ടാവാം. ഈ രോഗത്തിന്റെ Screening test ആണ് Pap smear പരിശോധന. ഗർഭാശയ മുഖത്തിൽ നിന്നുള്ള കോശങ്ങൾ പരിശോധിക്കുന്ന രീതിയാണിത്. ഈ കാൻസറിനു ഒരു പ്രത്യേകതയുണ്ട്. ക്യാൻസർ രോഗം ഉണ്ടാവുന്നതിനു വളരെ മുമ്പെ തന്നെ ഈ ടെസ്റ്റിൽ അതിന്റെ സാധ്യത കാണാം.

▸▸



## നമ്മിലൊരാൾ...

25-ാം പേജിൽ നിന്നു തുടർച്ച...

ഒരു കോടിയോളം രൂപ ചെലവായിരിക്കണം. ചില പ്ലാന്റേഷനുകളും, ഭൂസ്വത്തുക്കളും വിൽക്കേണ്ടിയും വന്നിട്ടുണ്ട്. ബാങ്കൊക്കെ പണ്ടേ നിർത്തി. സ്ഥാനിയായിരുന്ന് സമുദായത്തിന്റെ ഒരു തുട്ടുപോലും സ്വന്തം പോക്കറ്റിൽ വീഴാൻ ഇടയാക്കിയിട്ടില്ല.

### ഒരു സാക്ഷ്യം

ബേബിച്ചായൻ കോലഞ്ചേരി ആശുപത്രിയിൽ കിടക്കുമ്പോൾ സന്ദർശകരായി എത്തിയ പറവൂർക്കാരായ രണ്ട് പേർ ആളറിയാതെ എന്നോടു അഭിപ്രായപ്പെട്ടു. "അദ്ദേഹത്തെ സെക്രട്ടറിയാക്കിയത് സഭയുടെ മഹാഭാഗ്യം. സെക്രട്ടറി കള്ളുകുടിയനും അധർമ്മിയുമല്ലല്ലോ."

അന്നമ്മ: "ഞാൻ ആരാണന്ന് അറിയാമോ?"

സന്ദർശകർ: ഒരു കോട്ടയംകാരി.

അന്നമ്മ: അല്ല. ഇ. ജെ. ജോസഫിന്റെ ഭാര്യ

സന്ദർശകർ : ഞങ്ങൾ തിന്മയൊന്നും പറഞ്ഞില്ലല്ലോ.

### SSV എന്നാൽ

സൗരാഷ്ട്രയിൽ രജിസ്ട്രേഷൻ നടത്തിയ ഒരു ഷവർലെ കാർ ആണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. ഒരിക്കൽ പോലും വീട്ടു കാര്യങ്ങൾക്ക് ആ കാർ ഉപയോഗിച്ചിരുന്നില്ല. അന്നമ്മ പ്രസവത്തിന് ആശുപത്രിയിൽ കിടന്നിട്ടുപോലും ആ കാർ തന്നില്ല; സമുദായം വക യാത്രയ്ക്ക് പോയി. SSV 2537 ആയിരുന്നു കാറിന്റെ നമ്പർ. ഇന്നാട്ടുകാർ പറയുമായിരുന്നു അതിന്റെ പൂർണ്ണരൂപം. സമുദായ സെക്രട്ടറിയുടെ വെഹിക്കിൾ (SSV).

### വീടു കൂദാശ ചെയ്ത വിശുദ്ധർ

നോമ്പനുഷ്ഠാനങ്ങൾ കൃത്യമായി കാത്തുസൂക്ഷിക്കാൻ ശ്രമിച്ചിരുന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റ് രണ്ട് പേരും പ്രാർത്ഥിക്കുമായിരുന്നു. വൈകുന്നേരം 6.30 ഉം. എല്ലാ നോമ്പുകളും അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ മൂന്നു നോമ്പും, അൻപതു നോമ്പും മാത്രം. ഉച്ചയ്ക്ക് മൂന്ന് മണിവരെ ഉപവസിച്ചാണ് അന്നമ്മച്ചി നോമ്പ് നോറ്റിരുന്നത്. സ്വകാര്യ പ്രാർത്ഥനകളിൽ കണ്ണീർ വീണ് പാമ്പാക്കുട നമസ്ക്കാരം നനഞ്ഞ് നനഞ്ഞ് ആകെ പഴകിയിരിക്കുന്നു. പിതാക്കന്മാരോടുള്ള സ്നേഹവും കരുതലും പ്രദർശിപ്പിച്ച ആ ഭവനം മലങ്കരസഭാ പിതാക്കന്മാർക്കെല്ലാം പ്രിയങ്കരമായിരുന്നു. പ. പാമ്പാടി തിരുമേനിയാണ് പുതിയ ഭവനം കൂദാശ ചെയ്തത്. ക്ഷീണിതനായിരുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ പറഞ്ഞു. 'നീ എന്നെ വിളിക്കില്ല, പക്ഷെ ഞാൻ വരും.' അങ്ങനെ രണ്ട് വിശുദ്ധർ ചേർന്നാണ് ഈ വീട് കൂദാശ ചെയ്തത്.

### പശുവിനെയും കോഴിയെയും വളർത്തി...

സമുദായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കർമ്മനിരതയോടെ പ്രവർത്തിച്ചപ്പോഴും വീട്ടാവശ്യങ്ങൾക്കുള്ള സാമ്പത്തികം അന്നമ്മച്ചി കണ്ടെത്തിയത് സ്വന്തമായ ചില സംരംഭങ്ങളിലൂടെയാണ്. മൃഗ പരിപാലനത്തിലൂടെ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും ഉന്നത നിലയിലാക്കുവാനും വരുമാനം കണ്ടെത്തി എന്നു പറയാൻ ആ അമ്മയ്ക്ക് ഇപ്പോഴും മടിയില്ല. കണ്ണീരോടുള്ള ഒരു പ്രാർത്ഥന മാത്രമായിരുന്നു. ദൈവമേ എനിക്ക് അബ്രഹാമിനെപ്പോലെ വിശ്വാസവും മറിയത്തെപ്പോലെ വിശുദ്ധിയും ശമുവേലിനെപ്പോലെ അനുസരണവും ശലോമോനെപ്പോലെ ബുദ്ധിയുമുള്ള കുഞ്ഞുങ്ങളെ തരണമേയെന്ന്...

തികഞ്ഞ ആതിഥ്യ മര്യാദയോടും ബഹുമാനങ്ങളോടും ഞങ്ങളെ സ്വീകരിച്ച ഇ. ജെ. ജോസഫ് എന്ന എറികാട് ബേബിച്ചായൻ ഈ വാർദ്ധക്യത്തിലും സമുദായത്തെപ്പറ്റി വാതോരാതെ പറഞ്ഞു കൊണ്ടിരുന്നു. കോട്ടയം ചെറിയപള്ളി ഇടവകാംഗമായ ഇ. ജെ. ജോസഫ് അന്നമ്മ ജോസഫ് ദമ്പതികൾക്ക് നാല് മക്കൾ. ഇ. ജെ. ജോസഫ് ജൂണിയർ (എഞ്ചിനീയർ), മേരി മാത്യു, തോമസ് ജോസഫ് (എഞ്ചിനീയർ, യു.എസ്.എ.), ഷേർളി സൂസൻ ചെറിയാൻ.

ഒരു മനുഷ്യൻ സമുദായത്തിനു വേണ്ടി തന്റെ ജീവനും സ്വത്തും ഇപ്രകാരം അർപ്പണ ബോധത്തോടെ ചെലവഴിച്ചുവെന്നത് ഈ പുതു തലമുറയുടെ അറിവിനായി ഒരല്പം വേദനയോടെ സമർപ്പിക്കുന്നു.

*തയ്യാറാക്കിയത്: – ഫാ. തോമസ് പി. മുകളിൽ, സോജു ജോഷ്വ, പുന്നക്കാട്ട്* ■

## ഓർമ്മപ്പെരുന്നാളുകൾ

**വാകത്താനം:** മലങ്കരയുടെ 2-ാം കാതോലിക്കാ പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമനസിലെ 84-ാം ഓർമ്മപ്പെരുന്നാൾ വള്ളിക്കാട്ട് ദയറായിൽ ഡിസം. 10 മുതൽ 17 വരെ.

**ദേവലോകം:** മലങ്കരയുടെ 4-ാം കാതോലിക്കാ പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ 37-ാം ഓർമ്മപ്പെരുന്നാൾ ദേവലോകം അരമനയിൽ ഡിസം. 7, 8 തീയതികളിൽ.

**വെട്ടിക്കൽ:** വെട്ടിക്കൽ ദയറായിൽ പ. പരുമലത്തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഡിസം. 4,8,9,10 തീയതികളിൽ.

**പത്തനാപുരം:** തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 40-ാം ഓർമ്മയും, സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 15-ാമത് ഓർമ്മയും, ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 1-ാമത് ശ്രാദ്ധപ്പെരുന്നാളും സംയുക്തമായി പത്തനാപുരം സെന്റ് സ്റ്റീഫൻസ് മൗണ്ട് താബോർ ദയറാ ചാപ്പലിൽ ഡിസം. 2,3 തീയതികളിൽ കൊണ്ടാടി.

---

▶▶

(CIN). ഗൈനക്കോളജിസ്റ്റിനെ കണ്ടു വേണ്ട ചികിത്സ ചെയ്താൽ ഈ കാൻസർ തടയാം. ഗർഭാശയ മുഖ ക്യാൻസറിന്റെ ചികിത്സയ്ക്കായി റേഡിയേഷൻ ആണ് പ്രധാനമായും ചെയ്യുന്നത്. ആരംഭഘട്ടങ്ങളിൽ ശസ്ത്രക്രിയയും ചെയ്യുന്നു.

ആരംഭഘട്ടത്തിൽ നിർണ്ണയിച്ച് ചികിത്സിച്ചാൽ ഈ രണ്ട് ക്യാൻസറുകളും പൂർണ്ണമായി ഭേദമാകും. സംശയങ്ങൾ അവഗണിക്കാതിരിക്കുക. നാണം കൊണ്ടോ ബാക്കി കുടുംബാംഗങ്ങൾക്കുള്ള ബുദ്ധിമുട്ട് ആലോചിച്ചിട്ടോ ഇന്നും ചില സ്ത്രീകൾ ഇതു കൊണ്ടു നടക്കുന്നു. ഒരു കുടുംബത്തിന്റെ നെടുംതൂണ് സ്ത്രീയാണ്. അതുകൊണ്ട് അല്പം ശ്രദ്ധ അവനോടും കുടുംബത്തോടും ചെയ്യുന്ന ഏറ്റവും വലിയ സഹായമാണ്.

*– ലേഖിക ഡോ. അനുരാധ ടി., പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിലെ ഓങ്കോളജി/ കമ്മ്യൂണിറ്റി ഓങ്കോളജി-പാലിയേറ്റീവ് കെയർ വിഭാഗം മേധാവിയാണ്.* ■



## ശതാബ്ദി

ക്രിസോസ്റ്റം മാർത്തോമ്മാ
വലിയ മെത്രാപ്പോലീത്താ




ജനു. 1, 2, 3 തീയതികളിൽ

# ദൈവത്തെ അറിഞ്ഞ മനുഷ്യൻ

കുറിച്ചി വലിയ പള്ളിയിൽ വച്ച് നടന്ന
പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ
മെത്രാഭിഷേക ശതാബ്ദി സമ്മേളനത്തിൽ നിന്നുള്ള പ്രഭാഷണം

**ബ**സ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ പിതാവിന്റെ മെത്രാഭിഷേക ശതാബ്ദിയുടെ ഈ മീറ്റിംഗിൽ എനിക്ക് സംബന്ധിക്കാൻ സാധിച്ചതിൽ ഭാഗ്യമായി.

സ്മരണപ്രസംഗം വളരെ പ്രയാസമുള്ള കാര്യമാണ്. എല്ലാവരും മരിക്കും എന്നാൽ ചരമപ്രസംഗം കൂടി കഴിഞ്ഞിട്ടേ നമ്മുടെ ആത്മാവ് പോകൂ. നമ്മുടെ ബാവാ തിരുമേനിയെപ്പറ്റി ഒരു കുമ്പസാരവും കൂടാതെ "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞ വാക്യങ്ങൾ ഞാൻ പറഞ്ഞാൽ ദൈവം എതിർക്കുകയില്ല. കാരണം ഞാൻ കണ്ടിട്ടുള്ളതിൽവെച്ച്



മലങ്കരയിൽ ആദ്യമായി അഞ്ച് മേല്പട്ടക്കാരെ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ വാഴിച്ചപ്പോൾ

*ഇരിക്കുന്നവർ ഇടത്തുനിന്ന്:* അലക്സിയോസ് മാർ തേവോദോസിയോസ്, ഔഗേൻ മാർ തീമോത്തിയോസ് (പിന്നീട് ബാവാ), പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് (പാമ്പാടി), തോമാ മാർ ദീവന്നാസിയോസ്.
*നിൽക്കുന്നവർ ഇടത്തുനിന്ന്:* ദാനിയേൽ മാർ പീലക്സിനോസ്, മാത്യൂസ് മാർ കൂറിലോസ് (പിന്നീട് ബാവാ), പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ് പാറേട്ട്, മാത്യൂസ് മാർ അത്താനാസിയോസ് (പിന്നീട് ബാവാ)

യേശുക്രിസ്തുവിനോട് ഇത്രയും അടുത്ത ഒരാൾ. ഞങ്ങൾ അയൽവാസികളായി 10 വർഷം കോട്ടയത്ത് താമസിച്ചു. ഞാൻ ഒരു ബിഷപ്പായിട്ടാണ് കോട്ടയത്ത് 10 വർഷം താമസിച്ചത്. ഞാൻ തിരുമേനിയുടെ അയൽവാസിയാണ്. അദ്ദേഹത്തെ പലപ്പോഴും പോയി കാണും. അദ്ദേഹത്തിന് എന്നോട് വലിയ വാത്സല്യമാണ്. എനിക്ക് അദ്ദേഹത്തെ വലിയ ബഹുമാനവും. അദ്ദേഹം ആരെയും വകവയ്ക്കുന്ന ആളല്ല. എന്നാൽ എന്നെ വളരെ സ്നേഹിച്ചു. നമ്മുടെ പാറേട്ടെ തിരുമേനി പറയുമായിരുന്നു, തിരുമേനി ഇത് എങ്ങനെ സമ്പാദിച്ചെടുത്തു. ഞങ്ങളെക്കാൾ ഒക്കെ വളരെ അടുപ്പമാണല്ലോ. ഞാൻ അവിടെ അരമനയിൽ ചെല്ലുമ്പോൾ ധാരാളം സമയം സംസാരിക്കും. അതുകഴിഞ്ഞിട്ട് പോകാൻ നേരത്ത് ശെമ്മാശനെ വിളിച്ച് എന്റെ കൂടെ കുറച്ചുദൂരം വരും. പാറേട്ട് തിരുമേനി പറഞ്ഞു ഞങ്ങൾ പോകുമ്പോൾ എഴുന്നേല്ക്കുക കൂടി ഇല്ല. ആദ്യമായി മെത്രാനായ ഞാൻ വളരെ വർഷങ്ങളായി ബാവായായിരുന്ന അദ്ദേഹം ഇത്രയും വാത്സല്യം കാണിച്ചപ്പോൾ ഞാൻ അറിയാതെയങ്ങ് ഉയർന്നുപോയി, അതുകൊണ്ട് സ്വല്പം അഹങ്കാരവും അഹംഭാവവും ഉണ്ടായെങ്കിൽ അത് ഈ വന്ദ്യ പിതാവിന്റെ എന്നോടുള്ള സ്നേഹത്തിന്റെ ഫലമായിട്ടാണ്.

അദ്ദേഹം ദൈവത്തെ അനുഭവിച്ച ഒരാളാണ്. ദൈവത്തെ പരമാർത്ഥതയോടുകൂടി സ്നേഹിച്ചിരുന്ന മനുഷ്യനാണ് പ. ബാവ.

ദൈവം ദൈവമായിരുന്നതുകൊണ്ട്, മനുഷ്യൻ മനുഷ്യനായ ദൈവത്തിലായതുകൊണ്ട് ആ ദൈവത്തെ സ്നേഹിക്കുകയും ആ ദൈവത്തെ ആരാധിക്കുകയും, ആ ദൈവത്തെ അനുഭവിക്കുകയും ചെയ്ത ഒരാളാണ്. അതുകൊണ്ടാണ് യേശുക്രിസ്തുവിനെപ്പറ്റി പറഞ്ഞതുപോലെ "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന്.

അദ്ദേഹത്തിന്റെ അകവും പുറവും ഒരുപോലെ ആയിരുന്നു. ഇതാണ് എനിക്ക് അദ്ദേഹത്തെക്കുറിച്ച് പറയാനുള്ളത്. ഇങ്ങനെയുള്ള ആളുകൾ 100 വർഷത്തിൽ ഒരാളെ കാണുകയുള്ളു. ധാരാളം ആളുകൾ ഉണ്ട് എന്നാൽ ഇതുപോലെയുള്ള ഒരു പരിശുദ്ധനെ കാണണമെങ്കിൽ ഇനിയും 100 വർഷമെടുക്കും. അല്ലെങ്കിൽ വേറൊരാളെ കാണിക്ക്. മനോരമ പഴയ എഴുത്തുകളൊക്കെ നോക്കിയിട്ട് ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ എനിക്ക് രഹസ്യമായി ഒരു എഴുത്ത് എഴുതണം.

ഈ കഴിഞ്ഞ 100 വർഷം ഇദ്ദേഹത്തെപ്പോലെ ദൈവത്തിനു പ്രസാദമുള്ളതും ദൈവത്തിൽ സന്തോഷിക്കുന്നതുമായ ഒരാൾ ഉണ്ടായിട്ടുണ്ടോ?

എന്നോട് ഓർത്തഡോക്സിലെ തിരുമേനിമാരു ചോദിക്കും നിങ്ങൾ തമ്മിൽ എങ്ങനെ! ഇദ്ദേഹം അങ്ങനെ എല്ലാവരെയും ഒക്കെ സ്വീകരിക്കുന്ന ആളല്ലല്ലോ. ഞാൻ പറഞ്ഞു, അതിന്റെ കാരണം നിങ്ങൾ ബിഷപ്പുമാരാണ്. ഞാൻ അദ്ദേഹത്തിന്റെ ചെറിയ പടിയാണ്. എന്നെ ഒരു മകനെപ്പോലെയാണ്. അല്ലാതെ ഒരു ബിഷപ്പായി കരുതിയിട്ടില്ല.

അദ്ദേഹത്തിന് അസുഖമായി കിടക്കു

*ശേഷം 42-ാം പേജിൽ*

സ്ത്രൈണം

ഡോ. സാറാമ്മ വർഗീസ്

# തീർത്ഥാടനം

"തീർത്ഥാടനം എന്നത് അനുഷ്ഠാനത്തോടുകൂടി വിശുദ്ധമായ ഉദ്ദേശത്തോടെ നടത്തുന്ന ഒരു യാത്രയാണ്. സഞ്ചാര പാതയിലെ ഓരോ ചുവടിനും അർഥമുണ്ട്. വഴിയിൽ വച്ച് നവ ജീവൻ ഉണർത്തുന്ന പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടാകാം. തീർത്ഥാടനം ഒരു ഉല്ലാസയാത്രയല്ല, ജീവിതത്തെയാകെ മാറ്റി മറിക്കുന്ന ഒരു രൂപാന്തരീകരണമാണത്. തീർത്ഥാടനത്തിലൂടെ ആഴത്തിലുള്ള അറിവും പുതിയ കാഴ്ചപ്പാടുകളും ലഭിക്കുന്നു. ഹൃദയാന്തർഭാഗത്ത് പുതിയതും പഴയുമായ ദേശങ്ങൾ ദർശിക്കുന്നു. അനുഗ്രഹങ്ങൾ സ്വീകരിക്കുന്നു. സൗഖ്യം ലഭിക്കുന്നു. തീർത്ഥാടനം കഴിഞ്ഞു വരുമ്പോൾ, പുതിയ കാഴ്ചപ്പാടോടെ ജീവിതത്തെ കാണുന്നു. ഒന്നും പഴയതുപോലെയാവില്ല പിന്നീടൊരിക്കലും'' (Macrina Wiederkehr, Behold Your Lice. Page 11)

തീർത്ഥാടനം എല്ലാ മതവിശ്വാസികൾക്കും സഹജമായ അനുഷ്ഠാനമാണ്. ഭാരതത്തിന്റെ തെക്കെയറ്റത്തെ കന്യാകുമാരി മുതൽ വടക്ക് ഹിമാലയസാനുക്കൾ വരെ തീർത്ഥാടനത്തിന് ആളുകൾ തിരഞ്ഞെടുക്കുന്നു. പുരാണതിഹാസങ്ങളിൽ പറയുന്ന ദേവീ ദേവന്മാരുടെ മനുഷ്യാവതാരകാലത്ത് അവർ ജീവിച്ചിരുന്നുവെന്നും സഞ്ചരിച്ചിരുന്നുവെന്നും വിശ്വസിക്കപ്പെടുന്ന പുണ്യഭൂമികൾ, ഓരോ മതത്തിലെയും വശുദ്ധാത്മാക്കളുടെ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന സ്ഥലങ്ങൾ ഇവയെല്ലാം തീർത്ഥാടന കേന്ദ്രങ്ങളാകുന്നു. വെറുതെ സഞ്ചാരികളായിട്ട് നീങ്ങുക എന്നതിലുപരി ആത്മാവിന്റെ പവിത്രീകരണം ലക്ഷ്യമാക്കിയാണ് മിക്കവരും തീർത്ഥാടന പാതയിൽ ഇറങ്ങുന്നത്. ആദ്ധ്യാത്മികമായ ഒരന്വേഷണമായി അത്തരം യാത്ര മാറുന്നു. സ്വന്തം ജീവിതത്തിൽ നിനച്ചിരിക്കാതെ വന്നുചേരുന്ന ദുഃഖം മറക്കാൻ, ചില പ്രത്യേക വഴിത്തിരിവുകളിലേക്ക് ജീവിതം നീങ്ങുമ്പോൾ, ജീവിതത്തിൽ വന്നുപോയ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന തെറ്റിന് പരിഹാരമെന്ന നിലയിൽ, ചിലപ്പോഴെങ്കിലും ചില കാര്യങ്ങളുടെ ആഗ്രഹനിവർത്തിക്കായി, അല്ലെങ്കിൽ ലഭിച്ച കൃപയ്ക്ക് നന്ദി അർപ്പിക്കാൻ, ഇക്കാരണങ്ങളാലൊക്കെ ആളുകൾ തീർത്ഥയാത്രയ്ക്കൊരുങ്ങുന്നു.

വിവിധ മതങ്ങളിലെ അനുഷ്ഠാനങ്ങൾ നോക്കിയാൽ തീർത്ഥാടനത്തിന് ഓരോ മതവും നൽകുന്ന പ്രാധാന്യം മനസ്സിലാക്കാം. ഇസ്ളാം മതവിശ്വാസികൾക്ക് അവരുടെ പുണ്യ നഗരങ്ങളായ മക്കയിലും മദീനയിലും തീർത്ഥയാത്ര പോകുന്നത് മതപരമായി വളരെ പ്രാധാന്യമുള്ള അനുഷ്ഠാനങ്ങളാണ്. ഹജ്ജിനു പുറപ്പെടും മുമ്പ് കുടുംബാംഗങ്ങളോടും ബന്ധുക്കളോടും മറ്റും ചെയ്തിട്ടുള്ള തെറ്റുകൾക്ക് ക്ഷമ യാചിച്ച് അനുഗ്രഹങ്ങൾ തേടുന്നു. ആത്മീവിന്റെ പവിത്രീകരണത്തിന് വേണ്ടി മനുഷ്യരോടും ഈശ്വരനോടുമുള്ള ബന്ധത്തിൽ വന്നു പോയ ഇടർച്ചകളെ ഓർത്ത് ഉപേക്ഷിച്ച് തീർത്ഥാടന പാതയിലേക്ക് നീങ്ങുന്നു. പരമകാരുണികനായ അല്ലാഹുവിനു മുമ്പിൽ ചെറിയവനെന്നോ വലിയവനെന്നോ ഉള്ള വ്യത്യാസം ഇല്ല എന്നോർപ്പിക്കുവാൻ വേണ്ടി വിശുദ്ധ കബറിടത്തിലേക്ക് പ്രവേശിക്കും മുമ്പ് ഒരു പോലെയുള്ള വെള്ളവസ്ത്രങ്ങൾ ധരിക്കുന്നു.

പലപ്പോഴും കഠിനവും ശരീരത്തിന് ബുദ്ധിമുട്ടുണ്ടാകുന്നതുമാണ് തീർത്ഥാടനം. യാത്രാ സൗകര്യങ്ങൾ കുറവായിരുന്ന കാലത്ത് പ്രതിബന്ധങ്ങൾ നിറഞ്ഞ സഞ്ചാരപാതകൾ തരണം ചെയ്യുന്ന തീർത്ഥാടകർക്ക് കാനനങ്ങളിലെ വന്യമൃഗങ്ങളുടെ ആക്രമണം, തസ്ക്കരന്മാരെപ്പറ്റിയുള്ള ഭീതി, ആകസ്മികമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ മൂലം ജീവനു തന്നെ ഉണ്ടാകാവുന്ന ആപത്തുകൾ ഇവയൊക്കെ തരണം ചെയ്യേണ്ടിയിരുന്നു. എന്നാൽ ഇത്തരം ആപത്തുകൾ മുന്നിൽ കാണുമ്പോഴും ഇവയെല്ലാം ദൈവത്തിൽ സമർപ്പിച്ച് ഈശ്വര നാമം ജപിച്ചു മുന്നേറുകയായിരുന്നു തീർത്ഥാടകർ ചെയ്യാറ്. ഇക്കഴിഞ്ഞ ദിവസം ട്രെയിനിൽ കണ്ട തീർത്ഥാടക സംഘത്തിലെ ചെറിയ പെൺകുട്ടിയോട് മുത്തശ്ശൻ പറയുന്ന വാക്ക് അവൾക്ക് സഞ്ചാര പാതയിൽ ആത്മാവിശ്വാസം പകരുന്നതായിരുന്നു. ശബരിമലയിലേക്ക് പോകുകയായിരുന്ന അവർക്ക് ദീർഘ സമയം വനപാതയിൽ നടക്കയും ക്യൂവിൽ നിൽക്കയും വേണ്ടി വരുമെന്നറിഞ്ഞാവാം, കുട്ടിയോട് ഇത്ര കിലോമീറ്റർ നിനക്കു നടക്കേണ്ടി വരും. എന്നാൽ അയ്യപ്പൻ നിനക്കതിനു ശക്തി തന്നു നിന്നെ വേഗം മലകയറാൻ സഹായിക്കും എന്ന് ധൈര്യപ്പെടുത്തുന്നതും ആ കുട്ടി ഉത്സാഹ



ത്തോടെ കേട്ടു നിർക്കുന്നതും ചെറുപ്പത്തിലെ ആത്മീകപാതയിൽ അവളെ പരിചയിപ്പിക്കുന്നതും കണ്ടപ്പോൾ ജീവിതമെന്നതും ഒരു തീർത്ഥാടനം തന്നെയെന്നും ഈ ലോകത്തിൽ നാമെല്ലാവരും കുറെനാളത്തേക്ക് മാത്രം യാത്ര ചെയ്യുന്നുവെന്നും ആ യാത്രയുടെ ആത്യന്തിക ലക്ഷ്യം ഈശ്വര സമക്ഷം എത്തിച്ചേരുകയാണെന്നും, സഞ്ചാരത്തിനിടെ വരുന്ന പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ ഈശ്വര സമക്ഷം സ്വയം സമർപ്പിച്ച് മുന്നോട്ടു പോവുകയാണ് വേണ്ടതെന്നും ഉള്ള ഒരു വലിയ സത്യമാണ് മുത്തശ്ശൻ അവൾക്ക് പറഞ്ഞു കൊടുക്കുന്നതെന്നും കേട്ടുകൊണ്ടിരിക്കുന്ന എനിക്കു തോന്നി.

ഓർത്തഡോക്സ് വിശ്വാസത്തിലും തീർത്ഥാടനത്തിന് പ്രാധാന്യം നൽകുന്നു. **ഒരു സാധകന്റെ സഞ്ചാരം** എന്ന കൃതിയിൽ അജ്ഞാതനായ ഒരു റഷ്യൻ തീർത്ഥാടകൻ തന്റെ അദ്ധ്യാത്മ പിതാവിനോട് തുറന്നു പറുന്ന സംഭവകഥകളാണ് വിവിരിച്ചിട്ടുള്ളത്. നിരന്തരമായ പ്രാർത്ഥനയിൽ കൂടെ മനസ്സിന്റെ നിശ്ചലനേടുവാനും, സകല സൃഷ്ടികളുടെയും പരമാത്മാവിനെ കണ്ടെത്താനുള്ള അന്വേഷണത്തിൽ സാധകൻ ഉപയോഗിച്ച പ്രാർ ത്ഥനയും ഉപാധികളുമാണ് സാധകന്റെ സഞ്ചാര കഥയുടെ സാരം. തുടരെയുള്ള യേശുമന്ത്രജപവും, ശ്വാസോച്ഛ്വാസക്രമീകരണവും മറ്റുള്ളവരുമായി, അവയിൽ നിന്നുളവായ ആത്മീയ അനുഭൂതികളുടെ പങ്കുവെക്കലും അതിൽ കാണാം. സാധകൻ സദാ നെഞ്ചോടു ചേർത്തു വെച്ച് കൊണ്ടു നടന്ന **ഫിലോകാലിയ**യിൽ വിശുദ്ധി സന്യാസി പിതാക്കന്മാർ ഇത്തരം പ്രാർത്ഥനകളെപ്പറ്റി പറഞ്ഞിരിക്കുന്നു. പരിശുദ്ധ പരുമലതിരുമേനി ഊർശ്ലേം യാത്ര നടത്തിയപ്പോഴത്തെ അനുഭവങ്ങൾ എഴുതിയിട്ടുണ്ട്. നവം. 2-ന് ഭൗതിക ശരീരം വെടിഞ്ഞ ആ പുണ്യപിതാവിന്റെ കബറിലേക്ക് വിശ്വാസികൾ തീർത്ഥാടനം നടത്തുന്നു. ദുഃഖഭാരങ്ങൾ ഇറക്കി വയ്ക്കുവാൻ, പരിശുദ്ധന്റെ മദ്ധ്യസ്ഥതയിലഭയം പ്രാപിക്കാൻ ഏറെ ദൂരം താണ്ടി ഓർത്തഡോക്സ് വിശ്വാസികളും മറ്റു മതസ്ഥരും പരുമലയിൽ എത്തുന്നു. വിജനമായിരുന്ന ഒരു പ്രദേശത്ത് പ്രാർത്ഥനയും ധ്യാനവും മനനവുമായി കഴിഞ്ഞ പിതാവിന്റെ കാൽപാദം സ്പർശിച്ച പുണ്യഭൂമി സന്ദർശിക്കുകയും അവിടെ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്യുക ഒരു ഭാഗ്യവും ആത്മീയമായ ഒരനുഭൂതിയുമായി കരുതുന്നു.

ഈ ക്രിസ്തുമസ് കാലത്ത് യേശുക്രിസ്തു ജനിച്ച് ബേത്ത്‌ലഹേമിലേക്ക് ആട്ടിടയന്മാരെപ്പോലെ നമുക്കും പോകാം, മനസ്സുകൊണ്ടെങ്കിലും കീറ്റുശീലയിൽ പൊതിഞ്ഞ് പശുതൊട്ടിലിൽ കിടന്ന ലോകരക്ഷിതാവിനെ ഹൃദയാന്തർഭാഗത്തേക്ക് വരവേൽക്കാം. സഭയാകെ നോമ്പുനോക്കി ശരീരവും മനസ്സും ക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കാൻ ഒരുങ്ങുന്ന ഈ നാളുകളിൽ ക്രിസ്തുമസ്സ് വെറും ഒരാഘോഷം മാത്രമാവാതെ ആത്മശരീര മനസ്സുകളുടെ പവിത്രീകരത്തിനുതകട്ടെയെന്നു പ്രാർത്ഥിക്കാം. ■




## Homilie

തോമസ് രാജു, കരുവാറ്റ

# ഡിസംബർ

### ഇത്.....

നനുത്ത ശൈത്യം കഥ പറയുന്ന മാസം...
ശൂന്യമായ സംഭരണികളെ തന്റെ കരുണയാകുന്ന ധാന്യത്താൽ
നിറയ്ക്കുവാനാഗ്രഹിച്ചവൻ ഇറങ്ങിവന്ന മാസം
തന്റെ വിഭവ സമൃദ്ധിയിൽനിന്ന് ധാരാളമായി അനുഗ്രഹങ്ങളെ
നൽകുന്നവൻ ദരിദ്രരെ തേടി ദരിദ്രനായി തീർന്ന മാസം
ഇലപൊഴിച്ചു നിന്ന തരുശാഖികൾ ഹരിത കഞ്ചുകത്താലും
നഗ്നമായിരുന്നവ ശോഭയുള്ള വസ്ത്രത്താലും ആവൃതമായ മാസം
കൊഴിയപ്പെട്ട മുകുളങ്ങളെ കമനീയമായി വീണ്ടുമലങ്കരിക്കുവാൻ
കന്യകയുടെ ഉദരത്തിൽ നിന്നും കിളിർത്തുവന്ന ഫലമായവനെ
ഓർക്കുന്ന മാസം
മഹത്വ വസ്ത്രമുരിയപ്പെട്ടവനെ പ്രകാശത്തിന്റെ നിലയങ്കി
ധരിപ്പിക്കുവാൻ ദൈവമിറങ്ങി വന്ന മാസം
വിതയും നനയും കൂടാതെ അനുഗ്രഹീത സസ്യം
ഭൂമിയിൽ നിന്നു കിളിർത്തുവന്ന മാസം
ഒരിക്കലും വീട്ടുവാനാകാത്ത തുക കൊണ്ട്-
നമ്മെ നിത്യം തനിക്ക് കടക്കാരാക്കുകയും
സമ്പൽ സമൃദ്ധമായ തന്റെ ഭണ്ഡാരം നമ്മിൽ നിന്ന് -
രഹസ്യമാക്കി വെക്കാതെ നമുക്കായി തുറന്നിട്ടിരിക്കുകയും
ചെയ്യുന്നവൻ
ഉദിച്ചുയർന്ന മാസം
ഭൗമികമായ അലങ്കാരങ്ങളെയെല്ലാം നിഷ്പ്രഭമാക്കിക്കൊണ്ട്
ശാശ്വതവും നിത്യവുമായ യാഥാർത്ഥ്യം മണ്ണിലവതരിച്ച മാസം

### ഇത്.....

അന്ധകാരത്തിന് കാലിടറിയ, അക്രമിയ്ക്ക് വിജയകിരീടം
നഷ്ടമായ മാസം.
നിത്യസൂര്യൻ ഭൂതലത്തെ പ്രകാശിപ്പിക്കുവാൻ സ്വയമൊരുങ്ങിവന്ന്
പ്രതിഷ്ഠിച്ചതിന്റെ ഓർമ്മ പുതുക്കുന്ന മാസം


### ഇത്.....

പ്രഭാപൂരിത രാവുകളെ വിഭാവനം ചെയ്തവൻ പിറന്ന മാസം
ഡിസംബർ വീണ്ടും മഞ്ഞുപൊഴിക്കുന്നു....

*(സെറൂഗിലെ യാക്കോബിന്റെ*
*ക്രിസ്തുമസ് പ്രസംഗത്തിന്റെ*
*സ്വതന്ത്ര വിവർത്തനം)*

# വിശ്വാസപാഠം

– ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്



കോൺസെലിബറേഷൻ എന്താണ്? നമ്മുടെ പള്ളികളിൽ ഇതു നടത്തുവാൻ അനുമതി ഉണ്ടോ? ഇതിന്റെ അനുഷ്ഠാന കർമ്മങ്ങൾ എങ്ങനെയാണ് ക്രമീകരിക്കുന്നത്?

**– ഡീ. ഏബ്രഹാം ജോൺ**

**ഒ**ന്നിൽ കൂടുതൽ കാർമ്മികർ ചേർന്ന് അർപ്പിക്കുന്ന വി. കുർബ്ബാനയാണ് കോൺസെലിബറേഷൻ എന്ന വാക്കു കൊണ്ടു അർത്ഥമാക്കുന്നതെന്നു കരുതുന്നു. നമ്മുടെ ആരാധനയിൽ വൈദികൻ പ്രധാന കാർമ്മികനാണെങ്കിലും ജനങ്ങളെ കാഴ്ചക്കാരായി മാറ്റി നിർത്തിക്കൊണ്ട് വൈദികൻ മാത്രം നടത്തുന്ന ഒരു അനുഷ്ഠാനമായിട്ടല്ല വി. കുർബ്ബാനയെ നാം മനസ്സിലാക്കുന്നത്. വി. കുർബ്ബാനയിലെ പ്രാർത്ഥനകളിൽ മിക്കവാറും തന്നെ "ഞങ്ങൾ" എന്ന ബഹുവചനം ക്രമമായി ഉപയോഗിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു പുരോഹിതൻ തനിയെ വി. കുർബ്ബാന അർപ്പിക്കുന്ന രീതി നമ്മുടെ സഭയിലോ മറ്റു പൗരസ്ത്യ സഭകളിലോ നിലവിലില്ല എന്നതും നാം ശ്രദ്ധിക്കണം. പ്രധാന കാർമ്മികനായ വൈദികനോടു ചേർന്ന് രാജകീയ പുരോഹിത വർഗ്ഗമായ വിശ്വാസികളുടെ സമൂഹം ആരാധന അർപ്പിക്കുമ്പോൾ അവിടെ ആരും കാഴ്ചക്കാരാകുന്നില്ല; പ്രത്യുത എല്ലാവരും കാർമ്മികരാകുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ നാം അർപ്പിക്കുന്ന വി. കുർബ്ബാന കോൺസെലിബറേഷൻ ആകുന്നില്ലേ?

അന്ത്യോഖ്യയിലെ മാർ ഇഗ്നാത്യോസ് പറയുന്നതുപോലെ ഒരൊറ്റ ത്രോണോസിൽ വി. കുർബ്ബാന അർപ്പിക്കുന്നതാണ് സഭയുടെ പുരാതന പാരമ്പര്യം: "ഒരൊറ്റ വി. കുർബ്ബാന ഒരു സ്ഥലത്ത് അർപ്പിക്കപ്പെടണം; കാരണം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരം ഒന്നാണ്. അവന്റെ രക്തത്തിലെ പങ്കാളിത്തത്തിനുള്ള പാനപാത്രം ഒന്നാണ്; ഏകബലിപീഠവും ഏക ബിഷപ്പുമാണ് നമുക്കുള്ളത്". (ഫിലിപ്യ 4:1) ഓർത്തഡോക്സു സഭയുടെ പൊതുപാരമ്പര്യത്തിലും നാം അതാണ് കാണുന്നത്. മദ്ധ്യശതകങ്ങളിലെ കത്തോലിക്കാ സന്യാസാശ്രമങ്ങളിലും പ്രധാന ദേവാലയങ്ങളിലും പുരോഹിതന്മാർക്കെല്ലാം വെവ്വേറെ കുർബ്ബാന അർപ്പിക്കുവാൻ വേണ്ടി അൾത്താരകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തുടങ്ങി. മലങ്കരസഭയിൽ മൂന്നു ത്രോണോസുകൾ പണിയുന്ന രീതി പതിനേഴാം നൂറ്റാണ്ടിനു ശേഷം ഉണ്ടായിട്ടുള്ളതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എത്യോപ്യയിലും വളരെ ചുരുക്കം ചില പ്രധാന ദേവാലയങ്ങളിൽ മൂന്നു ത്രോണോസുകൾ പണിഞ്ഞിട്ടുള്ളതായി കാണുന്നുണ്ട്. നാം ഇന്നു കാണുന്ന മൂന്നിന്മേൽ കുർബ്ബാനയും അഞ്ചിന്മേൽ കുർബ്ബാനയുമൊക്കെ കാലക്രമേണ രൂപപ്പെട്ടു വന്നതായിരിക്കാം.

വന്ദ്യ ശെമ്മാശ്ശൻ ചോദിച്ചിരിക്കുന്നത് ഒന്നിലധികം പുരോഹിതന്മാർ ഒരു ത്രോണോസിന്റെ മുമ്പാകെ നിന്നുകൊണ്ട് അർപ്പിക്കുന്ന ബലിയെകുറിച്ചാണെന്ന് വിചാരിക്കുന്നു. ത്രോണോസിന്റെ മുമ്പിൽ മദ്ധ്യത്തിലായി പ്രധാന കാർമ്മികനും അദ്ദേഹത്തിന്റെ രണ്ടു വശങ്ങളിലായി സഹകാർമ്മികരായ വൈദികരും അംശവസ്ത്രങ്ങൾ അണിഞ്ഞു നിന്ന് വി. കുർബ്ബാന അർപ്പിക്കുന്ന രീതി പുരാതന സഭകളിൽ പൊതുവായി കാണുന്ന ഒരു പാരമ്പര്യമാണ്. റോമാസഭയിൽ പ്രധാന കാർമ്മികൻ തന്നെ കർമ്മങ്ങളെല്ലാം അൾത്താരയ്ക്കു മുമ്പിൽ മദ്ധ്യത്തിലായി നിന്നുകൊണ്ട് നിർവ്വഹിക്കുകയും മറ്റുള്ളവർ രണ്ടുവശങ്ങളിലായി സജീവമായി നിന്നുകൊണ്ട് അതിനോടു സഹകരിക്കുകയും ചെയ്യുന്നതാണ് കണ്ടിട്ടുള്ളത്. ബൈസന്റയിൻ സഭകളിൽ പ്രധാന കാർമ്മികനോടു ചേർന്ന് നിൽക്കുന്ന സഹകാർമ്മികരായ വൈദികർക്ക് ചില പ്രത്യേക ചുമതലകൾ നിർവ്വഹിക്കുവാൻ നൽകിയിട്ടുണ്ടെന്നതും ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. എത്യോപ്യൻ സഭയിലും ഏകദേശം ഇതുതന്നെ കാണാവുന്നതാണ്. അവിടെ ഓരോ വി. കുർബ്ബാനയിലും കുറഞ്ഞത് രണ്ടു പുരോഹിതന്മാരും മൂന്നു ശെമ്മാശ്ശൻമാരും ഉണ്ടായിരിക്കണമെന്നതും പതിവാണ്. എന്നാൽ ഈ സഭകളിലെങ്ങും പ്രധാന കാർമ്മികന് വി. കുർബ്ബാന മദ്ധ്യേ സ്ഥാന ചലനം ഉണ്ടാക്കുന്നതായി കാണുന്നില്ല. അദ്ദേഹം ത്രോണോസിന്റെ മുമ്പിൽ മദ്ധ്യത്തിൽ തന്നെ നിന്ന് കർമ്മങ്ങൾ നിർവ്വഹിക്കുന്നതായിട്ടാണ് കണ്ടിട്ടുള്ളത്.

മലങ്കരസഭയിൽ പുരാതനകാലം മുതൽ ഇങ്ങനെ ഒരു രീതി ഉണ്ടായിരുന്നുവോ എന്നറിയില്ല. എന്നാൽ സമീപകാലത്തായി ചില ഇടങ്ങളിലെങ്കിലും കോൺസെലിബറേഷൻ എന്ന പേരിൽ വി. കുർബ്ബാന അർപ്പിക്കുന്നതായി മനസ്സിലാക്കുന്നു. മറ്റു പുരാതന സഭകൾ ചെയ്യുന്നതുപോലെ ആണോ അഥവാ വ്യത്യസ്ത പുലർത്തുന്നുണ്ടോ എന്നതും അറിയുവാൻ കഴിയുന്നില്ല. എന്തായാലും വി. മദ്ബഹായിൽ ശുശ്രൂഷിക്കുന്ന വൈദിക സ്ഥാനികൾ കാർമ്മികനോടു ചേർന്ന് അംശവസ്ത്രങ്ങൾ അണിഞ്ഞു നിന്ന് സംബന്ധിക്കുന്നതു തന്നെയാണ് ഉചിതമെന്ന് ഞാൻ കരുതുന്നു. ആരാധനാ–വേദശാസ്ത്രപണ്ഡിതന്മാരുടെ ഇടയിൽ ചർച്ചകളും സഭാ നേതൃസ്ഥാനങ്ങളിൽ നിന്ന് ഔദ്യോഗിക നിർദ്ദേശങ്ങളും ഉണ്ടാകുന്നത് സങ്കീർണ്ണതകൾ ഒഴിവാക്കുവാൻ സഹായിക്കുകയും ചെയ്യും ■


## വൃക്ക ആവശ്യമുണ്ട് – സഹായം തേടുന്നു

ആഴ്ചയിൽ രണ്ട് തവണ ഡയാലിസിസ് നടത്തി വരുന്നതും, സാമ്പത്തിക പ്രയാസം അനുഭവിക്കുന്നതും, രണ്ട് വയസ്സുള്ള പെൺകുഞ്ഞിന്റെ പിതാവും ആയ ഓർത്തഡോക്സ് യുവാവിന് (33 വയസ്സ്) **O+ tive വൃക്ക** ആവശ്യമുണ്ട്. സൻമനസ്സുകളുടെ സഹായം തേടുന്നു.

**ഫോൺ: 9544493012, 9544887577**

For Favours Received



Mary Kurian, Puthen Veettil
Kunnam



For Favours Received







T.C. Abrham, West Othera

Cinimol Binu, Niranam



# അപൂർവ്വ ഗ്രന്ഥം 100 രൂപയ്ക്ക്

## അഭിമുഖ ഗ്രന്ഥം ഉടൻ പുറത്തിറങ്ങുന്നു

വലിയ ബാവാ തിരുമേനി, പ. കാതോലിക്കാ ബാവ ഉൾപ്പെടെ ഓർത്തഡോക്സ് സഭയിലെ 21 ബിഷപ്പുമാരും 3 റമ്പാന്മാരും 4 പ്രമുഖ വൈദികരുമായി റോയ് ചാക്കോ ഇളമണ്ണൂർ നടത്തിയ അഭിമുഖം പുസ്തകമായി പ്രസിദ്ധീകരിക്കുന്നു. 1100-ൽ ഏറെ ചോദ്യങ്ങൾക്ക് ലഭിച്ചിരിക്കുന്ന മറുപടിയിൽ 17 ഭദ്രാസനങ്ങളിലെ സമഗ്രവിവരങ്ങളും ആചാര്യന്മാരുടെ ആത്മീയ ചിന്താഗതികളും ഉൾപ്പെടുന്നു. പ്രൊഫ. ഡി. മാത്യു (സോഫിയാ പബ്ലിക്കേഷൻസ്) പ്രസാധകൻ. 450-ൽ ഏറെ പേജുള്ള ഗ്രന്ഥത്തിന്റെ വില 200 രൂപ.

ഏറ്റവും കുറഞ്ഞത് 10 കോപ്പിക്ക് പണമടച്ച് ബുക്ക് ചെയ്യുന്നവർ സൗജന്യ നിരക്കായ 1000 രൂപയ്ക്ക് എത്തിച്ചുകൊടുക്കും. 50 ശതമാനം ഇളവുള്ള ഈ പ്രീ പബ്ലിക്കേഷൻ നിരക്ക് 2013 ജനുവരി 15 വരെ മാത്രം. തുക മണി ഓർഡറായോ ചെക്കായോ അയയ്ക്കേണ്ട വിലാസം:

**പ്രൊഫ. ഡി. മാത്യു, എബനസർ ഗാർഡൻസ്,**
**കുടപ്പനകുന്ന് പി.ഒ. തിരുവനന്തപുരം-695043**

ഒരു കോപ്പി പ്രി പബ്ലിക്കേഷൻ നിരക്കിൽ (150 രൂപ) വേണമെന്നുള്ളവർ (2013 ജനുവരി 15 വരെ) 9446529577 എന്ന നമ്പറിൽ വിളിക്കുക.





## തെവദ്രോസ്.... 26-ാം പേജിൽ നിന്നു തുടർച്ച...

ക്കുറിച്ചുള്ള ബോധ്യം കൊണ്ടാകാം 1653-ൽ മലങ്കരസഭയിൽ 12 വൈദികർ ചേർന്ന് തോമസ് അർക്കദ്യാക്കോനെ ഒന്നാം മാർത്തോമ്മാ മെത്രാനായി വാഴിച്ചത്). പിന്നീട് സന്യാസിമാരിൽ നിന്ന് പോപ്പിനെ തെരഞ്ഞെടുക്കുന്ന പാരമ്പര്യമുണ്ടായി. ബിഷപ്പുമാർ തെരഞ്ഞെടുക്കപ്പെടുന്നത് നിരോധിച്ചു. 1928-ൽ ഈ നിരോധനം നീക്കി. ഇതു സംബന്ധിച്ചുള്ള സംവാദങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്. പോപ്പ് ജോൺ XIX (1928-42) ആണ് കോപ്റ്റിക് സഭാ തലവനാകുന്ന ആദ്യത്തെ മെത്രാൻ. തുടർന്നു വന്ന രണ്ടു പേരും - മക്കാറിയോസ് III (1944 - 45), ജോസഫ് II (1946 - 56) - മെത്രാന്മാരിൽ നിന്നായിരുന്നു. എന്നാൽ പോപ്പ് സിറിൾ VI (1959 - 71) തെരഞ്ഞെടുക്കപ്പെടുമ്പോൾ സന്യാസി വൈദികനായിരുന്നു. 1874നു ശേഷം പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ട ഏക വൈദികനാണ് ഇദ്ദേഹം (ഫാ. മിനാ). എന്നാൽ ഭദ്രാസന മെത്രാന്മാർക്ക് ഇപ്പോൾ സ്ഥാനാർത്ഥിത്വം നിഷേധിച്ചിരിക്കുകയാണ്. ജനറൽ ബിഷപ്പുമാർക്കും സഫ്രഗൻ ബിഷപ്പുമാർക്കും സ്ഥാനാർത്ഥികളാകുന്നതിന് തടസ്സമില്ല. പോപ്പ് ഷെനൂഡാ III (1971 - 2012) ഭദ്രാസന ചുമതലയില്ലാത്ത മെത്രാനായിരുന്നു. എ.ഡി. 640 മുതൽ പോപ്പിന്റെ തെരഞ്ഞെടുപ്പ് രാജ്യത്തിന്റെ ഭരണാധികാരി അംഗീകരിക്കേണ്ടതുണ്ട്.

പോപ്പ് സിറിൾ V (1874 - 1927) ആണ് ഏറ്റവും കൂടുതൽ കാലം (53 വർഷം) സഭയെ നയിച്ചത്. ഇദ്ദേഹം മലങ്കരയിലെ ആദ്യത്തെ വി. മൂറോൻ കൂദാശയ്ക്ക് (മുളന്തുരുത്തി, 1876) ആവശ്യമായ സുഗന്ധദ്രവ്യങ്ങൾ അയച്ചുതന്നു. പോപ്പ് ജോസഫ് II ആണ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട (1956) ഏക സഭാതലവൻ.

സമന്മാരായ ഏഴ് ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ ഇടയിൽ കോപ്റ്റിക് പോപ്പിന് പ്രഥമ സ്ഥാനമുണ്ട്. ഓറിയന്റൽ സഭകളിലെ അലക്സന്ത്രിയൻ പാരമ്പര്യത്തിൽപ്പെട്ട കോപ്റ്റിക്, എത്യോപ്യൻ, എറിത്രിയൻ സഭകളുടെ തലവന്മാരെ അതാതു സഭകളുടെ സുന്നഹദോസാണ് അവരോധിക്കുന്നത്. കോപ്റ്റിക്-എത്യോപ്യൻ, കോപ്റ്റിക്-എറിത്രിയൻ സഭകളുടെ ഉഭയകക്ഷി ഉടമ്പടികൾ പ്രകാരം (വകുപ്പ് 8) ഇതര സഭകളുടെ ഉന്നതതല പ്രതിനിധി സംഘത്തെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് ക്ഷണിക്കേണ്ടതുണ്ട്. എത്യോപ്യൻ-എറിത്രിയൻ സഭകൾക്കുള്ളതുപോലെ മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് (സിറിയൻ, മലങ്കര, അർമേനിയൻ) കോപ്റ്റിക് പോപ്പിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ ആരാധനാപരമായ പങ്കാളിത്തമില്ല; എന്നാൽ ഈ ആറു സഭകളും തമ്മിൽ വി. കുർബാന സംസർഗമുണ്ട്.

[കൂടുതൽ വിവരങ്ങൾക്ക് മലങ്കരസഭാ മാസിക 2012 ഏപ്രിൽ (പേജ് 14), നവംബർ (പേജ് 37) കൂടി കാണുക]. ■


**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**


# വനിതാസമാജം വാർഷിക ക്യാമ്പ്

അഖില മലങ്കര മർത്ത മറിയം വനിതാസമാജം വാർഷിക സമ്മേളനവും ഒക്ടോ. 25-27 വരെ സുൽത്താൻ ബത്തേരിയിൽ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

പ. കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. നമ്മിൽ നിന്നും സത്പ്രവർത്തികൾ ബഹിർഗ്ഗമിക്കേണ്ടതാണെന്നും ഒരു വൃക്ഷത്തെ തിരിച്ചറിയുന്ന് അതിന്റെ ഫലം കൊണ്ടാണെന്നും മാതൃകയുള്ള പ്രവൃത്തികൾ കൊണ്ട് എല്ലായിടത്തും പ്രകാശം പരത്തണമെന്നും പ. ബാവാ തിരുമേനി നിർദ്ദേശിച്ചു.

'വനിതാദീപ്തി'യും അഷ്ടദശതി സ്മരണികയും പ. ബാവാ തിരുമേനി പ്രകാശനം ചെയ്തു.

കേരള സംസ്ഥാന വനിതാകമ്മീഷൻ ചെയർപേഴ്സൺ കെ. സി. റോസക്കുട്ടി മുഖ്യപ്രഭാഷണം നടത്തി: സ്ത്രീകൾ കർമ്മോത്സുകരാകുവാനും ക്രിയാത്മകമായി വർത്തിക്കുവാനും സമൂഹത്തിലെ അധാർമ്മികിതയ്ക്കെതിരെ പ്രയത്നിക്കുവാനും ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് ജാഗ്രതയോടെ മുന്നേറുവാനും ഓർമ്മിപ്പിച്ചു.

ഡോ. യൂഹാനോൻ മാർ തേവോദോറോസ് അദ്ധ്യക്ഷം വഹിച്ചു. ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് അനുഗ്രഹ സന്ദേശമേകി.

സത്പ്രവൃത്തികൾക്കു മാതൃകയകുക എന്ന ചിന്താവിഷയം അടിസ്ഥാനമാക്കി ഫാ. ഡോ. ജേക്കബ് കുര്യൻ ക്ലാസ്സെടുത്തു. ഫാ. ഡോ. സണ്ണി ചാക്കോ, ഫാ. ഏബ്രഹാം തോമസ്, ഫാ. സി.എം. ഫിലിപ്പോസ്, ഷാജി കെ.വി., സിസ്റ്റർ ഡോ. ആനി സെബാസ്റ്റ്യൻ, സിസ്റ്റർ ദീന, ശുഭ ജോസഫ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

27-ന് മന്ത്രി കുമാരി പി.കെ. ജയലക്ഷ്മി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്ത്രീ സമൂഹത്തിന്റെ രാജ്യാന്തര നിലവാരം കേരളം നേടിയിട്ടില്ലെങ്കിലും ധാർമ്മികതയിലും കുടുംബഭദ്രതയിലും നാം മറ്റു പല പ്രദേശങ്ങളേക്കാൾ മുന്നിലാണ്. എന്നാൽ ഇനിയും ബഹുദൂരം വളരുവാനുണ്ട്. സത്പ്രവൃത്തികൾക്ക് മാതൃകയായി മാനവികതയുടെ മഹത്സന്ദേശവാഹകരാകുവാൻ പരിശ്രമിക്കേണ്ടതാണ്. സ്ത്രീകൾ കുടുംബത്തിനും സമൂഹത്തിനും ചെയ്യുന്ന സേവനങ്ങൾ അഭിനന്ദനാർഹമാണ്. ഓർത്തഡോക്സ് സഭയിലെ ഇത്രയധികം സ്ത്രീകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സുൽത്താൻ ബത്തേരിയിൽ എത്തിച്ചേർന്നതിനും അർത്ഥവത്തായ സമ്മേളനം സംഘടിപ്പിച്ചതിനും മന്ത്രി ജയലക്ഷ്മി ഏവരേയും അഭിനന്ദിച്ചു.

ദശവർഷം മോംമ്സിന്റെ വൈസ് പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ച ഫാ. ജോൺ ശങ്കരത്തിലിന് യാത്രയയപ്പു നൽകി.

സുൽത്താൻ ബത്തേരി മെത്രാ സനം നൽകിയ ആതിഥ്യം ഹൃദ്യവും സ്നേഹോഷ്മളവുമായിരുന്നു. ഏബ്രഹാം മാർ എപ്പിപ്പാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഫാ. സഖറിയ വെളിയത്ത്, ഫാ. മോൻസി ജേക്കബ്, മേരി ഏലിയാസ്, ഫാ. ബേബി ജോൺ എന്നിവർ മുഖ്യ നേതൃത്വം നൽകി.

**-പ്രൊഫ. മേരി മാത്യു, കുഴിമറ്റം**




ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബിഹേവിയറൽ & മാനേജ്മെന്റ് സയൻസസിൽ നിന്നും കൗൺസിലിംഗിലും സൈക്കോതെറാപ്പിയിലും മാസ്റ്റർ ഡിഗ്രി റാങ്ക് കരസ്ഥമാക്കിയ ഫാ. മോൻസി പി. ചാക്കോ. ഹൈദരാബാദ് രാമചന്ദ്രപുരം പള്ളി വികാരി.

- ആശംസകളോടെ,

സെന്റ് മേരീസ്, ഓർത്തഡോക്സ് പള്ളി, ഹൈദ്രാബാദ്




**BRIDE WANTED**

ബിടെക് ഇഞ്ചിനീയറിംഗ് പാസ്സായതും ഇപ്പോൾ ടെക്നോ പാർക്കിൽ ജോലി നോക്കുന്ന 27 വയസ്സുള്ളതും, ജന്മനാ വൈകല്യമുള്ളതുമായ ഓർത്തഡോക്സ് യുവാവ് 165 cm, വിവാഹാലോചനകൾ ക്ഷണിക്കുന്നു. സാമ്പത്തിക ശേഷി കുറഞ്ഞവരേയും പരിഗണിക്കുന്നതാണ്. വിശദ വിവരത്തിന് ബന്ധപ്പെടേണ്ട നമ്പർ

**9446403431, 04712550431**

**BRIDE WANTED**

Orthodox parents seek proposals for their son 29/ 165 cm, MBA, working as PRO in Central Travancore, from employed Orthodox or Jacobite girls.

*CONTACT*

**9495471138**

**BRIDE WANTED**

Orthodox parents settled in Mangalore invite proposals for their son (b/b outside Kerala), 31/170, B.Tech (Comp.), working in Mysore Infosys, from Orthodox, Jacobite or Marthoma parents of qualified girls (B.Tech Comp/M.Sc, B.Ed).

*CONTACT* **09901658868, 08251-264569**
Bharatmatrimony-E1754289

**BRIDE GROOM WANTED**

Orthodox parents seek proposal for their daughter (b/b outside Kerala) (27/5'4") B.Com, M.Com, MBA (Finance) employed in Nationalised Bank at Ahmedabad seek suitable alliance from God fearing Christian boys.

*Contact:*

**Mob. 9974381871/9662651542**
email: jgkcdas44@gmail.com

**BRIDE GROOM WANTED**

Orthodox parents invite proposals for their daughter M.Pharm 24/152 from parents of educated and employed Orthodox boys.

**m4 3295203**
**Mob. 9447259188**


**BRIDE GROOM WANTED**

Orthodox retired teacher parents from Kollam district invite proposals for their daughter (27/159 cm), MSc, BEd, Central Govt. employee, from parents of qualified orthodox boy's.

0474-2526448
kukkumathew@gmail.com

**പരേതനായ മലങ്കര മല്പാൻ കോനാട്ട് എബ്രഹാം കശീശ രചിച്ച**

# വി. സുവിശേഷങ്ങൾ ഒരു ലഘു വ്യാഖ്യാനം പരിഷ്ക്കരിച്ച പതിപ്പ്



- 1949 തുലാം 16-ന് വിരചിതമായ ഗ്രന്ഥം.
- പരി. കാതോലിക്കാ ബാവ പ്രകാശനം ചെയ്തിരിക്കുന്നു.
- സുറിയാനി പിതാക്കന്മാരുടെ രചനകളെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള ഏക വ്യാഖ്യാന ഗ്രന്ഥം
- "നിശ്ചയമായും ഈ കൃതി മഹത്തായ ഒരു സംഭാവന തന്നെ. സുവിശേഷങ്ങൾ പഠിക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഇതു വളരെയേറെ സഹായകമാകും എന്നതിന് സംശയമില്ല" റവ. ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ പ്രൗഢമായ അവതാരികയിൽ നിന്നും

എഡിറ്റർ: ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്
വിതരണം: എം.ഒ.സി. പബ്ലിക്കേഷൻസ്
വില: 350 രൂപ

# Breaking the Word




# വേദപ്പൊരുൾ

ഫാ. ജോജി കെ. ജോയി, അടൂർ

*2012 ഡിസം 16*
## *വി. യൗസേഫിനുണ്ടായ വെളിപാട്*
*(വി. മത്തായി 1:18 – 25)*

**മനുഷ്യ മഹാസമുദ്രത്തിലെ മഹാമാന്യൻ ജോസഫ്**

ഒരു മാന്യ വ്യക്തിത്വത്തിന്റെ സകല ഭാവങ്ങളും നിറഞ്ഞ മഹാനുഭവനാണ് ജോസഫ്. പരസ്പരം അപമാനിച്ചും, കുറ്റപ്പെടുത്തിയും, പഴി ചാരിയുമൊക്കെ കുടുംബ ജീവിതത്തിന്റെ പവിത്രതയും, ബന്ധങ്ങളുടെ സുതാര്യതയും നഷ്ടപ്പെടുത്തുന്ന ഇക്കാലത്ത് ജോസഫ് കുടുംബമെന്ന വൃക്ഷത്തിന്റെ തായ്ത്തടി എന്ന നിലയിൽ പുരുഷത്വത്തിന്റെ ഉത്തമ ഉദാഹരണമാണ്. ജോസഫ് എന്ന ഉത്തമ പുരുഷനെ മാതൃകയാക്കിയാൽ കുടുംബം കുറച്ചു കൂടെ ആത്മീയമായി സമ്പന്നമാക്കുവാൻ കഴിയും.

അവൾക്ക് ലോകാപവാദം വരുത്തുവാൻ മനസ്സില്ലായിരുന്നു. unwilling to put her to shame.

വിവാഹം നിശ്ചയിക്കപ്പെട്ടു എങ്കിലും കൂടി വരും മുമ്പെ തന്റെ പ്രതിശ്രുത വധു ഗർഭിണിയായി എന്ന് ജോസഫ് അറിയുന്നു. അദ്ദേഹത്തിന് കയ്യൊഴിയാമായിരുന്നു. കയ്യൊഴിഞ്ഞിരുന്നെങ്കിൽ നിയമപ്രകാരം അവൾ കല്ലേറ് കൊണ്ട് മരിക്കുമായിരുന്നു പക്ഷെ അവളെ നാണക്കേടിനും, മരണത്തിനും വിട്ടു കൊടുക്കുവാൻ അദ്ദേഹത്തിന് മനസ്സില്ലായിരുന്നു. ഇത്രേയുള്ളു കാരണം. "അവൾ എന്റെ സ്വന്തമാണെന്ന് അവന് തോന്നി". സ്വന്തമെന്ന് തോന്നുന്നിടത്തെ മറക്കാനും, പൊറുക്കാനും, ക്ഷമിക്കാനും കഴിയുള്ളു. ഇന്ന് ആത്മീയതയുടെ വലിയ സിദ്ധാന്തങ്ങൾ പറയാൻ എല്ലാവർക്കുമാകും എന്നാൽ ചെറിയ കാര്യങ്ങൾ മറക്കും. ഭാര്യാ ഭർത്താക്കന്മാർ പരസ്പരം സ്വന്തമെന്ന് കരുതി സ്നേഹിക്കുന്നിടത്ത് "ഇമ്മാനുവേൽ" (ദൈവം നമ്മോടുകൂടെ) ജനിക്കും. ഇല്ലെങ്കിൽ ക്രിസ്തു ഭൂജാതം ചെയ്യില്ല. ഭാര്യയുടെ കരുതൽ ഭർത്താവിനും, തിരിച്ചും, അപ്പനമ്മമാരുടെ പരസ്പര സ്നേഹം മക്കളിലും പകരുന്നിടത്താണ് യേശുവുണ്ടാകുന്നത്. അതിന് ജോസഫിനെ പോലെയുള്ള അപ്പന്മാരും മറിയയെപ്പോലുള്ള അമ്മമാരും ഉണ്ടാകണം. പക്ഷെ അപ്രതീക്ഷിതം എന്നു പറയട്ടെ അങ്ങനെയല്ല ഇന്നത്തെ സ്ഥിതി.

കൂടെ ജീവിക്കുന്നവരെ പഴിപറയാനും പരസ്പരം ചെളിവാരി എറിയാതെയും സ്വന്തമെന്ന് കരുതി സ്നേഹിക്കുവാൻ ജോസഫ് പിതാവ് നമ്മോടു ആഹ്വാനം ചെയ്യുന്നു. അവിടെയാണ് ഉത്തമ കുടുംബങ്ങൾ ഉണ്ടാകുന്നത്. വേദപുസ്തകം അദ്ദേഹത്തിന് നിറഞ്ഞ വാത്സല്യത്തോടെ നൽകുന്ന പേരാണ് നീതിമാൻ. ഓരോരുത്തർക്കും അർഹതയുള്ളതും, ആവശ്യമുള്ളതും ഉറപ്പു വരുത്തുന്നതാണ് നീതി. ദൈവത്തിന് ആരാധനയും, മറിയയ്ക്ക് സംരക്ഷണവും, യേശുവിന് വാത്സല്യവും ഇതായിരുന്നു ജോസഫ് എന്ന നീതിമാന്റെ നീതിയുടെ വിനിയോഗം.

**ദൈവീക ഇടപെടലിനു വേണ്ടി സ്വയം സമർപ്പിതൻ**

യോസഫ് ഉറക്കം ഉണർന്നു കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു. (വി. മത്താ. 1:24). ഉറങ്ങാൻ കിടന്നപ്പോൾ യോസഫ് ദൈവത്തിന്റെ ഉത്തരത്തിനായി കാത്തിരിക്കുകയും അതിനായി പ്രാർത്ഥിക്കുകയുമായിരുന്നു എന്നത് ഇതിൽ വ്യക്തമാണ്. മറിയയെ ഉപേക്ഷിക്കുക എന്ന മാനുഷിക ബുദ്ധിയിൽ തോന്നിയ മാനുഷിക പരിഹാരം നടപ്പാക്കുന്നതിനു മുമ്പ് ദൈവീക ഹിതത്തിനും, തീരുമാനത്തിനുമായി ജോസഫ് കാതോർക്കുന്നു. മറിയ തെറ്റു ചെയ്തു എന്ന മാനുഷിക ബുദ്ധി (Human logic) ദൈവം തീരുമാനിക്കും എടുക്കട്ടെ എന്ന (Divine logic) ന് വഴിമാറി. "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക അവനിൽ തന്നെ ആശ്രയക്ക അവൻ അത് നിർവ്വഹിക്കും" (സങ്കീ. 37:5) ഇത് ജോസഫിന്റെ ജീവിതത്തിൽ അന്വർത്ഥമായി. "നീ എന്നെ വലങ്കൈക്കു പിടിച്ചിരിക്കുന്നു. നിന്റെ ആലോചനകളാൽ നീ എന്നെ നടത്തും. പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും" (സങ്കീ. 73:27).

മാനുഷിക നീതി സങ്കല്പങ്ങൾ ദൈവിക നീതിക്കു വിധേയപ്പെടുത്തി വേണം ചിന്തിക്കുവാൻ. നമ്മുടെ ചിന്താഗതികൾ പരാജയപ്പെടുമ്പോൾ ദൈവിക ആലോചനകൾ ജീവിതത്തിന് അനുഗ്രഹമായിരിക്കും. "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല. നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല; എന്ന് യഹോവ അരുളി ചെയ്യുന്നു. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതു പോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും, എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശയ്യാ. 55:8,9). ദൈവ പദ്ധതികൾ മനസ്സിലാക്കുകയും അത് ജീവിതത്തിൽ നടപ്പാക്കുകയും ചെയ്യുന്നിടത്ത് മാത്രമെ ക്രിസ്തു ജനിക്കുകയുള്ളൂ.

### ധന്യമായ തൊഴിൽ സംസ്ക്കാരത്തിന്റെ ഉടമ

തച്ചനാണ് ജോസഫ്. ഭൂമിയിലേറ്റവും, ധ്യാനവും ഭാവനയും, സർഗ്ഗാത്മകതയും, കൃത്യതയും ഉണ്ടാകേണ്ടിയ തൊഴിലാണിത്.

a) കണക്കിൽ കൃത്യത, b) മുന്നാസ്വാദനം, c) ചെത്തിമിനുക്കൽ, d) ചിന്തേരിടീൽ, e) കൂട്ടിയോജിപ്പിക്കൽ, ഇതൊക്കെ തച്ചന്റെ കഴിവിനെ കാണിക്കുന്ന പണിയുടെ ഘടകങ്ങളാണ്. ദൈവം കൃത്യമായി നിയന്ത്രിക്കുന്ന ചരിത്രഗതിയിൽ (ഗലാത്യർ 4:4) ക്രിസ്തു പിറക്കുമ്പോൾ അവിടുത്തെ വളർത്തി എടുക്കാനുള്ള ദൗത്യം കൃത്യതയും, മുന്നാസ്വാദനവും ഏറെ സ്വായത്തമാക്കിയ ജോസഫ് എന്ന തച്ചനെ ഏല്പിച്ചതിൽ അതിശയിക്കേണ്ട. ലോകത്തിൽ ജീവിക്കേണ്ട ദൈവപുത്രനെ ചെത്തിമിനുക്കി ചിന്തേരിടുന്നതിൽ ജോസഫ് വലിയ പങ്കു വഹിച്ചിട്ടുണ്ട്. സ്വയം ചെത്തി, ചിന്തേരിട്ടുകൊണ്ടാണ് ജോസഫ് ആ ദൗത്യം പൂർത്തീകരിക്കുന്നത് അത് നീതിമാന്മാരുടെ തലേവരയാണ്. കല്ലേറ് കൊള്ളേണ്ട പാപിനിയെ നീതികൊടുത്ത് പറഞ്ഞു വിടുമ്പോൾ കുറ്റാരോഘതമായ തന്റെ അമ്മയെ ചേർത്തു കൊണ്ട യോസഫ് പിതാവ് യേശുവിന് മാതൃകയായിരുന്നു. യേശു എന്ന ബാലന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ വലിയ അളവിൽ പങ്കു വഹിച്ചിട്ടുണ്ട് ജോസഫ് പിതാവ്.

ജീവിതത്തിൽ ക്ലേശങ്ങളും, സഹനാനുഭവങ്ങളും ദൃശ്യമാകുമ്പോൾ മനസ്സു മടുക്കാതിരിക്കുക. അത്തരം അനുഭവങ്ങൾക്കു പിൻപിലുള്ള ദൈവീക പദ്ധതി ആരായുക, തിരിച്ചറിയുക അതിന് അനുസൃതമായി പ്രതികരിക്കുക ജീവിതത്തിലെ ഏറ്റവും വലിയ പാഠം ജോസഫ് പിതാവ് നമ്മെ പഠിപ്പിക്കുന്നു.

ജീവിതത്തെക്കുറിച്ച് താൻ കണ്ട സ്വപ്നങ്ങളെല്ലാം വൃഥാവിലായി തീരുമ്പോഴും അതിനെല്ലാം പുറകിൽ ദൈവീക പദ്ധതി ഉണ്ടെന്ന് പൂർണ്ണമായി വിശ്വസിച്ച നീതിമാനായ ജോസഫ് നമ്മുടെ ജീവിതത്തിലെ സന്നിഗ്ദതകളിലും, അനശ്ചിതത്വങ്ങളിലും ഒരു മാതൃകയായി നിൽക്കുന്നു.

## *ഡിസം. 23*
## *യൽദോയ്ക്കു മുമ്പുള്ള ഞായർ*
*(വി. മത്താ. 1:1–17)*

### തലമുറകൾക്കതീതൻ തലമുറകൾക്കധീനൻ

വംശാവലി അഥവാ കുടുംബ പാരമ്പര്യം ഏതു മനുഷ്യനും പ്രധാന്യമേറിയതാണ്. യഹൂദവംശജന് ആ കാര്യത്തിലുള്ള ആവേശം അവർണ്ണനീയമാണ്. അതിനാൽ പഴയ നിയമത്തിൽ തല ഉയർത്തി നിൽക്കുന്ന വ്യക്തികളുടെ ജനനത്തോടൊപ്പം അവരുടെ വംശാവലിയുടെ വിവരണവും അനുബന്ധിച്ചിട്ടുണ്ട്. വംശത്തലവനും, വിശ്വാസ വീരനുമായ അബ്രഹാമുമായി ബന്ധിപ്പിക്കുന്ന ചരിത്രം ഏത് എബ്രായനേയും പുളകം കൊള്ളിക്കുന്നതാണ്.

### യേശുവിന്റെ വംശാവലി രണ്ട് വീക്ഷണങ്ങൾ

a) വി. മത്തായി അബ്രഹാമിൽ ആരംഭിച്ച് യേശുക്രിസ്തുവിൽ വന്നു നിൽക്കുന്ന വിധത്തിലും.

b) വി. ലൂക്കോസ് യേശുക്രിസ്തുവിൽ തുടങ്ങി പുറകോട്ട് ആദാമിലേക്കും, ആദാം ദൈവത്തിന്റെ മകൻ എന്ന നിലയിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അബ്രഹാമിൽ ആരംഭിക്കുന്ന എബ്രായാ ചരിത്രത്തിലേക്ക് വി. മത്തായി ശ്ലീഹാ ശ്രദ്ധ തിരിക്കുമ്പോൾ, വി. ലൂക്കോസ് മനുഷ്യരെല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്നുള്ള വിപുലവും, വ്യാപകവുമായ വിശ്വമാനവീകതയിലേക്ക് വിരൽ ചൂണ്ടി ആദമിൽ ആരംഭിക്കുന്നു. അബ്രഹാമിൽ ആരംഭിക്കുന്ന വംശാവലി അടിവരയിട്ടുറപ്പിക്കുന്നത് എബ്രായാ പാരമ്പര്യത്തിൽ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര ചരിത്രത്തിലുള്ള പ്രാധാന്യതയാണ്.

സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷം യഹൂദ വംശജരിലോ എബ്രായ ചരിത്രത്തിലോ ഒതുങ്ങി നിൽക്കുന്നില്ലായെന്നുള്ള സാർവ്വത്രിക ദർശനമാണ് ആദമിലാരംഭിച്ച വംശാവലി വെളിപ്പെടുത്തുന്നത്. വർഗ്ഗ-വർണ്ണ-ലിംഗ -വേഷ-ദേശ-ഭാഷാ വിവിധ വേലിയേറ്റങ്ങളുടെ, വേലിക്കെട്ടുകളും അനുദിനം ഉടലെടുത്തു കൊണ്ടിരിക്കുനന ആധുനിക കാല ഘട്ടത്തിൽ എല്ലാ മനുഷ്യരും സ്വർഗ്ഗസ്ഥ പിതാവിന്റെ മക്കളും, ആദിപിതാവായ ആദാമിന്റെ സന്തതി പരമ്പരയിൽപ്പെട്ടവരുമാണെന്നുള്ള സത്യം ഏവരും അറിയുകയും അംഗീകരിക്കേണ്ടിയുമിരിക്കുന്നു. "നമുക്കെല്ലാവർക്കും ഒരു പിതാവല്ലോ ഉള്ളത്: ഒരു ദൈവം തന്നെയല്ലോ നമ്മെ സൃഷ്ടിച്ചത്; നമ്മുടെ പിതാക്കന്മാരുടെ നിയമത്തെ അശുദ്ധമാക്കേണ്ടതിനു നാം അന്യോന്യം ദ്രോഹം ചെയ്യുന്നതെന്തിനു" (മാലാഖി 2:10) വിശ്വത്തോളമുയർന്ന വിശ്വാസത്തിന്റെ നായകനും, വീഴ്ചകൾ കൊണ്ടും, വികലതകൾ കൊണ്ടും ചരിത്രം സൃഷ്ടിച്ചവരും വിശുദ്ധരും, വേശ്യരും എല്ലാവരുമുൾപ്പെടുന്ന ക്രിസ്തുവിന്റെ വംശാവലി നമ്മെ പഠിപ്പിക്കുന്നു" "യേശു എല്ലാവരുടേയും രക്ഷകാണ്. ഓരോരുത്തരേയും അവിടുത്തേക്ക് ആവശ്യമുണ്ട്." "Jesus The Man For Others"

### സകല ജനത്തിനും മഹാസന്തോഷം

ഒരു വ്യക്തിയെ ചരിത്രത്തിലും സമൂഹത്തിലും അടയാളപ്പെടുത്തുന്നതാണ് വംശാവലി. അതിനാൽ തന്നെ പേരിനു കളങ്കം ഉണ്ടാകുന്ന ഒന്നും വശാവലിയിൽ ഉൾപ്പെടുത്താറില്ലായിരുന്നു. അതുകൊണ്ടാണല്ലോ നമ്മുടെ നാട്ടിലും കുടുംബ ചരിത്രം എഴുതുമ്പോൾ 'പേരു പോകുന്ന' സന്ദർഭങ്ങളൊന്നും രേഖപ്പെടുത്താത്തത്. ഇത് മനസ്സിൽ വച്ച് വായിക്കുമ്പോഴാണ് ക്രിസ്തുവിന്റെ വംശാവലി സകല ജനത്തിനും മഹാ സന്തോഷം നൽകിയവന്റെ ജനനത്തിന്റെ ചരിത്ര രേഖയാകുന്നത്. യഹൂദരിൽ തന്നെ ഉൾപ്പെട്ട ശമര്യർ അസ്പർശ്യരായിരുന്നു. തീണ്ടലും, തൊടീലും ഉള്ളവരായിരുന്നു. നല്ല അയൽക്കാരൻ ശമര്യാക്കാരനാണ് എന്ന് പഠിപ്പിച്ച ക്രിസതുവിന്റെ വംശാവലിയിൽ വിജാതീയരുടെ പേരുകൾ എഴുതി വച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ പൂർവ്വ സൂരികളിൽ വിജാതീയ രക്തവും കലർന്നിരിക്കുന്നു എന്ന് പറയുമ്പോൾ ഒരു വലിയ വിഭജനത്തിന്റെ ബർലിൻ മതിലാണ് ഇടിഞ്ഞു വീഴുന്നത്.

എന്നെ ഒരു സ്ത്രീയായും, മൃഗമായും ജനിപ്പിക്കാത്തതിൽ ഞാൻ നിന്നെ സ്തുതിക്കുന്നു എന്നു പ്രാർത്ഥിക്കുന്ന യഹൂദൻ അവന്റെ രക്ഷകനായി പിറക്കുന്ന മശിഹായുടെ വംശാവലിയിൽ സ്ത്രീകളുടെ പേരുകണ്ടാൽ അംഗീകരിക്കില്ല. അതും വേശ്യയുൾപ്പെടെയുള്ള തള്ളപ്പെട്ടവർ. അതു മാത്രമോ യിസഹാക്കു മുതൽ ജനിപ്പിച്ചു (മത്തായി 1:2) എന്നു പറഞ്ഞിട്ട് യേശുവിന്റെ കാര്യത്തിലോ അവളിൽ നിന്നു ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു. (മത്തായി 1:16).

സകല ജനത്തിനും സന്തോഷം ഉണ്ടായാൽ മാത്രം ആണ് ക്രിസ്തുമസിന് സന്തോഷം പൂർത്തിയാകുന്നത്. അത്തരത്തിലുള്ള ഒരു മനസ്സ് നമുക്കുണ്ടാകുന്നില്ലങ്കിൽ ക്രസ്തു നമുക്കായി ജനിക്കില്ല, (അവിടുന്ന് നിനക്കായി ജനിച്ചവനാണെങ്കിൽ പോലും) സ്വാർത്ഥതയുടേയും, വിഭജനത്തിന്റേയും അന്ത്യത്തിൽ നമുക്കായി പുൽത്തൊട്ടികൾ തുറക്കപ്പെടും.

### വംശാവലി ത്രികാല സംഗമത്തിന്റെ സമ്മേളനവേദി

ഓരോ വംശാവലിയും മൂന്ന് കാലങ്ങളുടെയും (ഭൂത-വർത്തമാന-ഭാവി) സംഗമവേദിയാണ്. ഇന്നലകൾ എങ്ങനെയായിരുന്നു എന്നത് ധ്യാനിക്കുവാൻ അത് സഹായിക്കുന്നു. പൂർവ്വ സൂരികളിലൂടെ ദൈവം ചൊരിഞ്ഞു തന്ന അനുഗ്രഹങ്ങളെയും, കൃപകളെയും അനുസ്മരിക്കുവാനുള്ള അവസരമാണ് വംശാവലി പ്രദാനം ചെയ്യുന്നത്. "നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്നു പഴയ പാതകളെ നോക്കി ചോദിച്ചു അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന് വിശ്രാമം ലഭിക്കും." (യിരമ്യ. 6:16) ഇന്നലകളുടെ അനുഗ്രഹങ്ങൾ (glories of the past) ഇന്നിന്റെ ശക്തിയിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു (Strength of the present) ഞാൻ ആരാണെന്നും? എവിടെ നിന്നു വന്നു എന്നും? എവിടേക്കു പോകുന്നു? എന്നും ചിന്തിക്കാനുള്ള അവസരമാണ് വംശാവലിയിലുള്ളത്. നാളേയ്ക്കുള്ള ഇന്നിന്റെ സമ്മാനവുമാണ് വംശാവലി. നാളെയെക്കുറിച്ചുള്ള

പ്രതീക്ഷകളുടെ (Hopes of the future) ഭണ്ഡാരമാണ് ഇന്നത്തെ തലമുറ. ചരിത്രത്തിൽ നാളെ നാം എവിടെ നിൽക്കുന്നു എന്ന് ഇന്നത്തെ നമ്മുടെ ജീവിതമാണ് നിശ്ചയിക്കുന്നത്. വരും തലമുറയ്ക്കു അഭിമാനം പകരുന്നവരായി ഇന്ന് ജീവിക്കുവാൻ വംശാവലി നമ്മോട് ആഹ്വാനം ചെയ്യുന്നു. കാരണം വ്യക്തി, ലോകത്തിൽ നിന്നും അപ്രത്യക്ഷമായാലും ചരിത്രത്തിൽ വ്യക്തിത്വം നിലനിൽക്കും; അഭിമാനകരമോ! അപമാനകരമോ! തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്.

ചില തീരുമാനങ്ങൾ എടുക്കുവാൻ ഈ ദിവസം നമുക്കു കഴിയട്ടെ

a) ആർക്കെങ്കിലും സന്തോഷം പ്രദാനം ചെയ്യുവാനുള്ള സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടാകുമ്പോൾ അതിൽ പങ്കാളിയാകുക. നന്മ ചെയ്യാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത് (സദൃ. 3:27).

b) ദൈവനിയോഗത്തോടു ചേർന്നു നിന്നു, തലമുറകളിലൂടെ നമ്മെ പരിപാലിച്ച ദൈവത്തിനു സ്തോത്രം ചെയ്യാം. നാം ഇങ്ങനെയായിരിക്കുന്നത് ദൈവീക പരിപാലനകൊണ്ടും ആ പരിപാലന പ്രായോഗികമായി തീർന്നത് അനേകം പൂർവ്വീകരുടെ സമർപ്പണം കൊണ്ടുമാണെന്ന് ഓർക്കാം.

c) ഇന്നിന്റെ സുകൃതങ്ങളാണ് നാളെയുടെ ചരിത്രത്തിൽ രേഖപ്പെടുന്നത്. യോഗ്യമോ, അയോഗ്യമോ തിരഞ്ഞെടുക്കാൻ അർഹതയുണ്ട്. എന്നാൽ ഭാവി തലമുറയുടെ വംശാവലിയിൽ നന്മയോടെ ഓർക്കപ്പെടുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കാം.

*ഡിസം. 30*

## *യൽദോയ്ക്കു ശേഷം ഒന്നാം ഞായർ*

*(ലൂക്കോ. )*

### വിണ്ണിന്റെ താഴ്ച: മണ്ണിന്റെ ഉയർച്ച

എന്തിനവൻ മണ്ണിലേക്കിറങ്ങി? ദൈവസാദൃശ്യത്തിലും, സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ പാപം ചെയ്ത് അവ നഷ്ടപ്പെടുത്തി ആ നഷ്ടം പരിഹരിച്ച് ദൈവവും മനുഷ്യനും തമ്മിൽ ആദിയിൽ ഉണ്ടായിരുന്ന ബന്ധം പുനഃസ്ഥാപിക്കുവാനാണ് ദൈവം മനുഷ്യരൂപം എടുത്ത് താഴ്ന്നിറങ്ങി വന്നത്. വി. പൗലോസ് ഫിലിപ്യർക്കെഴുതിയ ലേഖനത്തിൽ ഇത് സവിസ്തരം വർണ്ണിക്കുന്നുണ്ട്. (ഫിലി. 2:5–10). ഈ അനുഗ്രഹാവസ്ഥയിലേക്ക് പൂർണ്ണമായും എത്തിച്ചേരുന്നത് യുഗാന്ത്യത്തിൽ പുതിയ ആകാശം പുതിയ ഭൂമിക്ക് മേലാപ്പു വിരിക്കുമ്പോഴാണ് (2 പത്രോസ് 3:13) അങ്ങോട്ടുള്ള പ്രയാണമാണ് അതുവരെ. ആ തീർത്ഥാടന പ്രക്രിയ അനവരതം തുടർന്നുകൊണ്ടിരിക്കുന്നു. സമഭാവനയും, പ്രത്യാശയും, വിനയവും ഒക്കെയാണ് യഥാർത്ഥത്തിൽ ക്രിസ്തുമസിന്റെ സന്ദേശം. പക്ഷെ ഇന്ന് ഉപഭോക്തൃ സംസ്ക്കാരത്തിന്റെ അടയാളപ്പലകയായി ക്രിസ്തുമസ് മാറുന്നു. ജപ്പാനിൽ ക്രിസ്തു അത്ര അറിയപ്പെടുന്ന വ്യക്തി അല്ലെങ്കിലും ക്രിസ്തുമസിനാണ് ഏറ്റവും കൂടുതൽ വ്യാപാരം നടക്കുന്നത്. സാന്റാക്ലോസിനാണ് ക്രിസ്തുവിനെക്കാൾ പ്രചാരം. ആഘോഷ തിമിർപ്പുകൾക്കിടയിൽ ക്രിസ്തുമസിന്റെ ആത്മാവ് നഷ്ടപ്പെടുന്നു എന്ന് യഥാർത്ഥ്യമാണ്. കച്ചവട സംസ്ക്കാരത്തിൽ നിന്നുമകന്ന് ആത്മത്യാഗത്തിലേക്കുള്ള വളർച്ചയായി മാറുമ്പോഴെ ക്രിസ്തു നമ്മിൽ ജനിക്കുള്ളു.

### യൽദോ ശുശ്രൂഷ: പുതുക്കത്തിലേക്കുള്ള വളർച്ച

കർത്താവേശുമിശിഹായുടെ മനുഷ്യാവതാരം ചെയ്തു കൊണ്ടുവരവിനും, മഹത്വത്തോടു കൂടിയുള്ള വരവിനും ഇടയിൽ ജീവിക്കുന്നവനാണ് ക്രിസ്ത്യാനി. ആദ്യത്തേതിൽ നിന്നും രണ്ടാമത്തേതിലേക്കുള്ള തീർത്ഥാടനമാണ് ക്രിസ്തീയ ജീവിതം. ഈ യാത്രയിൽ ക്രിസ്തുവിനോടുള്ള സഹവാസവും, സാന്നിദ്ധ്യവും അനുപേക്ഷണീയമാണ്. അതിനാൽ തന്നെ ജനന പെരുനാളിലെ വി. കുർബ്ബാന അനുഭവം ക്രിസ്തുവിനോടൊത്തുള്ള യാത്രയ്ക്ക് ഏറ്റവും അനിവാര്യമാണ്.

പറഞ്ഞുവരുന്നത് ക്രിസ്തുമസിന്റെ ആഘോഷങ്ങളെക്കാളുപരി ആരാധനയ്ക്കാണ് നാം പ്രാധാന്യം കൊടുക്കേണ്ടതാണ്. ക്രിസ്തുവിനെ ഉള്ളിൽ വഹിക്കുന്നിടത്ത് മാത്രമെ സമഭാവനയുടെ സംതൃപ്തിയും, പ്രത്യാശയുടെ പ്രശോഭയും ഉണ്ടാകുള്ളു. ഇല്ലാത്തിടത്തൊക്കെ ക്രിസ്തു മിസാകും (christ-miss) christmas ആകില്ല.

### വ്യത്യസ്ഥ സമീപനങ്ങൾ

ക്രിസ്തുമസ് ചിന്തകളിൽ പാഠമാക്കേണ്ട ചില കഥാപാത്രങ്ങളുണ്ട്. ദൈവപുത്രന്റെ ജനനം എന്ന മഹാസംഭവത്തോട് അന്നത്തെ മനുഷ്യർ വ്യത്യസ്ഥ നിലകളിലാണ് പ്രതികരിച്ചത്.

ഹെരോദാവിന് തന്റെ അധികാരത്തെക്കുറിച്ച് അരക്ഷിത ബോധമായിരുന്നു. യഹൂദന്മാരുടെ രാജാവായി പറഞ്ഞവനെ അന്വേഷിച്ച വിദ്വാന്മാരുടെ വരവ് അയാളെ കുറച്ചൊന്നുമല്ല വിഹ്വലപ്പെടുത്തിയത്. കുഞ്ഞുങ്ങളെ വധിക്കുന്നതിൽ ചെന്നെത്തി നിന്നു ഹോരോദാവിന്റെ അരക്ഷിതത്വം. 'വിദൂരമായെങ്കിലും എന്റെ ഭൗതീക പ്രതാപങ്ങളെയോ, മാനസികാസ്വസ്ഥതയെയോ, മുൻഗണനകളെയോ വെല്ലുവിളിക്കാൻ ആരെങ്കിലുമുണ്ടോ വധിക്കുക തന്നെ'.

ഹെറോദാവിന് സംശയ നിവാരണം നടത്തികൊടുത്ത വേദപണ്ഡിതർ. മീഖാ പ്രവചനത്തിന്റെ ചുരുൾ തുറന്ന് ബേത്‌ലഹേമിലാണ് യേശു ജനിക്കുകയെന്ന് പറയാൻ അവർ ക്ലേശമൊട്ടുമുണ്ടായിരുന്നില്ല. എന്നാൽ അവിടെവരെ ച്ചെന്ന് യിസ്രായേലിന്റെ രാജാവായി പിറന്നവനെ ഒന്നു കാണാൻ അവർ മിനക്കെടുന്നില്ല അതുകൊണ്ട് തന്നെ അന്ധരെ നയിക്കുന്ന അന്ധരായി യഹൂദപുരോഹിതന്മാരെ ക്രിസ്തു വിശേഷിപ്പിച്ചതിൽ അതിശയം ഒട്ടുമില്ല. വിശ്വാസത്തിന്റെയും, ആരാധനയുടെയും മനോഭാവം നിറഞ്ഞ ആട്ടിടയന്മാർ, വിദ്വാന്മാർ അത്യജ്ഞരായ ആട്ടിടയന്മാരും അതിവിജ്ഞരായ വിദ്വാന്മാരും അവരായിരുന്നു സത്യത്തിൽ രക്ഷകനെ കണ്ടത്.

നന്മയുടെ നേർക്കുള്ള വ്യത്യസ്ഥ സമീപനങ്ങളാണിത്. ഹോരോദാവിന് സംഹാരാത്മകം, വേദപണ്ഡിതന്മാർക്ക് നിസ്സംഗത, അലസത. പണ്ഡിതർക്കും പാമരർക്കും ആരാധനാ ഭരിതം. ഇതിൽ ആരുടെ ഭാഗത്താണ് നാം! ഹേറോദാവിനെപ്പോലെ നന്മയുടെ അവതാരത്തെ ഉന്മൂലനം ചെയ്ത് നമുക്ക് സുഖം പകരുന്ന പ്രതാപങ്ങളുമായി തുടരുകയാണോ, നമ്മുടെ മൂല്യ ശ്രേണിയെ ഭീഷണിപ്പെടുത്തുകയും, കപട ഭക്തിയെ ഭൽസിക്കുകയും, ലൗകീക സൗകര്യങ്ങൾക്കെതിരെ വെല്ലുവിളി ഉയർത്തുകയും ചെയ്യുമെന്നുള്ള ഭയം (sense of insecurity) മൂലം മനസ്സിൽ പുൽത്തൊട്ടി കാംക്ഷിക്കുന്നവനെ മൂടോടെ നശിപ്പിക്കുന്നവരാകാനാണോ ഈ ക്രിസ്തുമസ് ആഘോഷം. ■

## പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 49-ാം ഓർമ്മപ്പെരുന്നാൾ

**ദേവലോകം:** മലങ്കര സഭയുടെ മൂന്നാം കാതോലിക്ക പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ (വലിയ ബാവാ) തിരുമേനിയുടെ 49–ാം ഓർമ്മപ്പെരുന്നാൾ 2013 ജനുവരി 2, 3 തീയതികളിൽ ഭക്തിനിർഭരമായി ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആചരിക്കും.

ജനു. 2–ന് മാതൃ ഇടവകയായ കുറിച്ചി വലിയപള്ളിയിൽ പ. ബാവായുടെ ഓർമ്മപ്പെരുന്നാളിന് വി. കുർബ്ബാനയും, അനുസ്മരണ പ്രസംഗവും, ശ്രാദ്ധസദ്യയും, തുടർന്ന് ദേവലോകം കബറിങ്കലേക്കുള്ള പദയാത്രയും. 5.30–ന് കോടിമതയിൽ എത്തിച്ചേർന്ന് എല്ലാ പള്ളികളിൽ നിന്നുമുള്ള തീർത്ഥാടകരുമൊന്നിച്ച് ബാവായുടെ കബറിങ്കൽ എത്തിച്ചേരും. തുടർന്ന് സന്ധ്യാനമസ്ക്കാരം, പ്രസംഗം, പിതാക്കന്മാരുടെ ശ്ലൈഹിക വാഴ്‌വും.

ജനു. 3–ന് വി. കുർബാനയിൽ പ. ദിദിമോസ് പ്രഥമൻ വലിയ ബാവായും, പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായും, മറ്റ് മെത്രാപ്പോലീത്തന്മാരും കാർമ്മികത്വം വഹിക്കും എന്ന് അരമന മാനേജർ ഫാ. എം.കെ. കുര്യൻ അറിയിച്ചു.

## ദൈവത്തെ അറിഞ്ഞ...

*32-ാം പേജിൽ നിന്നു തുടർച്ച...*

മ്പോൾ ഞാൻ പലപ്പോഴും ബാവയെ കാണാൻ ചെല്ലും. ഒരു പ്രാവശ്യം ചെന്നപ്പോൾ മറ്റു തിരുമേനിമാർ എല്ലാം അവിടെ നില്പുണ്ട്. അപ്പോൾ അവരോടു ചോദിച്ചു ഈ തിരുമേനിയെ അറിയുമോ... ഉടനെ അവരു പറഞ്ഞു. അറിയും. അപ്പോൾ എല്ലാം തെക്കരേറ്റു. പിന്നീട് വേറെ ഒരു ദിവസം അവിടെ ചെന്ന് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കാപ്പി കുടിക്കാം എന്നു പറഞ്ഞു. തിരുമേനി പറഞ്ഞു, പോയി കാപ്പി കുടിച്ചേച്ചു വാ.... തിരിച്ചു ഇവിടെ വന്നേച്ചു പോകാവൂ എന്നു പറഞ്ഞു. ഞാൻ തിരിച്ചുചെന്നപ്പോൾ എന്നോടു ചോദിച്ചു. അവർ തേൻ തന്നോ എന്നു ചോദിച്ചു. ഞാൻ പറഞ്ഞു തന്നു. അല്ല അവർ ചിലപ്പം തരത്തില്ല. അതാ ഞാൻ ചോദിച്ചത്. ഇത് ഒരു അന്വേഷണമാണ്. അതിന്റെ പുറകിലുള്ള ഒരു വലിയ സ്നേഹമാണ്. അതുകൊണ്ട് അദ്ദേഹത്തെ സന്ദർശിക്കുന്നത് ഒരു ദൈവിക അനുഗ്രഹമായി കരുതുന്ന ഒരാളാണ് ഞാൻ.

അന്നത്തെ സഭാ നേതാക്കൾ എല്ലാ കൂടി പറഞ്ഞു. നമുക്ക് ഒരു പൊതു തിയോളജിക്കൽ കോളേജ് ഉണ്ടാക്കാം. ഒരു ദിവസം ഓർത്തഡോക്സ്കാർ താമസിക്കും അവർ അന്ന് ആരാധന അർപ്പിക്കും. ഒരു ദിവസം മാർത്തോമ്മാ, സി.എസ്.എ. എന്നിങ്ങനെ താമസിച്ച് അങ്ങനെ അവരുടെ പ്രത്യേക ആരാധന നടത്താം, ദൈവശാസ്ത്ര സംബന്ധമായി ഒരുമിച്ചു പഠിക്കാം, പ്രത്യേക കാര്യങ്ങൾ ഒക്കെ പഠിക്കാം എന്നൊക്കെ പറഞ്ഞ് അങ്ങോട്ടു ചെന്നു. അപ്പോൾ ഒരു അച്ചൻ പറഞ്ഞു. ഇത് എല്ലാവരും അറിയട്ടെ, കാണട്ടെ, അതിനാണു ഇത് പറഞ്ഞത്. അപ്പോൾ ബാവാ പറഞ്ഞു. കുർബ്ബാന ഒരു രഹസ്യമാണ് അത് പരസ്യമാക്കിക്കൊണ്ട് നടക്കുന്നത് ശരിയല്ല. മറ്റോരുത്തരാണെങ്കിൽ ഒഴപ്പ് പറഞ്ഞു ഒഴിഞ്ഞുമാറും. ഇദ്ദേഹം പറഞ്ഞു. ഒരു വലിയ സത്യമാണ് ഞാൻ പറയുന്നത്. കുർബ്ബാന അതിന്റെ പവിത്രത, അതിന്റെ ധന്യത, അതിന്റെ അനുഗ്രഹങ്ങൾ എടുത്തു വാരിവിതറികളയരുത്. ദൈവത്തിന്റെ വലിയ ഭാഗമാണ് കുർബ്ബാന. ദൈവത്തെക്കാൾ ലോകത്ത് കാണുന്ന വലിയ സ്ഥലമാണ് കുർബ്ബാന. അത് ചുമ്മാതെ പോകുന്നവനും, വരുന്നവനുമെല്ലാം കാണുന്നതല്ല എന്ന വലിയൊരു ധാർഷ്ട്യം സാധാരണ ഭാഷയിൽ പറഞ്ഞു.

* * *

അദ്ദേഹം എഡിൻബറോ കോൺഫ്രൻസിനു പോയി. അദ്ദേഹം പോകുമ്പോൾ ഞാൻ ആലുവാ കോളേജിൽ പഠിക്കുവായിരുന്നു. ഞങ്ങൾ കുട്ടികൾ എല്ലാവരും കൂടി വന്നു നിന്ന് അനുഗ്രഹങ്ങൾ വാങ്ങി അവിടെനിന്നും പോന്നു.

അവിടെ ചെന്നപ്പോൾ കാൻഡിൻബറി ആർച്ച് ബിഷപ്പ് ഒരു ചായ കുടിക്കാൻ വിളിച്ചു. ചായ ചൂടുള്ളതായിരുന്നു. ആ ചായ സ്വല്പം സോസറിലോട്ട് ഒഴിച്ച് ഊതി ഊതി തണുപ്പിച്ച് കുടിച്ചു. അപ്പോൾ കൂടെയുണ്ടായിരുന്ന ബിഷപ്പുമാർ പറഞ്ഞു. അങ്ങനെ ചെയ്യരുത്. അതു ശരിയല്ല. അതു തണുത്തിട്ട് കുടിച്ചാൽ മതി എന്നു പറഞ്ഞു. ഉടനെ ബാവാ പറഞ്ഞു ഇവര് പഠിക്കട്ടെടാ ചൂടുചായ തണുപ്പിച്ച് കുടിക്കുന്നത് എങ്ങനെയെന്ന്.

അദ്ദേഹത്തിന് ബുദ്ധിയും, പരിഷ്ക്കാരവും ഉള്ളതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഞാൻ എന്റെ പാരമ്പര്യം പുലർത്തണം, അത് അദ്ദേഹം എല്ലാ രംഗങ്ങളിലും പറഞ്ഞുകൊടുക്കുന്ന ആളാണ്. ആ വലിയ ആശയം ജീവിതാനുഭവമായി മാറണം.

* * *

അദ്ദേഹത്തിന്റെ കാലത്താണ് ഇവിടെ കേസു കൊണ്ടുവരുന്നത്. ആദ്യസമയത്ത് കേസിൽ തോറ്റുപോയി. അദ്ദേഹം കൊട്ടാരക്കര വന്നിറങ്ങി. എല്ലാവരുടെയും ഉള്ളിൽ പരിഭ്രമമാണ്. പ്രായമുള്ള തിരുമേനി കേസിൽ തോറ്റു. സകലവും നശിച്ചു. മാമ്മൻ മാപ്പിള അദ്ദേഹം ആരായിരുന്നുവെന്നു മനോരമക്കാർക്ക് അറിയാൻ മേലെങ്കിലും നമുക്കറിയാം. അദ്ദേഹം പ്ലാൻചെയ്തു വലിയ ഒരു സ്വീകരണം കോട്ടയം വരെ നൽകണം. അപ്പോൾ ഞാൻ ഒരു ഓർത്തഡോക്സിലെ അച്ചനോടു ചോദിച്ചു. തോറ്റപ്പോൾ ഇങ്ങനെയാണെങ്കിൽ, ജയിക്കുമ്പോൾ കരഞ്ഞോണ്ടു പോയേനെ അല്ലേ എന്നു ചോദിച്ചു. അദ്ദേഹത്തിന്റെ ആളത്വത്തിന് ഒരു ക്ഷതമുണ്ടാകരുത്. ജയിച്ചോ തോറ്റോ ഞങ്ങൾ എല്ലാവരും തിരുമേനിയോടുകൂടെ എന്നും ഉണ്ടാകും എന്ന നിർദ്ദേശത്തിന് തിരുമേനിക്ക് വളരെ സന്തോഷമുണ്ടായി. സഭയ്ക്ക് ഒരു ഉറപ്പ് അത് ബാഹ്യമായ ഉറപ്പല്ല. സഭയുടെ യഥാർത്ഥ അടിസ്ഥാനമായ യേശു ക്രിസ്തുവിന്റെ സഭ പണിയുന്നതിന് അതിന്റെ സ്ഥാനം ഉറപ്പിക്കുന്നതിന് ആ സഭയ്ക്കു വലിയ നേതൃത്വം നൽകിയ ആളാണ് പ. ബാവാ. അതുകൊണ്ട് ഈ പിതാവിനെ സഭ ഒരിക്കലും മറക്കരുതേ എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ആദ്യത്തെ ദിവസം അന്വേഷിക്കുന്ന ഒരാളാണ് ഈ പരിശുദ്ധ ബാവാ തിരുമേനി. അങ്ങനെ അദ്ദേഹത്തെ അവിടെ കാണാൻ ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി എന്റെ വാക്കുകൾ നിർത്തട്ടെ.

*തയ്യാറാക്കിയത്:* – **ജിന്റോ കളപ്പുരയ്ക്കൽ, കുറിച്ചി**


## അഖില മലങ്കര പ്രസംഗ മത്സരം

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ(കുറിച്ചി ബാവാ)യുടെ 49-ാം ഓർമ്മപെരുനാളിനോടനുബന്ധിച്ച് പ. പിതാവിനെക്കുറിച്ച് അനുസ്മരിക്കുവാൻ ഒരു പ്രസംഗ മത്സരം സൺഡേസ്ക്കൂൾ അഖില മലങ്കര അടിസ്ഥാനത്തിൽ **2012 ഡിസംബർ 30**-ാം തീയതി ഞായറാഴ്ച (30-12-12) 2.00 p.m.-ന് **കുറിച്ചി വലിയ പള്ളിയിൽ** വച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു.

**വിഷയം: പ. കുറിച്ചി ബാവായും കാതോലിക്കേറ്റ് ശതാബ്ദിയും**

**നിബന്ധനകൾ**: 1) സൺഡേസ്ക്കൂളിൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾ (VII-XII); 2) 25-12-2012-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 4) പ്രസംഗ സമയം 5 മിനിറ്റ്.

**For Registration -** Vicar, St. Peters & St. Paul's Orthodox Church, Neelamperoor P.O., Kurichy-686534,
Ph: 9847478894, 9947124980, 9400833608
or kurichybava@yahoo.com

## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO**

**✆ 0481-2425444,**
**Res. 2724224, 2727788**
**(Mob.) 9447136388**



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**




# പുസ്തകശാല

## അജപാലകൻ


ഫാ. ഡോ. റ്റി. ജെ. ജോഷ്വ




സഭയുടെ വളർച്ചയുടെ പാതയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന വൈദികന്റെ ജീവിതവും കർമ്മസരണികളും വേദപുസ്തക കാഴ്ചപ്പാടിൽ വിശകലനം ചെയ്യുന്ന പ്രൗഢമായ ധ്യാന ഗ്രന്ഥം. സുദീർഘമായ വൈദിക ജീവിതത്തിന്റെയും അധ്യാപനത്തിന്റെയും വെളിച്ചത്തിൽ രൂപപ്പെട്ട കൃതി. സി.എസ്.എസ്., പേജ് 134, വില-90.

## പൗരസ്ത്യ കാതോലിക്കേറ്റ്


ജിത്തു മാത്യു (എഡി.)




കാതോലിക്കേറ്റ് ശതാബ്ദി ആഘോഷ പശ്ചാത്തലത്തിൽ കാതോലിക്കേറ്റിന്റെ സ്ഥാനം ഉത്ഭവം, ചരിത്രം, വികാസം സ്ഥാന ചിഹ്നങ്ങൾ സാംസ്ക്കാരിക ചരിത്രം എന്നിവ വിശദീകരിക്കുന്ന 21 ലേഖന സമാഹാരം. അവതാരിക: ഡോ. തോമസ് മാർ അത്താനാസിയോസ്, യൂത്ത് വോയ്സ്, കോലഞ്ചേരി. പേജ് 160, വില. 60

## ഡൽഹിയും തമിഴ്നാടും


റോയി ചാക്കോ ഇളമണ്ണൂർ




ഡൽഹിയും തമിഴ്നാടും പകരുന്ന അനുഭവക്കാഴ്ചകൾ. വിജ്ഞാനപ്രദവും രസകരവുമായ കാഴ്ചാനുഭവം പകരുന്ന കൃതി. രണ്ട് സംസ്ഥാനങ്ങളുടെയും ചരിത്ര-സാംസ്ക്കാരിക വിശകലനങ്ങളും വിവരിക്കുന്നു. അവതാരിക: ഡോ. ഡി. ബാബു പോൾ. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. പേജ് 200. വില-100.

## ബൈബിൾ ചരിത്ര വഴികളിലൂടെ...

ജോസ് പി.റ്റി. നല്ലില




സ്വയസിദ്ധമായ ഉൾക്കാഴ്ചയിലൂടെയും കഠിന പരിശ്രമത്തിലൂടെയുമുള്ള ചരിത്ര പഠനത്തിലൂടെയും സ്വായത്തമാക്കിയ അറിവിൽ നിന്നുകൊണ്ട് പ്രൗഢ ഗംഭീര ഗ്രന്ഥം. വി. ബൈബിളിന്റെ രൂപീകരണം, ഭാഷാന്തര പ്രസിദ്ധീകരണം എന്നിവയെപ്പറ്റി വിശദീകരിക്കുന്നു. വില. 250

പുരാതന ദേവാലയങ്ങളിലൂടെ മലങ്കരസഭ മാസിക

# പഴമപ്പെരുമ



## കോട്ടൂർ സെ. ജോർജ് ഓർത്തഡോക്സ് പള്ളി

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

ദേവാലയ പഴമകളൂടെ ചരിത്രം അന്വേഷിക്കുന്നവർക്ക് വിസ്മയം തീർക്കുന്ന ഒന്നാണ് കോട്ടൂർ പള്ളിയുടെ ചരിത്രം.ഗീവറുഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായ മലങ്കരയിലെ ദേവാലയങ്ങളിൽ എറ്റവും പുരാതനമെന്ന് കരുതപ്പെടുന്ന ഈ പള്ളി എറണാകുളം ജില്ലയിലെ ദേവാലയങ്ങളിൽ കോട്ടക്കാവ് പള്ളി കഴിഞ്ഞാൽ പഴമയിൽ രണ്ടാമത്തേതാണ്.ക്രിസ്താബ്ദം അഞ്ചാം നൂറ്റാണ്ടോട് കൂടിയാണ് കോട്ടൂർ പള്ളി സ്ഥാപിക്കപ്പെട്ടത്.. ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ചേർത്തല പട്ടണത്തിനടുത്തുള്ള പള്ളിപ്പുറം പള്ളിയുടെ കുരിശ്പള്ളിയായി കോട്ടൂർ പള്ളി സ്ഥാപിതമായി.

അവിഭക്ത കണ്ടനാട് ഭദ്രാസനത്തിൽപ്പെട്ട ഈ പുരാതനദേവാലയത്തെക്കുറിച്ച്, ആ ഭദ്രാസനത്തിന്റെ വാർഷിക സുവനീർ (1968-70)രേഖപ്പെടുത്തുന്ന ചരിത്രം ഇപ്രകാരമാണ്.ഈ ദേവാലയം കോട്ടൂർ കുളങ്ങാട്ടിൽ കുടുംബം സ്ഥാപിച്ചതാണ്. പുരാതന ഹൈന്ദവ കുടുംബമായ പാഴൂർ മനയിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ച വിക്രമദത്തൻ എന്നയാൾ ഗീവർഗീസ് എന്ന് നാമധേയം സ്വീകരിച്ച് സഹദായുടെ നാമത്തിൽ ഒരു ദേവാലയം പണിതു എന്നും ഈ പള്ളി കോട്ടൂർ പള്ളിയെന്നും ആ സ്ഥലവും പുരയിടങ്ങളും "കോട്ടൂർ" എന്നും പില്ക്കാലത്ത് അറിയപ്പെട്ടു.

പള്ളിപ്പുറം പള്ളിയിൽ നിന്ന് വൈദികർ ആദ്യകാലങ്ങളിൽ വന്ന് ആരാധന നടത്തി വന്നു.പീന്നീട് പിറവം പള്ളി സ്ഥാപിക്കപ്പെട്ടപ്പോൾ ആ പള്ളിയുടെ കുരിശ് പള്ളിയായി അറിയപ്പട്ടു. ഒമ്പതാം നൂറ്റാണ്ടോടെ കടമറ്റം പള്ളി സ്ഥാപിതമായതോടെ ആ ദേവാലയത്തിന്റെയും പതിനഞ്ചാം നൂറ്റാണ്ടോടെ കോലഞ്ചരി കുടുംബത്തിലെ തങ്കൻമാപ്പിളയുടെ നേതൃത്വത്തിൽ കടമറ്റത്ത് നിന്ന് പിരിഞ്ഞ് കോലഞ്ചരി ഭാഗത്ത് പുതിയ പള്ളി സ്ഥാപിച്ചപ്പോൾ കോട്ടൂർ പള്ളി ആ ദേവാലയത്തിന്റെയും കുരിശ് പള്ളി /ചാപ്പലായി നിലനിന്നു. ഇക്കാലങ്ങളിൽ ഒന്നും ഈ പുരാതന കേന്ദ്രം ഒരു സ്വതന്ത്ര ഇടവക ആയി മാറ്റുവാൻ ആരും തയ്യാറായില്ല. ഇതിനുള്ള ഒരു കാരണം കോട്ടൂർ പുരയിടം സ്ഥലത്ത് നിലനിന്നത് കൊണ്ടാകാം.

കോട്ടൂർ പള്ളി കോലഞ്ചരി പള്ളിയുടെ കുരിശ് പള്ളിയായതിന് ഒരു നൂറ്റാണ്ട് കഴിഞ്ഞശേഷമാണ് 1599-ൽ ഉദയമ്പേരൂർ സുന്നഹദോസ് കാലത്തെ പള്ളികളുടെ ലിസ്റ്റിൽ കാണുന്ന കോട്ടൂര (kottara) പള്ളി ഈ ദേവാലയത്തെയാണ് കുറിക്കുന്നത്.ഉദയമ്പേരൂർ സുന്നഹദോസിൽ നാല് അല്മായക്കാരും ഒരു ഇടവക പട്ടക്കാരനും ഈ ഇടവകയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഈ കാലഘട്ടത്തിൽ പൂർണ്ണമായി ഓർത്തഡോക്സ് പക്ഷത്ത് നിലയുറപ്പിച്ച 28 പള്ളികളിലൊന്നായി Indian Chiruch history എന്ന ഗ്രന്ഥത്തിൽ വിശേഷിപ്പിക്കുന്നു. മുറിമറ്റം കുടുംബത്തിലെ യൗസേഫ് കത്തനാർ കോട്ടൂർ പള്ളിയുടെ ചുമതല ഏറ്റപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ കുര്യനും അദ്ദേഹത്തെ സഹായിപ്പനായി പള്ളിക്ക് സമീപം താമസിച്ചു. യൗസേഫ് കത്തനാരുടെ സഹോദരൻ ശ്രീ.കുര്യന്റെ മകൻ പൗലോസ് എന്ന ബാലൻ തന്റെ പിതൃസഹോദരനായ മൽപ്പാന്റെ സമർപ്പണ ജീവിതം കണ്ട് വളർന്നുവന്നു. കോട്ടൂർ പള്ളിയിൽ ബാല്ല്യം മുതൽ ചിലവഴിച്ച ആ പൗലോസാണ് പീന്നീട് മലങ്കരസഭയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചപ്പോൾ അവരോധിതനായ ആദ്യസഭാതലവൻ മുറിമറ്റത്തിൽ പൗലോസ് പ്രഥമൻ ബാവാ.




# തിരുശേഷിപ്പു പ്രതിഷ്ഠയുടെ ധന്യതയിൽ

## കൊട്ടാരക്കര, കോട്ടപ്പുറം


## സെന്റ് ഇഗ്നാത്തിയോസ് ദേവാലയം

**തെ**ക്കൻ കേരളത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ കൈകളാൽ അടിസ്ഥാന ശിലയിട്ട കൊട്ടാരക്കര കോട്ടപ്പുറം ദേവാലയം ധന്യതയുടെ പാരമ്യത്തിൽ. 1898-ൽ നിരണം, കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളുടെ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (പരുമല തിരുമേനി) നവീകരണ പോരാട്ടത്തിനിടെ കൊട്ടാരക്കരയിൽ കണ്ടെത്തിയ കുന്നിന്റെ നെറുകെയാണ് ഇപ്പോൾ കോട്ടപ്പുറം പള്ളി സ്ഥിതി ചെയ്യുന്ന ഇടം. നവീകരണ വ്യവഹാരത്തിൽ മാർക്കറ്റ് ജംഗ്ഷനിലെ കൊട്ടാരക്കര പള്ളി മറുവിഭാഗത്തിനു ലഭിച്ചപ്പോൾ അവിടെയുള്ള വിശ്വാസികൾക്ക് ആരാധനാലയം പണിയുവാൻ തെക്കുള്ള പുലമൺ കുന്നുപുറം കയറിനിന്നുകൊണ്ട് കോട്ടപ്പുറത്തേക്കു വിരൽചൂണ്ടിയെന്ന് ഒരു ഐതിഹ്യമുണ്ട്. പിന്നീട് അത് കോട്ടപ്പുറം സെമിനാരി എന്ന പേരിൽ വൈദിക അഭ്യസനത്തിനുൾപ്പെടെയുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥലവുമായി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ (ദീവന്നാസിയോസ് പഞ്ചമൻ) അവിടെ താമസിച്ചിരുന്നതായി ചരിത്രരേഖകളുണ്ട്. പള്ളിക്കു സമീപമുണ്ടായിരുന്ന കോട്ടപ്പുറം ബംഗ്ലാവ് മലങ്കര സഭാ പിതാക്കന്മാരുടെ ഇടക്കാല ആസ്ഥാനം തന്നെയായിരുന്നു. പരിശുദ്ധ പരുമല തിരുമേനി, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, അലക്സിയോസ് മാർ തേവോദോസിയോസ്, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ തുടങ്ങിയവർ പുറപ്പെടുവിച്ച കല്പനകളോ, തത്തുല്യ ലേഖകളോ, ചരിത്രത്തിലുണ്ട്. അവിഭക്തകൊല്ലം ഭദ്രാസനത്തിൽ ഉൾപ്പെട്ട് അവസാനം മെത്രാപ്പോലത്താമാരായത് ഭാഗ്യസ്മരണാർഹനായ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയും ഇപ്പോൾ കൊല്ലം ഭദ്രാസനാധിപനായ അഭി. അന്തോണിയോസ് തിരുമേനിയും. പുതുതായി രൂപം കൊണ്ട കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിന്റെ അഭി. യൂഹാനോൻ മാർ തേവോദോറോസ് തിരുമേനിയുടെ ഒരു ആസ്ഥാനം കൂടിയാണ് ഇവിടം.

ഒരു കാലത്ത് മലങ്കരസഭാ ചരിത്രത്തിലെ പ്രധാനകേന്ദ്രമായിരുന്ന ഇവിടം പ. പരുമല തിരുമേനിയുടെ സ്മരണകൾ നിറഞ്ഞു നില്ക്കുന്ന ദേവാലയമാണ്. കൊട്ടാരക്കരയിലും പരിസരങ്ങളിലുമുള്ള ബഹുശതം വിശ്വാസികൾ പരിശുദ്ധ പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥതയിലും കാവൽ പിതാവായ ഇഗ്നാത്തിയോസിന്റെ പ്രാർത്ഥനകളിലും തീവ്രമായി വിശ്വസിക്കുന്നവരാണ്. പ. പരുമലതിരുമേനിയുമായുള്ള ഇടവകയുടെ ആത്മബന്ധത്തിന്റെ അടയാളമായി തിരുശേഷിപ്പ് പ്രതിഷ്ഠിക്കുമ്പോൾ അത് ഈ ദേശത്തിനു തന്നെ ഒരുണർവു നൽകുന്നു.

നൂറു വർഷം പിന്നിട്ട കോട്ടപ്പുറം ദേവാലയത്തിന് ഇത് ധന്യതയുടെ നിമിഷം. സ്ഥാപക പിതാവായ മാർ ഗ്രിഗോറിയോസിന്റെ തിരുശേഷിപ്പിന്റെ സുഗന്ധവുമായി ഇനി കോട്ടപ്പുറം കുന്നിൻപുറം പരിമളം തൂകും. ■

## ഡോക്ട്രേറ്റ്




സെറാമ്പൂർ സർവ്വകലാശാലയിൽ നിന്നും വേദശാസ്ത്രത്തിൽ 'ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ രചനകളിലെ മനുഷ്യനും പ്രകൃതിയും' എന്ന ഗവേഷണ പ്രബന്ധത്തിന് ഡോക്ട്രേറ്റ് ലഭിച്ച ഇലവുങ്കാട്ട് ഗീവർഗീസ് റമ്പാൻ. തഴക്കര എം.എസ്. സെമിനാരി മാനേജർ, പരുമല സെമിനാരി അസി. മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഡൽഹി ഭദ്രാസനത്തിൽ 20 വർഷവും ലണ്ടൻ, ഷാർജ തുടങ്ങിയ പള്ളികളിലും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ യു.കെ. യൂറോപ്പ് ആഫ്രിക്ക ഭദ്രാസനത്തിന്റെ വെമ്മണിയിലുള്ള മിനോറ ഓർത്തഡോക്സ് സെന്റർ മാനേജരാണ്. കടമ്പനാട് ഇലവുങ്കാട് വിളയിൽ കുടുംബാംഗമാണ്.



മറൈൻഡ്രൈവിൽ നടന്ന ശതാബ്ദി മഹാസമ്മേളനത്തിൽ അവതരിപ്പിച്ച ശതാബ്ദി സന്ദേശ കഥാപ്രസംഗത്തിന് ഫാ. എബി ഫിലിപ്പ് കാർത്തികപ്പള്ളി നേതൃത്വം നൽകുന്നു.


***II*ND *BIRTHDAY IN HEAVEN***
***20-12-2012***



**GEORGE KOSHY K. (DAIE)**
**KALLUMKAL HOUSE**
**KOTTAYAM**

***Inserted by***
**Nidhi Ann Koshy**
**Dhannya Merry Koshy**
**Beena Koshy, Bhopal**





ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം


# സമ്യഗ് ദർശനം



'ഒരു' തീവണ്ടി യാത്രയിൽ ജൂതനായ ഒരാൾ കത്തോലിക്കാ പുരോഹിതനെന്ന് സ്വയം പരിചയപ്പെടുത്തിയ ഒരാളുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. യേശുവിന്റെ കാര്യം വരുമ്പോൾ രണ്ട് പേരും രണ്ട് ചേരിയിൽ നിന്നാണ് വർത്തമാനം പറയുക.

ഒരു വേള ജൂതൻ ചോദിച്ചു. "ഒരു സാധാരണ പുരോഹിതനായതിന് ശേഷം നിങ്ങൾക്കെന്തായിത്തീരാം"

"ഞാൻ പട്ടണത്തിലെ ഒരു ഇടവകയിലേക്ക് പോകാൻ സാധ്യതയുണ്ട് അജപാലനത്തിന്"

"അതിന് ശേഷം...?"

'ഓ, ഇല്ല! അതിലും വലിയ ഒരു സ്ഥാനത്തേക്ക് ഞാൻ നിയമിക്കപ്പെടില്ല'

"ഒരു പക്ഷേ നിങ്ങൾ ജോലിയിൽ വളരെ മിടുക്കനാണെങ്കിൽ നിങ്ങൾക്ക് എന്തായിത്തീരാൻ കഴിയും?" ജൂതൻ നിർബന്ധിച്ചു.

"അങ്ങനെയെങ്കിൽ ഞാനൊരു മോൺസിഞ്ഞോർ ആയേക്കാം"

"അതിന് ശേഷം.?" "ഞാൻ വളരെ വളരെ ഭാഗ്യവാനാണെങ്കിൽ ഒരു ബിഷപ്പായേക്കാം"

"പിന്നെ?" "ആർച്ച് ബിഷപ്പ് " "അതിനും ശേഷമോ"?

"ശരി റോമിൽ ഒരു കർദ്ദിനാൾ" "പിന്നെ എന്ത്?"

"കർദ്ദിനാൾമാരിൽ നിന്നാണ് പോപ്പിനെ തെരഞ്ഞെടുക്കുന്നത്"

"എന്നാൽ ഞാൻ ചോദിക്കട്ടെ പോപ്പിന് ശേഷം നിങ്ങൾക്കെന്താകാൻ കഴിയും?" "എന്ത്! പോപ്പിന് ശേഷം എന്ന ഒന്നില്ല. പോപ്പ് ദൈവത്തിന്റെ ഭൂമിയിലെ പുരോഹിതനാണ്" "അപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ച് എന്ത് പറയുന്നു"

"അത് ദൈവനിന്ദയാണ് ആർക്കും യേശുവാകാൻ സാധ്യമല്ല"

"ആർക്കും യേശുവാകാൻ സാധ്യമല്ല....!"

യേശുവാകുക എന്നത് പൂർണ്ണമായൊരു അവബോധത്തിലേക്ക് വരിക എന്നതാണ്. അവബോധമില്ലാത്തവർ പദവികളിൽ വീണുപോകും. അവർ യെരുശലേം ദേവാലയ ഗോപുര മുകളിൽ നിൽക്കും. സർവ്വതിന്റെയും അധികാരി ഞാനാണെന്ന് പറയും. പക്ഷേ അവരുടെ മുമ്പിൽ ചില കാലുകൾ കുമ്പിടീയ്ക്കലിനു വേണ്ടി കാത്തുനിൽപ്പുണ്ടാകും.

ഗോപുര മുകളിൽ നിന്ന് ഇടയൻ ഇറങ്ങി നടന്നു. ആ കാലുകൾ കണ്ണിലുടക്കാതെ, ഗലീലാ കടൽത്തീരത്തുകൂടെ അയാൾ അതിവേഗം പോകുകയാണ്. എന്തൊക്കെയോ മന്ത്രിക്കുന്നുമുണ്ട്.

"എനിക്ക് മോൺസിഞ്ഞോറാവണ്ട... ആർച്ച് ബിഷപ്പാകണ്ട... കർദിനാളാവണ്ട... പോപ്പുമാകണ്ട...."

മറ്റൊരാൾ നിഴൽപോലെ പിന്തുടർന്ന് ചോദിച്ചു. അങ്ങെവിടേയ്ക്ക് ...?

"ഞാൻ ഉപേക്ഷിച്ചതെല്ലാം ഏറ്റെടുത്ത് സ്തുതിപാടുന്നവർക്കു വേണ്ടി വീണ്ടും കുരിശിക്കപ്പെടാൻ കാൽവരിയിലേക്ക്".

**"ഞാനാകാനാളില്ലാത്തിടത്ത് ഞാനെന്തിന്?"**


E-mail: fr.thirumangalam@gmail.com



# LETTERS TO THE EDITOR

## ഉള്ളടക്കം

മലങ്കരസഭാ മാസികയുടെ നിലവാരം സാമാന്യം ഭേദപ്പെട്ട നിലയിലാണ്. സഭാചരിത്രപഠനത്തെപ്പറ്റി എല്ലാ ലക്കത്തിലും ഒരു പ്രത്യേക പംക്തി വേണം. സാമൂഹ്യ-സാംസ്ക്കാരിക സമുദായ നേതാക്കന്മാരെ ഉൾപ്പെടുത്തി അഭിമുഖം തുടങ്ങുന്നത് മാസികയുടെ പ്രചാരം കൂട്ടാൻ ഉപകരിക്കും, സാധാരണക്കാരായ ഓർത്തഡോക്സ് വിശ്വാസികൾക്ക് ഉപകാരപ്രദവും, വിശ്വാസപഠനത്തിന് സഹായകരമായ രീതിയിൽ ലളിതമായ ഭാഷയിൽ കാര്യങ്ങൾ ക്രമീകരിച്ചാൽ നന്നായിരിക്കും.

**സന്ദീപ് എസ്. മാത്യൂസ്**

## ഗായക സംഘം

മലങ്കരസഭാ മാസികയിൽ അച്ചൻകുഞ്ഞു ആയൂർ എഴുതിയ 'ഗായകസംഘങ്ങൾ' എന്ന കത്തിനോടു ഞാനും യോജിക്കുന്നു. ഓർത്തഡോക്സ് സഭ കൂദാശകളുടെ രാജ്ഞി എന്നു വിശേഷിപ്പിക്കുന്ന വി. കുർബാനയുടെ ആത്മീയതയും പവിത്രതയും ഒരു പരിധിവരെ ഇല്ലാതാക്കുന്നതാണ് ഓർഗണിന്റെ ശബ്ദം. വി. കുർബാന ക്രമത്തിൽ ശുശ്രൂഷക്കാരുടെ ഭാഗങ്ങൾപോലും അവർക്ക് വായിക്കുവാനും പാടുവാനും അവസരം ലഭിക്കുന്നില്ല. എന്തിനാണ് വി. കുർബ്ബാനയ്ക്കു ഗായകസംഘം. വി. മദ്ബഹായിൽ നില്ക്കുന്ന ശുശ്രൂഷക്കാർ പ്രതിവാക്യങ്ങളുടെയും തുടക്കമിടുകയും ജനങ്ങൽ ഒന്നടക്കം അതു ഏറ്റു പാടുകയും പ്രതിവാക്യം പറയുകയും ചെയ്യുന്നതു അല്ലേ നല്ലത്. പ്രതിവാക്യങ്ങളും ആരാധനാ ഗീതങ്ങളും ഇടവക ജനങ്ങൾ ഒന്നിച്ചു പറയുന്നതും പാടുന്നതും അല്ലേ വി. കുർബാനയിൽ പങ്കെടുക്കുന്ന ഒരു വിശ്വാസി അനുഭവിക്കുന്ന ആത്മീയത. ഇടവകജനങ്ങൾ ഒന്നിച്ചു ഒരേ സ്വരത്തിൽ പാടുകയും പ്രതിവാക്യം പറയുകയും ചെയ്യുമ്പോൾ ഇടവക ഒന്നടക്കം വി. കുർബാനയിൽ പങ്കുകാരാകുന്നു. കർത്താവിന്റെ കഷ്ടാനുഭവം, മരണം, ഉയർപ്പ് ഇവയുടെ അനുസ്മരണം നടക്കുമ്പോൾ ധ്യാനത്തോടും ഭയഭക്തിയോടും "അൻപുടയോടനെ" പാടുന്ന സമയത്ത് ഓർഗണിന്റെ ശബ്ദം ഒട്ടും യോജിച്ചത് അല്ല. അച്ചൻകുഞ്ഞു ആയൂർ പറഞ്ഞതുപോലെ ബഹു. ചില വൈദീകർപോലും ഗായകസംഘങ്ങളുടെ ചട്ടുകങ്ങൾ ആകുന്നു. വളരെ ലളിതമായ ഈണങ്ങളാൽ മനോഹരങ്ങളായ പാട്ടുകളും പ്രതിവാക്യങ്ങളും കൊണ്ടു നമ്മുടെ ആരാധനയുടെ മകുടമായ വി. കുർബാനയെ ഭക്തിസാന്ദ്രമാക്കിക്കൂടെ! ഓർഗൺ ഉപയോഗിക്കാതെ ബഹു. വൈദീകനും ശുശ്രൂഷക്കാരും ഇടവക ജനങ്ങളും ഒന്നിച്ചു വി. കുർബാന അനുഷ്ഠിച്ചു കാണുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഓർത്തഡോക്സ് ആരാധനയ്ക്കു തനതായ ഒരു ആത്മീയ ശൈലിയുണ്ട്. അതിനെ പാശ്ചാത്യവൽക്കരിക്കരുതെ എന്നു അപേക്ഷിക്കുന്നു.

കൺവൻഷൻ പ്രസംഗങ്ങൾ പോലെയുള്ള വേദികളിൽ ഗായകസംഘത്തെ ഉൾപ്പെടുത്തുന്തനിൽ തെറ്റില്ല. പ്രാസംഗീകർക്കും ശ്രോതാക്കൾക്കും അതു ഒരുപോലെ അനുഭവവേദ്യമാകും.

**ലീലാമ്മ ജോർജ്, തിരുവല്ല.**

## വരും തലമുറകളെ മറക്കരുത്

മലങ്കര ഓർത്തഡോക്സ് സഭ 1960—ാം ആണ്ടും (എ.ഡി. 52-2012) കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളും (1912-2012)

ഈ രണ്ട് ആഘോഷങ്ങളും വളരെ വിപുലമായി ലോകം ആകമാനം ആഘോഷിക്കുകയാണല്ലോ? ഈ ആഘോഷങ്ങൾ എന്നും നിലനില്ക്കുവാനും പിൻതലമുറക്കും ഓർക്കുവാനും ലോകം നിലനില്ക്കുന്നിടത്തോളം ഓർത്തഡോക്സ് സഭയ്ക്കും അതിലെ വിശ്വാസികൽക്കും അഭിമാനിക്കുവാനും ഈ രണ്ടു ആഘോഷങ്ങളും വളരെ പ്രധാന്യം നല്കുന്നു. എല്ലാം ദൈവനാമ മഹത്വത്തിന് വേണ്ടി ആയിരിക്കണം എന്ന് മാത്രം.

ആഘോഷങ്ങൾ എപ്പോഴും ആനന്ദവും സന്തോഷവും നല്കുന്നതാണ്. ആത്മീക വളർച്ചയ്ക്കും ആവശ്യമാണ്. വിശ്വാസം ഉറപ്പിക്കുന്നതിനും നല്ലതാണ്. എന്നാൽ ആഘോഷങ്ങൾ കാലാന്തരത്തിൽ മാഞ്ഞുപോകും. എന്നാൽ സ്മാരകങ്ങൾ ലോകാന്ത്യത്തോളം നിലനില്ക്കും അത് പുതുതലമുറയ്ക്കും വിശ്വാസ ഉറപ്പിനും ഉതകുന്നതാകും ഈ ആഘോഷത്തോട് ഒപ്പം സ്ഥാപനങ്ങളും സ്മാരകങ്ങളും ഉണ്ടാകേണ്ടതും ആവശ്യമാണ്.

ഈ ആഘോഷങ്ങളും ഓർമ്മകളും എന്നും നിലനിർത്തുവാൻ ഒരുവൻ കർമ്മ പദ്ധതികളും കൂടി സഭാ തലത്തിൽ ലോകം മുഴുവനും നടപ്പാക്കേണ്ടിയിരിക്കുന്നു. സഭയുടെ ഒരു ഭദ്രാസനത്തിൽ ഒരു സ്ഥാപനം എന്ന കണക്കിൽ 5 വർഷം കൊണ്ട് പൂർത്തിയാക്കാവുന്നതും 5, 10 കോടി രൂപാ മുതൽ മുടക്കുവരുന്നതുമായ ഓരോ സ്ഥാപനം എല്ലാ ഭദ്രാസനത്തിലും നിർമ്മിച്ചു ഈ ആഘോഷവും ഓർമ്മകളും വരും തലമുറക്കും നിലനിർത്തുവാൻ സാധിക്കണം. ആയതിന് വേണ്ട തുക തുടർന്നുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ വക കൊള്ളിക്കണം. അഞ്ചു വർഷം കൊണ്ടു ഈ ആവശ്യത്തിലേക്ക് സഭക്കു 500 കോടി രൂപാ മുടക്കുവാൻ പ്രയാസം ഉണ്ടാകും എന്ന് ജനങ്ങളും വിശ്വാസികളും കരുതുന്നതും ഇല്ല. നല്ല പദ്ധതികൾ ആവിഷ്കരിക്കണം എന്ന് മാത്രം.

ഈ വർഷം പണി കഴിപ്പിക്കുന്ന സഭയുടെയും ഭദ്രാസനത്തിന്റെയും ഇടവകയുടെയും എല്ലാം സ്ഥാപനങ്ങൾക്കും ഈ ശതാബ്ദിയും 1960-ാം വാർഷികവും നിലനിർത്തുവാനുള്ള സ്മരണകൾ ആയിരിക്കണം അത് അരമനകൾ, ദയറാകൾ, പള്ളികൾ, ആശുപത്രികൾ, കോളേജുകൾ, സ്ക്കൂളുകൾ തുടങ്ങി സഭയിൽ എങ്ങും ഈ മെമ്മോറിയൽ സ്ഥാപനങ്ങൾ ആയിരിക്കുന്നത് ഉചിതവും എന്നും ഓർമ്മിപ്പിക്കാവുന്നതും ആയിത്തീരും വരും തലമുറയ്ക്കും അഭിമാനിക്കാൻ വകയായിത്തീരും.

**റ്റി.എസ്. തോമസ്,**
**കാനാവിൽ, പുനലൂർ**

## ശതാബ്ദി

കഴിഞ്ഞ ലക്കം മലങ്കരസഭാ മാസികയിൽ കാതോലിക്കേറ്റ് ശതാബ്ദിയെക്കുറിച്ച് നൽകിയ വിവരണങ്ങളും സമ്മേളനത്തെക്കുറിച്ചുള്ള പബ്ലിസിറ്റിയും അത്യധികം ആകർഷകവും, പ്രയോജനപ്രദവുമായിരുന്നു. മറൈൻ ഡ്രൈവിലെ സമ്മേളനം മലങ്കരസഭയുടെ യശഃസ്സുയർത്തുവാൻ പര്യാപ്തമായിരുന്നു.പ്രത്യേകമായ അഭിനന്ദനങ്ങൾ.

**ജോൺ മാത്യു, മുംബൈ**


വെങ്കലത്തിൽ (ബെൽ മെറ്റൽ)
നിർമ്മിക്കുന്ന പള്ളി മണികൾ,
പള്ളിയുടെ കൊടിമരം
(കോപ്പർ, ബ്രാസ്സ് No. 1 ക്വാളിറ്റിയിൽ)
വിളക്കുകൾ മുതലായവ...

**PHILIP VARGHESE**
**K.G. METAL STORES**
Koratty, Ambalam Jn. Mannar-689622,
Alappuzha Dist.
Ph: 0479-2312192, 2312392,
Mob. 9447463698



## THE PAAMBA KUDA PRAYER BOOK

Translated in Mangalish for outside born and brought up is being released by H.H. Baselios Marthoma Paulose II authored by Fr. Sam Oommen Panackamattom

## 1st Death Anniversary, 28-11-2012

St. George Orthodox Catholicate
Simhasanapally, Pallippad

സഭയുടെ സത്യവിശ്വാസത്തിൽ
അടിയുറച്ച 97 വർഷത്തെ
ജീവിതം കർത്താവിൽ അർപ്പിച്ച



**Aliyamma Chandy**
**Thoppil House**

Sorrowing Family

## 63rd WEDDING ANNIVERSARRY




### മറിയാമ്മ ചെറിയാൻ & ചാണ്ടി ചെറിയാൻ

### പന്ത്രണ്ടിൽ, കല്ലുങ്കൽ

63–ാമത് വിവാഹ വാർഷികം ആഘോഷിക്കുന്ന ഞങ്ങളുടെ അച്ചാച്ചനും, അമ്മാമ്മയ്ക്കും മക്കളുടെയും മരുമക്കളുടെയും, കൊച്ചുമക്കളുടെയും

പ്രാർത്ഥനാശംസകൾ.

## WEDDING നവദമ്പതികൾ



കാർത്തികപ്പള്ളി പനച്ചമൂട്ടിൽ പി. ചെറിയാൻ ജോണിന്റെയും, മേരി ചെറിയാന്റെയും മകൻ വർഗീസ് ചെറിയാനും (ലിജു) (പ്രൊഡക്ഷൻ എൻജിനീയർ, ലാംപ്രെൽ എനർജി ലിമിറ്റഡ്, ഷാർജ, കടവന്ത്ര കാഞ്ഞിരത്തിൽ റ്റോംസ് കെ. ഡേവിഡിന്റെയും (സീനിയർ മാനേജർ, മനോരമ, കൊച്ചി) മോളിക്കുട്ടി റ്റോംസിന്റെയും മകൾ ലിയയും കാർത്തികപ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ വിവാഹിതരായി.



President Barack Obama visited Staten Island, New York on November 15, 2012 to access the damage Hurricane Sandy left in its path. The President made some brief remarks in front of St. George Orthodox Church of Staten Island.
President Obama comforted the families who lost their homes due to the devastation of this super storm. He also briefly met with Rev. Fr. Alex K. Joy and some parishioners to offer his comfort and share his grief over the damage to the Church.

## യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി



യുവജന പ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറിയായി തണ്ണിത്തോട് സെന്റ് ആന്റണീസ് ആശ്രമാംഗമായ ഫാ. പി. വൈ. ജെസനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.
ഫാ. പി. വൈ. ജെസൻ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദവും ബാംഗ്ലൂർ ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിട്യൂട്ടിൽ നിന്നും പൗരസ്ത്യ വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ മുൻ നിർത്തി സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ 2007-ലെ മികച്ച സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

## തെരഞ്ഞെടുത്തു



കൊട്ടാരക്കര-പുനലൂർ ഭദ്രാസന സെക്രട്ടറിയായി ഫാ. ഫിലിപ്പ് മാത്യു അമ്പലത്തുംകാലായെ മെത്രാസന യോഗം തെരഞ്ഞെടുത്തു. അമ്പലത്തുംകാലാ സെന്റ് ജോർജ് ഇടവകാംഗമാണ്. കൗൺസിൽ അംഗങ്ങളായി ഫാ. ജി. കോശി ഒറ്റപ്ലാമൂട്ടിൽ, ഫാ. കോശി ജോൺ കലയപുരം, മാത്യു വർഗീസ്, കെ. ജി. റോയി, ഒ. അച്ചൻകുഞ്ഞ്, അഡ്വ. അലക്സാണ്ടർ ജോർജ് എന്നിവരെയും തെരഞ്ഞെടുത്തു.

## കോ – ഓർഡിനേറ്റർ



കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ കോ-ഓർഡിനേറ്ററായി ഓഫീസ് ചുമതല നിർവ്വഹിച്ച ഫാ. അശ്വിൻ ഫെർണാണ്ടസ്. മുംബൈ സ്വദേശിയായ ഇദ്ദേഹം ചിത്രകലയിൽ ഉന്നതപഠനങ്ങൾ വിദേശരാജ്യങ്ങളിൽ നടത്തിയിട്ടുണ്ട്. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചു വരുന്ന സന്യസ്ത വൈദികനാണ് ഫാ. അശ്വിൻ.


## നിര്യാതനായി



നാലാഞ്ചിറ സെന്റ് മേരീസ് പള്ളിയിലെ മലങ്കരസഭ മാസികയുടെ പ്രമോട്ടർ വൈ. ഫിലിപ്പോസ് നിര്യാതനായി. ഇടവക ശുശ്രൂഷകനുമായിരുന്നു.
ഡെപ്യൂട്ടി സ്പീക്കർ എൻ. ശക്തന്റെ വാഹനം ഇടിച്ച് ചികിത്സയിലായിരുന്നു ഫിലിപ്പോസ്.



മർത്തമറിയം സമാജം കേന്ദ്ര സമ്മേളനം സുൽത്താൻ ബത്തേരിയിൽ മന്ത്രി ജയലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു. ഫാ. മാത്യു വർഗീസ്, യൂഹാനോൻ മാർ തേവോദോറോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, പ്രൊഫ. മേരി മാത്യു എന്നിവർ സമീപം.



പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ഉത്തമനായ അജപാലകനും സുവിശേഷ പ്രാസംഗികനും ഗ്രന്ഥകാരനും ദിവ്യബോധനം അധ്യാപകനുമായ സാം കാഞ്ഞിക്കലച്ചന് അന്തർദ്ദേശീയ മർത്തമറിയം തീർത്ഥാടന കേന്ദ്രമായ ആലഞ്ചേരി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെ ഒരായിരം ആശംസകൾ.
Advt.



ദേവലോകത്തു നടത്തിയ മലങ്കരസഭാ മാസികയുടെ പ്രൊമോട്ടേഴ്സ് മീറ്റിൽ പങ്കെടുത്തവർ മാനേജിംഗ് എഡിറ്റർ ഫാ. തോമസ് പി. മുകളിൽ, സർക്കുലേഷൻ ഇൻ-ചാർജ് ഡീ. ഏബ്രഹാം ജോൺ എന്നിവർക്കൊപ്പം.

# പിൻമൊഴി

## കുരങ്ങൻ കണ്ണുപൊത്തിയാൽ ചരിത്രമിരുളുമോ...?

ആരാധ്യയായ ഒരു മേയർ മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു സദസ്സിൽ താൻ വത്തിക്കാനിൽ പോയത് സംബന്ധിച്ച് കുറെയേറെ വർണ്ണിക്കുന്നത് കേൾക്കാനിടയായി. ഒടുവിൽ ഐക്യദീപത്തിന്റെ തരംതാണ പിൻകുറിപ്പും കണ്ടു.

ആരാധ്യയായ മേയർ അറിഞ്ഞിരിക്കാൻ ഒരല്പം ചരിത്രം. മലങ്കരറീത്ത് സഭ 1930-ൽ ഉണ്ടായ ഒരു പ്രസ്ഥാനമാണെന്ന് പറയാൻ ഇനിയും ലജ്ജിക്കരുത്. ഇൻഡോ-സ്വിസ് പ്രോജക്ടിന്റെ തൊഴുത്തിൽ കെട്ടിയ ഒരു നാടൻ കിടാവിന്റെ എല്ലാ വിമ്മിഷ്ടങ്ങളും അന്നുമുതൽ അവർ അനുഭവിക്കുന്നുണ്ട്. താഴ്‌വരയിലെ തൊഴുത്തിൽ നിറയെ മച്ചിപ്പശുക്കളാണെന്നും അവിടെ പേറ് നടക്കില്ലെന്നും അങ്ങേയറ്റത്തെ ഭാഷയിൽ അധിക്ഷേപിച്ചേക്കാം. വത്തിക്കാന്റെ രാഷ്ട്രപദവിയിലുള്ള ഊറ്റമാകാം അല്ലെങ്കിൽ ഭൂപ്രഭുത്വത്തിന്റെയും സ്ഥാപന ശൃംഖലകളുടെയും അഹന്തയുമാകാം. അതാണല്ലോ വലുത്. തമിഴ് ചുവയുള്ളവരെ മാറ്റി നിർത്തി ഒരു കണക്കെടുത്താൽ പോലും സ്വർണ്ണക്കട്ടികളുടെ മറുതട്ടിൽ ജനസംഖ്യ കൂടിയിട്ട് എന്തു കാര്യം! പോർട്ടുഗലിൽ നിന്നും സ്പെയിനിൽ നിന്നും പണ്ട് വന്ന പദ്രാദോകളും, പ്രൊപ്പഗാന്റകളുമൊക്കെ നശൂർണമായിട്ടില്ലെന്ന് ഇപ്പോൾ തെളിവായിക്കിട്ടി. കൂനൻ കുരിശിൽ കയറുകെട്ടി പ്രതിജ്ഞ ചെയ്തവരിൽ പ്രപിതാമഹന്മാർ ഉൾപ്പെട്ടിട്ടില്ലെന്ന് ആദ്യം ഉറപ്പാക്കണം; ജസ്യൂത്തരെന്നും കർമ്മലീത്തരുമെന്നൊക്കെ ഭംഗിവാക്കു പറയുന്നതിന് മുമ്പ്. നാട്ടു വൈദികരെ കൊല ചെയ്യിച്ച സംഭവങ്ങളുണ്ടെന്ന് മലയാളത്തിലെ ആദ്യ കാല ഗദ്യ കൃതികളിലൊന്നായ വർത്തമാന പുസ്തകത്തിൽ ഒരു പാതിരി വിവരിക്കുന്നുണ്ട്... (വർത്തമാനപ്പുസ്തകം, പാറേമ്മാക്കൽ ഗോവർണദോർ അദ്ധ്യായം-4) പഴയതു മറക്കാനും വെളുക്കെ ചിരിക്കാനും വഴി നീളെ വിതറാനുമുണ്ടെങ്കിൽ അനുസാരികൾക്കെന്തു പഞ്ഞം. വാനോളം പറഞ്ഞീടും, വാർത്തകൾ പരത്തീടും. മലങ്കരസഭയുടെ 1960-ാം ആഘോഷങ്ങൾ കുരങ്ങന്റെ ആട്ടത്തിനു സമമായി തോന്നുന്നുവെങ്കിൽ, മറക്കരുത് മലങ്കരസഭ നിങ്ങളുടെ അമ്മയാണ്. പണ്ടൊരു മഹാൻ പറഞ്ഞതുപോലെ അമ്മയെ വിവസ്ത്രയാക്കി ആസ്വദക്കുന്ന ശീലമാണിത്. ഈ ലോകം നിങ്ങളുടേതാണ്.

ഒരു പാവപ്പെട്ട സഭയാണ് ഞങ്ങളുടെ മലങ്കരസഭ. ആഗ്രഹിക്കുന്നവർക്ക് പാൽപ്പൊടിയും, വീടും, നിയമനവും, മറ്റു തസ്തികകളൊന്നും നൽകാനില്ലാത്ത സഭ. ഒരുപാടു മുറിവുകളും ക്ഷതങ്ങളുമേറ്റ ഒരു സമൂഹം. അതിന്റെ നാഥനായ ക്രിസ്തുവിനെ വീണ്ടും തീവ്രമായി പ്രണയിക്കുകയാണ്. ദുശ്ശാഠ്യമുള്ള പശുക്കിടാവാണെങ്കിലും തൊഴുത്തേതെന്ന കാര്യത്തിൽ അതിനു സംശയങ്ങളില്ല. പഞ്ഞവും പരിവട്ടവും കണ്ട മലങ്കരസഭാ പിതാക്കന്മാർ വി. തോമാശ്ലീഹായുടെ പിൻമുറക്കാരായി 1930-നു മുമ്പും ഉണ്ടായിരുന്നുവെന്ന ചരിത്രങ്ങൾ എഴുതി വച്ചുകൊൾക; കവർന്നെടുക്കരുത്. അതിനുശേഷം ഇത് 1960-ാം വർഷം. ഇതാഘോഷിക്കാൻ അഭിമാനികളായ മറ്റാർക്കാണ് യോഗ്യത.?

മോർ ഈവാനിയോസിനെ ഞങ്ങൾക്ക് ബഹുമാനമാണ്. മരണക്കിടക്കയിൽ വച്ച് തിരിച്ചറിവുണ്ടായ മഹാൻ. അനുചരരെക്കൊണ്ട് പ്രാർത്ഥിപ്പിക്കാതെ അവസാന നിമിഷങ്ങളിൽ പാവപ്പെട്ട ഞങ്ങളുടെ പാറേട്ട് തിരുമേനിയോട് ഏറ്റു പറഞ്ഞ് കുമ്പസാരിച്ച്, തലയിൽ ബലമായി പിടിപ്പിച്ച് പ്രാർത്ഥിച്ച ആചാര്യൻ. ഇനി മേലാൽ ഈ പവിത്ര സമൂഹത്തെ മുറിവേല്പിക്കാൻ നിങ്ങൾ മുനയൊടിഞ്ഞ തൂലിക ചലിപ്പിക്കരുത്.

മുണ്ടൻമലയിൽ നിന്നും പടിയിറങ്ങിയപ്പോൾ വെറും കൈയ്യോടെ പോയെന്ന് ചില എഴുത്തുകളിൽ കണ്ടു. ബർമ, സിലോൺ, അപ്പോസ്തോലിക് ഡെലിഗേറ്റിന് 20-7-1934-ൽ ബഥനി സുപ്പീരിയറായ ഫാ. അലക്സിയോസ് ഒ.ഐ.സി. തിരുവിതാംകൂറിൽ നിന്നുമയച്ച കത്തു കാണുക. കൂടെ കൊണ്ടുപോയ വസ്തുക്കളുടെ ഒരു നീണ്ട ലിസ്റ്റും, കുറെ വ്യവഹാരങ്ങളും കാണാം. പോയതിന്റെ ശേഷം ശതകോടി സമ്പാദിച്ചിരിക്കണം, പക്ഷേ, കൊണ്ടുപോയി എന്ന സത്യം എന്തിനു മറച്ചുവയ്ക്കണം.?

മലങ്കര മെത്രാപ്പോലീത്തായുടെ ഉടമസ്ഥതയിലുള്ള മുണ്ടൻമലയിലെ കട്ടിലിനുമുമ്പിൽ കുമ്പിട്ടു തൊഴാൻ ഇനിയും വരണം. മലങ്കര മെത്രാപ്പോലീത്താ വിലക്കാത്തിടത്തോളം കാലം.

**ഗുണിതം:** വിശിഷ്ടാതിഥികളെ പൊതു പരിപാടികളിൽ ക്ഷണിക്കുമ്പോൾ ഏതു സദസ്സിലേക്കാണ് തങ്ങൾ ക്ഷണിക്കപ്പെടുന്നതെന്ന് ദയവായി പറഞ്ഞുകൊടുക്കണം. അല്ലെങ്കിൽ ആരുടെ പരിപാടിക്കാണ് തങ്ങൾ കടന്നുചെല്ലുന്നതെന്ന് രാഷ്ട്രീയ നേതാക്കൾക്കും ഒരു നിശ്ചയമുണ്ടാകണം. പണ്ടൊരു മന്ത്രി കർക്കിടവാവിനു പോയി കർക്കിടകക്കഞ്ഞിയെപ്പറ്റി പ്രസംഗിച്ചു പോൽ... കാർക്കോടകൻ എന്നല്ലാതെ എന്തു പറയാൻ!

*- ഫാ. മുകളിൽ*

